
LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2018 മെയ് വാല്യം 3 ലക്കം 5

When He had called the people
to Himself, with His disciples also,
He said to them,
"Whoever desires to come after Me,
let him deny himself,
and take up his cross,
and follow Me. (Mark 8:34)



## യഥാർത്ഥ ശിഷ്യത്വം

ദേവസ്യാ മുല്ലക്കര സാർ



# ഫാഷൻ വിശ്വാസം

ദേവസ്യാ മുല്ലക്കരസാർ

എഡിറ്റോറിയൽ

ദൈവം പറയുന്ന വാക്ക് അഥവാ ദൈവവചനം നാം അതേപടി സ്വീകരിക്കണം. അബ്രഹാം അങ്ങനെ സ്വീകരിച്ചു. അബ്രഹാമിന്റെ വിശ്വാസം നീതിയായി ദൈവം കണക്കിട്ടു (ഗലാ.3:6-9). പരിച്ഛേദന ഉൾപ്പെടെ മറ്റൊരു പ്രവൃത്തിയും ഈ നീതീകരണത്തിന് കാരണമല്ല (ഉല്പ.15:6, റോമ.4:6). വിശ്വാസം മാത്രമാണ് നീതീകരണത്തിന് ആധാരം. നീതിപ്രവൃത്തികൾ ഒരിയ്ക്കലും ഒരുവനെ വിശ്വാസിയാക്കുന്നില്ല. പക്ഷേ വിശ്വാസി നീതിപ്രവൃത്തികൾ ചെയ്യുക തന്നെ വേണം.

ഒട്ടും നീതിമാനല്ലാതിരുന്ന അബ്രഹാം ദൈവവചനത്തിൽ വിശ്വസിച്ചു എന്ന ഒറ്റക്കാരണത്താൽ യഥാർത്ഥ നീതിമാനായിത്തീർന്നു. ഇന്ന്, യേശുക്രിസ്തുവിന്റെ പീഢാസഹനം. ക്രൂശുമരണം, ഉത്ഥാനം, പരിശുദ്ധാത്മ പ്രേഷണം, വീണ്ടുംവരവ് എന്നീ രക്ഷണ്യ പ്രവൃത്തികളിൽ ആര് വിശ്വസിച്ച് ആശ്രയിക്കുന്നുവോ അവന് 1. പാപമോചനം. 2. കൃപാജീവിതം. 3. ശാപവിമോചനം. 4. അഭിഷേകം. 5. നിത്യത എന്നിവയെല്ലാം, വിശ്വസിക്കുക എന്ന ഒറ്റക്കാരണത്താൽ ലഭിയ്ക്കുകയും അവൻ നീതീകരിക്കപ്പെടുകയും ചെയ്യും.

കർത്താവിന്റെ, ക്രൂശിന്മേൽ തൂങ്ങിയുള്ള ശാപമരണം, പാപരിഹാരാർത്ഥം, പാപിയ്ക്കുവേണ്ടിയുള്ളതാകയാൽ ആ മരണത്തിൽ വിശ്വസിച്ചാശ്രയിക്കുന്നവൻ കർത്താവിന്റെ രക്തത്താൽ വിലയ്ക്ക് വാങ്ങപ്പെടുകയും അതിവിശുദ്ധനായിത്തീരുകയും ചെയ്യും.

പുതിയനിയമം കൃപയുടെ നിയമമാണ്. പഴയനിയമവും പുതിയനിയമവും ഒരിയ്ക്കലും കൂട്ടിക്കുഴയ്ക്കരുത്. പുതിയനിമയത്തിലെ ലേഖനങ്ങൾ നാം ആഴത്തിൽ പഠിക്കണം. അപ്പോൾ മനസ്സിലാകും യഥാർത്ഥ വിശ്വാസികൾക്ക് ശാപങ്ങൾ ഫലിയ്ക്കുകയില്ലെന്ന്. ന്യായപ്രമാണത്തിന്റെ കീഴിലെ ശാപത്തെപ്പറ്റി ഗലാത്യലേഖനം 3-ൽ 10 മുതൽ 13 വരെ പ്രതിപാദിക്കുമ്പോൾ ക്രിസ്തു നമുക്കുവേണ്ടി ക്രൂശിതമരണത്തിലെ ശാപം അനുഭവിച്ചതുകൊണ്ട്, അത്ര ശ്രേഷ്ഠമായിരുന്നു ക്രൂശിതമരണം എന്ന സത്യം, എന്ന് വിശ്വസിക്കുന്നവർക്ക് ശാപം ഒരിയ്ക്കലും ഉണ്ടാവുകയില്ലെന്ന് നാം വായിക്കുന്നു. പക്ഷേ അത്ര ശ്രേഷ്ഠമായി വിശ്വസിക്കാത്തവർ അവരുടെ മാനസാന്തരകുറവിന്റെയും, വീണ്ടും ജനനത്തിന്റെയും, വിശ്വാസവിശുദ്ധചിന്ത യുടെയും, അപര്യാപ്തതയാൽ, ഉണ്ടാകുന്ന തെറ്റായ "ഫാഷൻ വിശ്വാസ"ത്താൽ സ്വയം പരാജയപ്പെട്ടേക്കാം. അത്തരക്കാരെക്കുറിച്ച്, നിങ്ങൾക്ക് ശാപങ്ങൾ ഉണ്ടായേക്കാമെന്ന് വചനപണ്ഡിതന്മാർ പറയാറുണ്ട്. അപ്പോൾ അതിലെ വ്യത്യാസം മനസ്സിലാക്കാത്തവർ അസ്വസ്ഥരായേക്കും.

നമ്മുടെ വിശ്വാസം ഒരിക്കലും ഫാഷനാകരുത്. നമ്മുടെ ഭക്തി കപടഭക്തിയാകരുത്. യഥാർത്ഥസഭയെയും യഥാർത്ഥസഭാ അധികാരികളെയും, മറ്റുള്ളവർ പ്രേരിപ്പിക്കുന്നതുകൊണ്ടോ സ്വന്തം ധിക്കാരംകൊണ്ടോ, ഉപദ്രവിക്കുവാനിടയായവർ കൂടുതൽ അനുതപിക്കണം. കൂടുതൽ വിശുദ്ധിയെ പ്രാപിക്കണം. സഭയോടും സഭാ അധികാരികളോടും മാപ്പ് ചോദിച്ച് വാങ്ങണം.

"എന്റെ അഭിഷിക്തനെ തൊടരുത്, എന്റെ പ്രവാചകന്മാർക്ക് ഒരു ദോഷവും ചെയ്യരുത്" (സങ്കീ.105:15).



# യഥാർത്ഥ ശിഷ്യത്വം

ദേവസ്യാ മുല്ലക്കരസാർ

ക്രിസ്തുവിന്റെ ശിഷ്യത്വം എന്ന വാക്ക് അതിപുരാതനമായ ഒന്നാണ്. യേശുവിനെ പിന്തുടരുവാൻ ശ്രമിക്കുന്നവർക്ക് ക്രിസ്തുശിഷ്യത്വം എന്നത് ഒരാചാരമല്ല. ക്രിസ്തുവിന്റെ അനുയായിയാകുവാൻ എട്ടുപത്ത് വർഷങ്ങളുടെ സെമിനാരി വിദ്യാഭ്യാസവും തുടർന്നുള്ള സംഗീതോപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് പ്രർത്ഥനയ്ക്ക് നേതൃത്വം കൊടുക്കുവാനുള്ള റിഹേഴ്സൽ ജീവിതവുമല്ല ആവശ്യം. ക്രിസ്തുശിഷ്യന്മാർ എന്ന് ഭാവിക്കുന്നവർ സേവനോത്സുകതയോടുകൂടിയാണോ കാര്യങ്ങൾ കൊണ്ടുപോവുന്നത്? നാം ആലോചിക്കേണ്ടിയിരിക്കുന്നു. പത്രോസ്, തോമസ് തുടങ്ങിയ ക്രിസ്തുശിഷ്യന്മാർക്ക് ഉണ്ടായിരുന്ന, മരിക്കാൻപോലും മടിയില്ലാത്ത, ആ ഒരു വിശുദ്ധപാരമ്പര്യം ഇന്നുള്ളവരിൽ കാണുന്നുണ്ടോ? ക്രിസ്തുശിഷ്യത്വം നഷ്ടപ്പെട്ട, ക്രിസ്റ്റ്യാനിറ്റിയുടെ മുഖം കണ്ടുകൊണ്ട് മഹാത്മജി പറഞ്ഞത് എന്താണെന്ന് അറിയാത്തവർ ഒരുപക്ഷേ കാണുകയില്ല. അദ്ദേഹം ക്രിസ്തുവിനെ ഇഷ്ടപ്പെടുകയും ക്രിസ്റ്റ്യാനിറ്റിയിൽ നിന്ന് അകലുകയും ചെയ്തു എന്നതാണ് സത്യം.

ക്രിസ്തുവിന് ശിഷ്യപ്പെടുക എന്നത് അപ്പൊസ്തലന്മാർക്ക് ഒരു സാധനയായിരുന്നു; ഒരു തപസ്സായിരുന്നു. ജീവിച്ചുകാണിച്ചു കൊടുത്തുകൊണ്ട് അവരുടെ ഗുരുവായിത്തീരുക എന്നത് ക്രിസ്തുവിന്റെ മഹത്വവും ആയിരുന്നു. കുരിശും സമർപ്പണവും ആയിരുന്നു, ക്രിസ്തുവിന്റെയും അപ്പൊസ്തലന്മാരുടെയും മുഖമുദ്ര. ഇന്ന്, ഇവ ഒരു കടങ്കഥയായി മാറിയോ?

ക്രിസ്തുവിനെ കണ്ടുകൊണ്ടും അനുഭവിച്ചു കൊണ്ടും അന്ന് ശിഷ്യന്മാർ നടന്നു. അത് അവർക്ക് എളുപ്പമായിരുന്നു. ഇന്ന് ക്രിസ്തുവിനെ കാണാതെ അവനിൽ വിശ്വസിച്ചുകൊണ്ടുവേണം ശിഷ്യന്മാർ നടക്കാൻ. ക്രിസ്തുവിന്റെ സഭയിൽ ശിഷ്യത്വ-അംഗത്വം എടുക്കണം. വെറും അംഗത്വംകൊണ്ട് ശിഷ്യത്വം ലഭിക്കണമെന്നില്ല. ശിഷ്യനെന്നു പറഞ്ഞാൽ, ഒരു ക്ലബിലെ അംഗമാക ണമെങ്കിൽ അതിന്റെ മീറ്റിംഗുകളിൽ സംബന്ധിക്കണമെന്ന തുപോലെയും, നിയമാവലി അനുസരിച്ച് ഫീസ് അടയ്ക്കുന്നതുപോലെയുമുള്ള അംഗത്വം അല്ല, ഇവിടെ ഉദ്ദേശിക്കുന്നത്. കാണാമറയത്തിരിക്കുന്ന ആദർശസുഭഗനായ ഒരു ഗുരുവിന്റെ ജീവിതത്തെ പഠിച്ച് അവതരിപ്പിക്കുന്ന തിനുള്ള ഒരു തപസ്സാണ് ഇവിടെ ഉദ്ദേശിക്കുന്നത്. തന്റെ

## CONTENTS


എഡിറ്റോറിയൽ.......................................................................2

യഥാർത്ഥ ശിഷ്യത്വം..........................................3-12,14-24,26-28

ബുദ്ധിയില്ലാത്ത കന്യകമാർ.........................................25,28-33

വാർത്തകൾ .........................................................................35

# യഥാർത്ഥ ശിഷ്യത്വം

## ദേവസ്യാ മുല്ലക്കരസാർ

ഗുരുവിനെ അറിയുക എന്നതാണ് ശിഷ്യന്റെ ആദ്യത്തെ ജോലി. അറിയാനുള്ള മാർഗ്ഗം രണ്ടാണ്.

1. വിശുദ്ധവചനങ്ങളിലൂടെ. 2. പരിശുദ്ധാത്മാവിലൂടെ.

ഇവിടെ ആദ്യത്തേത് നേടുവാൻ ദൈവവചനം ശാന്തമായിരുന്ന് ചെവി കൊടുത്ത് പഠിയ്ക്കണം. ദൈവവചനം അകത്ത് മുഴങ്ങി കേൾക്കണമെങ്കിൽ നമ്മുടെ മനസ്സും കാതും നാവും നിശബ്ദതയുമായി ഒത്തിരി പൊരുത്തപ്പെടണം. അതായത്, മാനസാന്തരപ്പെട്ടാൽ മാത്രമേ ദൈവവചനം കേട്ടതിന്റെ മെച്ചങ്ങൾ കിട്ടുകയുള്ളൂ. ക്രിസ്തുവിൽ ഒരുവൻ വീണ്ടുംജനിക്കണം (യോഹ.3:5). വീണ്ടുംജനിക്കുമ്പോൾ നമ്മുടെ ആന്തരികശക്തികൾ പൂർണ്ണനിശബ്ദതയിലാകും. അതിർത്തികളിൽ യുദ്ധം നടക്കുമ്പോൾ പട്ടാളക്കാരൻ ബഹളമില്ലാതെ കാര്യങ്ങൾ പഠിയ്ക്കുന്നതുപോലെ, നിശബ്ദതയോടെ നിരീക്ഷണം നടത്തുന്നതുപോലെ, സാത്താനെയും പാപത്തെയും ലോകത്തെയും പരാജയപ്പെടുത്താൻ ശ്രമിക്കുന്ന ക്രിസ്തുശിഷ്യൻ അങ്ങേയറ്റം ആഭ്യന്തര നിശബ്ദത പാലിക്കുന്നവനാകണം.

ക്രിസ്തുവിന്റെ രക്തത്താൽ മാത്രമാണ് പാപിയ്ക്ക് പാപമോചനം എന്നിരിക്കെ, ശുദ്ധീകരണം കണ്ടെത്താതെ പാപത്തെ നീതീകരിക്കുന്നു എന്നു കരുതുന്ന കുമ്പസാരം, കുർബ്ബാന തുടങ്ങിയ വിലയേറിയതല്ലാത്ത അനുഗ്രഹങ്ങളെ സ്വായത്തമാക്കാൻ ശ്രമിക്കുന്ന ഒരു പാരമ്പര്യവിശ്വാസിക്ക് ഒരിയ്ക്കലും ഒരു ക്രിസ്തുശിഷ്യനാകാൻ കഴിയുകയില്ല. കുരിശിനെയും ക്രിസ്തുവിനെയും കൂടാതെയുള്ള ശിഷ്യത്വം നിലനിൽക്കുകയില്ല. വയലിൽ ഒളിഞ്ഞിരിക്കുന്ന നിധി, തനിക്കുള്ളതെല്ലാം വിറ്റുവാങ്ങുന്നതുപോലെ, തങ്ങളുടെ വലകളെല്ലാം ഉപേക്ഷിച്ച് അപ്പൊസ്തലന്മാർ ക്രിസ്തുവിനെ പിന്തുടർന്നപ്പോൾ, അവർ, നിരന്തരം അന്വേഷിക്കേണ്ട സുവിശേഷം തേടിയാണ് ഇറങ്ങിയത്. അവർ പാപത്തെയും ലോകത്തെയും ഉപേക്ഷിച്ച് ജീവിതം മുഴുവൻ ക്രിസ്തുവിനായ് സമർപ്പിക്കുകയായിരുന്നു. ദൈവപിതാവ് തന്റെ പുത്രന്റെ മരണംമൂലം സംലഭ്യമാക്കിയ വിലയേറിയ കൃപ കണ്ടെത്തുവാൻ അപ്പൊസ്തലന്മാർ ഒരുദിവസംപോലും പിന്നോട്ട് നോക്കിയതേയില്ല. സമ്പൂർണ്ണ അനുസരണമായിരുന്നു അവർക്കുണ്ടായിരുന്ന മുഖമുദ്ര. മർക്കോ.2:14-ൽ ലേവിയെ കണ്ട് യേശു അവനോട് "എന്നെ അനുഗമിക്ക" എന്ന് മാത്രം പറഞ്ഞു. ചുങ്കസ്ഥലത്തുവെച്ചാണ് ലേവി എന്ന ഈ മത്തായിയെ യേശു കാണുന്നത്. ചുങ്കം പിരിവ് കഴിയുമ്പോൾ താങ്കളെ കാണുവാൻ എനിക്കൊരു അപ്പോയിന്റ്മെന്റ് തരണം എന്നൊന്നും യേശു പറഞ്ഞില്ല. എന്നെ അനുഗമിക്ക എന്ന് മാത്രം പറയുകയായിരുന്നു. "അവൻ എഴുന്നേറ്റ് അവനെ അനുഗമിച്ചു".

പത്രൊസിനെയും അന്ത്രയോസിനെയും കണ്ട് "എന്റെ പിന്നാലെ വരുവിൻ. ഞാൻ നിങ്ങളെ മനുഷ്യരെ പിടിയ്ക്കുന്നവരാക്കും" എന്ന് യേശു അവരോട് പറഞ്ഞു (മത്താ.4:19). എല്ലാവരും വിളിക്ക് സമ്പൂർണ്ണ അനുസരണം മറുപടിയായി കൊടുത്തു. എന്നാൽ മർക്കോ.10-ലെ ധനികനായ മനുഷ്യനോട് യേശു ഇങ്ങനെ പറഞ്ഞു: "ഒരു കുറവ് നിനക്കുണ്ട്; നീ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക; എന്നാൽ നിനക്ക് സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്ക" (മർക്കോ.10:21). ധനികനായ യുവാവ് നല്ലവനായിരുന്നെങ്കിലും അവന് സമ്പത്ത് ഉപേക്ഷിക്കുവാൻ മനസ്സില്ലാത്തതുകൊണ്ട് "ദു:ഖിതനായി പൊയ്ക്കളഞ്ഞു" (മർക്കോ.10:22). ക്രിസ്തുശിഷ്യന് രണ്ടേരണ്ട് സാധ്യതകളേയുള്ളൂ. (1) എല്ലാം ഉപേക്ഷിച്ചും മറന്നും ക്രിസ്തുവിനെ അനുഗമിക്കുക. (2) അനുഗമിക്കുവാനുള്ള ക്ഷണം നിരസിക്കുക. നാം ഒരു യഥാർത്ഥ ക്രിസ്ത്യാനിയാകുമ്പോൾ അറിയാതെ ഒരു ക്രിസ്തുശിഷ്യനായി കഴിഞ്ഞിരിക്കും. ദൈവവചനശ്രവണം എന്നതിന്റെ മുമ്പിൽ ശിഷ്യപ്പെടുക എന്നതിനേക്കാളുപരിയായി പാരമ്പര്യങ്ങളേയൊ ആചാരങ്ങളേയൊ അനുഷ്ഠാനങ്ങളേയൊ


## പ്രിയ വായനക്കാരോട് സ്നേഹപൂർവ്വം

**ആത്മാഭിഷേകം മാസികയുടെ വരിസംഖ്യ പുതുക്കാത്ത വായനക്കാർ അത് മണി ഓർഡർ ആയോ ബാങ്ക് വഴിയോ അയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ... Rs.300 ഇന്ത്യയ്ക്കകത്ത്, Rs.2500 ഇന്ത്യയ്ക്ക് വെളിയിൽ.**

# യഥാർത്ഥ ശിഷ്യത്വം

ദേവസ്യാ മുല്ലക്കരസാർ

വെച്ചുപൊറുപ്പിച്ചുകൊണ്ട്, ശിഷ്യത്വം ഏറ്റുവാങ്ങുവാൻ കഴിയുകയില്ല. ലൂക്കോ.9-ൽ ക്രിസ്തുവിനെ പിന്തുടരുവാൻ ആഗ്രഹിച്ച മൂന്നുപേരുടെ കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. "അവൻ വഴി പോകുമ്പോൾ ഒരുത്തൻ അവനോട്, നീ എവിടെ പോയാലും ഞാൻ നിന്നെ അനുഗമിക്കാം എന്നു പറഞ്ഞു. യേശു അവനോട്: കുറുനരികൾക്ക് കുഴിയും ആകാശത്തിലെ പറവകൾക്ക് കൂടും ഉണ്ട്. മനുഷ്യപുത്രനോ തല ചായ്ക്കാൻ സ്ഥലമില്ല" എന്ന് പറഞ്ഞു. "വേറൊരുത്തനോട്: എന്നെ അനുഗമിക്ക എന്ന് പറഞ്ഞാറെ അവൻ: ഞാൻ മുമ്പേ പോയി എന്റെ അപ്പനെ കുഴിച്ചിടുവാൻ അനുവാദം തരണമെന്ന് പറഞ്ഞു. അവൻ അവനോട്, മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ; നീ പോയി ദൈവരാജ്യം അറിയിക്ക എന്നു പറഞ്ഞു. മറ്റൊരുത്തൻ : കർത്താവേ, ഞാൻ നിന്നെ അനുഗമിക്കാം; ആദ്യം എന്റെ വീട്ടിലുള്ളവരോട് യാത്ര പറവാൻ അനുവാദം തരണമേ എന്ന് പറഞ്ഞു. യേശു അവനോട്: കലപ്പയ്ക്ക് കൈ വെച്ചശേഷം പുറകോട്ട് നോക്കുന്നവനാരും ദൈവരാജ്യത്തിന് കൊള്ളാവുന്നവനല്ല എന്ന് പറഞ്ഞു" (ലൂക്കോ.9:57-62).

ഇവരിൽ പലരേയും പിന്മാറ്റത്തിലേക്ക് പോകുവാൻ ശത്രുവായ പിശാച് മാടിവിളിക്കുകയായിരുന്നു. ക്രിസ്തു എന്ന ദൈവത്തിന്റെ പിന്നാലെ പോകുമ്പോൾ തനിക്ക് വല്ലതും ചെയ്ത് വെയ്ക്കാനുണ്ടെങ്കിൽ ചെയ്ത് തീർത്തിട്ട് പോകേണ്ടതില്ലെന്നും ചെയ്യേണ്ടതെല്ലാം ക്രിസ്തു ചെയ്യുമെന്നും വിചാരിക്കാൻ അവർക്ക് ശക്തിയില്ലാതെ പോയി. ആദ്യത്തെ തിടുക്കക്കാരനോട് കുറുനരികൾക്ക് കുഴിയും ആകാശപ്പറവകൾക്ക് കൂടും ഉണ്ട്, മനുഷ്യപുത്രന് തല ചായ്ക്കുവാനിടമില്ല എന്ന് പറഞ്ഞപ്പോൾ അവിടുന്ന് തനിക്ക് പറയുവാനുള്ള ശിഷ്യത്വത്തിന്റെ സ്വഭാവം എന്തെന്ന് മനസ്സിലാക്കിച്ചുകൊടുക്കുകയായിരുന്നു. കുരിശിന്റെയും പരിത്യാഗത്തിന്റെയും, അരക്ഷിതാവസ്ഥയുടെയും, തല ചായ്ക്കുവാൻ പോലും ഇടമില്ലാത്ത അവസ്ഥയുടെയും മുമ്പിൽ അവൻ ആകർഷിക്കപ്പെടുകയില്ല എന്ന് ക്രിസ്തുവിനറിയാമായിരുന്നു. എനിക്കുള്ളതിനേക്കാൾ കൂടുതൽ സുഖസൗകര്യങ്ങൾ കുറുനരികൾക്കുണ്ട്, മാളമെങ്കിലും. പക്ഷികൾക്കാണെങ്കിൽ സ്വന്തമായി കൂടെങ്കിലുമുണ്ട്. എന്നാൽ ഞാൻ സൃഷ്ടിച്ച ലോകത്തിൽ ഞാൻ ശൂദ്ധശൂന്യതയിൽ കഴിയുന്നു. അങ്ങനെയുള്ള എന്നെ അനുഗമിക്കുവാൻ നിന്നെക്കൊണ്ടാവുമോ? നീ എവിടെ പോയാലും ഞാൻ നിന്നെ അനുഗമിക്കും എന്നൊക്കെ അവനങ്ങനെ ചാടിക്കേറി പറയുകയായിരുന്നു.

ആൾക്കൂട്ടത്തിന്റെ കൂടുതലും ശമ്പളത്തിന്റെ പച്ചപ്പും കണ്ട് ഒരു കൂട്ടായ്മയിൽ നിന്നും മറ്റൊരു കൂട്ടായ്മയിലേക്ക് അവിടെനിന്ന് കുറച്ചുപേരെയൊ മുഴുവൻപേരെയൊ കൂട്ടിക്കൊണ്ട് അപ്പുറത്തേക്കും ചാഞ്ചാടി ഓടുന്ന ക്രിസ്തു'ശിഷ്യ'ന്മാരെ, ഞാൻ ഗൾഫിലും അമേരിക്കയിലും കണ്ടിട്ടുണ്ട്. ഇവിടെ നാം പരിചയപ്പെടുന്ന രണ്ടാമത്തെ ശിഷ്യനെ കർത്താവ് വിളിച്ചപ്പോൾ "ഞാൻ പോയി എന്റെ അപ്പനെ കുഴിച്ചിടുവാൻ അനുവാദം തരണ"മെന്ന് അവൻ പറയുകയായിരുന്നു. ഒരു പിതാവ് മരിച്ചാൽ ന്യായമായ യാത്രയയപ്പിന് മകന് അവകാശമുണ്ട്. അല്ലേ? പക്ഷേ, ക്രിസ്തു എന്ന ദൈവത്തിന്റെ മുമ്പിൽ, അപ്പൻ എന്ന മനുഷ്യന്റെ മരണത്തിനായാലും ചികിത്സയ്ക്കായാലും ഒന്നിനും പ്രാധാന്യമില്ല എന്ന് അവൻ അറിഞ്ഞില്ലായിരുന്നു. അഥവാ അറിഞ്ഞെങ്കിലും അവനും "കണ്ടീഷണൽ ലൗവ്" ആയിരുന്നു. "ആത്മീയമായി മരിച്ചവർ ഭൗതീകമായി മരിച്ചവരെ സംസ്ക്കരിക്കട്ടെ. നീ വന്ന് നിത്യജീവന്റെ സുവിശേഷം പ്രസംഗിക്ക" എന്ന് പറഞ്ഞുകൊണ്ട് കർത്താവ് അവനെ മടക്കി അയയ്ക്കുകയാണ്. ലൗകീകമായ ചില ജോലികൾ ഉണ്ടായിരി ക്കുന്നതിൽ തെറ്റില്ല. ഒരാൾ തന്റെയും കുടുംബത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റേണ്ടതും അത്യാവശ്യമാണ്. എന്നാൽ മത്താ.6:33-ൽ പറയുന്നതുപോലെ "ദൈവരാജ്യവും അവന്റെ നീതിയും ആദ്യം തേടുകയാണ്" ക്രിസ്തുശിഷ്യന്റെ ജീവിതലക്ഷ്യം; ഒരു അവിശ്വാസിയുടേതുപോലെ ക്രിസ്തു ശിഷ്യന്റെ ജീവിതം സ്വാഭാവികമായി തരംതാഴുവാൻ പാടില്ല.

മൂന്നാമത്തെ വ്യക്തിക്ക് യേശുവിനെ അനുഗമിക്കുവാൻ വളരെ ഇഷ്ടമായിരുന്നു. ഞാൻ നിന്നെ അനുഗമിക്കാം. പക്ഷേ എന്റെ വീട്ടിലുള്ളവരോട് ഒന്ന് യാത്ര പറഞ്ഞിട്ടുവരാം. അവനോടാണ് യേശു ഇങ്ങനെ പറഞ്ഞത്. "കലപ്പയ്ക്ക് കൈ വെച്ചശേഷം പുറകോട്ട് നോക്കുന്നവനാരും ദൈവരാജ്യത്തിന് കൊള്ളാവുന്നവനല്ല"(ലൂക്ക.9:62). വൈകാരികബന്ധങ്ങൾക്ക് അടിപ്പെടാത്തവരെയാണ് ക്രിസ്തുശിഷ്യത്വം തേടിവരുന്നത്. കുടുംബബന്ധങ്ങൾ നല്ലതാണെങ്കിലും ക്രിസ്തുശിഷ്യത്വത്തിന്റെ മുമ്പിൽ അതും വലിച്ചെറിയുവാൻ കഴിയണം. അവരെയാണ് ദൈവം അന്വേഷിക്കുന്നത്. ഒരു ശിഷ്യനാകാനുള്ള അമിതാവേശം പലപ്പോഴും കുടുംബബന്ധമാകുന്ന പാറയിൽ തട്ടിത്തകരുന്ന രംഗമാണ് നാമിവിടെ കാണുക.

# യഥാർത്ഥ ശിഷ്യത്വം

## ദേവസ്യാ മുല്ലക്കരസാർ

യേശുവിനെ പൂർണ്ണമായും പിന്തുടരുവാൻ അവർ മൂന്നുപേരും തയ്യാറാകുന്നില്ല. ഭൗതീകവസ്തുക്കളോടുള്ള സ്നേഹവും ഒരു ജോലിക്കുവേണ്ടിയുള്ള ശ്രമവും കുടുംബബന്ധങ്ങൾക്ക് മുൻഗണന കൊടുക്കുന്ന അവസ്ഥയും മുഴച്ചുനിൽക്കുമ്പോൾ, ഇത്തരം ഒഴിവുകഴിവുകളുടെ മുമ്പിൽ ഹൃദയകവാടങ്ങളിൽ മുട്ടിവിളിക്കുന്ന ക്രിസ്തുവിന്റെ ശിഷ്യത്വം ഒരു മരീചികയായി അവസാനിക്കുന്നു.

"ഒരു മനുഷ്യൻ വലിയൊരു അത്താഴമൊരുക്കി. പലരെയും ക്ഷണിച്ചു. അത്താഴസമയത്ത് അവൻ തന്റെ ദാസനെ അയച്ച്, ആ ക്ഷണിച്ചവരോട്: എല്ലാം ഒരുങ്ങിയിരിക്കുന്നു; വരുവിൻ" എന്ന് പറയിച്ചു. എല്ലാവരും ഒരുപോലെ ഒഴിവുകഴിവുകൾ പറഞ്ഞുതുടങ്ങി; ഒന്നാമത്തവൻ അവനോട്: ഞാൻ ഒരു നിലം കൊണ്ടതിനാൽ അത് ചെന്ന് കാണേണ്ടുന്ന ആവശ്യമുണ്ട്; എന്നോട് ക്ഷമിച്ചുകൊള്ളേണം എന്ന് ഞാനപേക്ഷിക്കുന്നു എന്ന് പറഞ്ഞു. മറ്റൊരുത്തൻ ഞാൻ അഞ്ചേർ കാളയെ കൊണ്ടിട്ടുണ്ട്; അവയെ ശോധന ചെയ്യുവാൻ പോകുന്നു എന്നോട് ക്ഷമിച്ചുകൊള്ളേണം എന്ന് ഞാൻ അപേക്ഷിക്കുന്നു എന്ന് പറഞ്ഞു. വേറൊരുത്തൻ: ഞാൻ ഇപ്പോൾ വിവാഹം കഴിച്ചിരിക്കുന്നു, വരുവാൻ കഴിവില്ല എന്ന് പറഞ്ഞു. ദാസൻ മടങ്ങിവന്ന് യജമാനനോട് അറിയിച്ചു. അപ്പോൾ വീട്ടുടയവൻ കോപിച്ച് ദാസനോട്: നീ വേഗം പട്ടണത്തിലെ വീഥികളിലും ഇടത്തെരുവുകളിലും ചെന്ന് ദരിദ്രന്മാർ അംഗഹീനന്മാർ, കുരുടന്മാർ, മുടന്തന്മാർ എന്നിവരെ കൂട്ടിക്കൊണ്ട് വരിക എന്ന് കല്പിച്ചു. പിന്നെ ദാസൻ യജമാനനേ കല്പിച്ചത് ചെയ്തിരിക്കുന്നു; ഇനിയും സ്ഥലമുണ്ട് എന്ന് പറഞ്ഞു. യജമാനൻ ദാസനോട് നീ പെരുവഴിയിലും വേലിക്കരികിലും പോയി, എന്റെ വീട് നിറയേണ്ടതിന് കണ്ടവരെയെല്ലാം അകത്തു വരുവാൻ നിർബന്ധിക്കുക. ആ ക്ഷണിച്ച പുരുഷന്മാർ ആരും എന്റെ അത്താഴം ആസ്വദിക്കുകയില്ല എന്നും ഞാൻ നിന്നോട് പറയുന്നു എന്ന് പറഞ്ഞു" (ലൂക്ക.14:15-24).

ഇവിടെ, ഒരാൾ പുതിയ നിലം വാങ്ങിയതും, മറ്റൊരാൾ അഞ്ച് ജോഡി കാളകളെ വാങ്ങിയതും, വേറൊരാൾ തൊട്ടടുത്ത ദിവസം വിവാഹിതനായതും ഒക്കെ അത്താഴവിരുന്നിൽ സംബന്ധിക്കുന്നതിന് യഥാർത്ഥ തടസ്സങ്ങളല്ലായിരുന്നു. ഈ ഒഴിവുകഴിവുകളെല്ലാം ആവശ്യങ്ങളുമായിരുന്നു എങ്കിലും വിരുന്നിൽ സംബന്ധിക്കാൻ കഴിഞ്ഞത് മറ്റ് പലർക്കുമാണ്. **വിരുന്നിന് ക്ഷണിച്ച ആളും നിരസിച്ച ആ മൂന്നുപേർക്കും തമ്മിലുള്ള ബന്ധക്കുറവാണ് നാം പരിഗണിക്കേണ്ടത്. അവർക്ക് മൂന്ന്പേർക്കും വിരുന്നിന് ക്ഷണിച്ചവന്റെ സ്നേഹം മനസ്സിലായില്ല. സൈഡ്ബിസിനസ്സായി ക്രിസ്തുശിഷ്യത്വത്തെ മാനിക്കുന്നവരെ നാമിവിടെ പരിചയപ്പെടുകയാണ്.** ക്രിസ്തുശിഷ്യരാണെന്നും പറഞ്ഞ് തോട്ടം നിർമ്മാണവും, പി.എച്ച്.ഡി പഠനവുമൊക്കെയായി കഴിയുന്നവരെയും നാമിവിടെ പരിചയപ്പെടുകയാണ്. റിട്ടയർമെന്റ് ആയ ശേഷം യേശുവിനുവേണ്ടി മുഴുവൻ സമയം ചിലവഴിക്കണം എന്ന് പറയുന്നവരും അവധിദിവസങ്ങളിൽ പറ്റുന്നതുപോലെ എന്തെങ്കിലുമൊക്കെ ചെയ്യണമെന്ന് വിചാരിക്കുന്നവരും, യേശു വിളിച്ച വഴികളിലൂടെ പോകാതെ തങ്ങൾക്ക് കാശുണ്ടാവുമെന്നും സൽപ്പേരുണ്ടാവുമെന്നും കരുതി തോന്നുന്ന വഴികളിലൂടെ പോകുന്നവരെയും നമുക്ക് കാണുവാൻ കഴിയും. ചില പ്രമുഖ പൗരോഹിത്യ സഭകളിൽ ബിഷപ്പും പുരോഹിതന്മാരും സഭയോടും വചനത്തോടും ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്തുകൊള്ളും. അൽമായരാകട്ടെ ജോലിക്കുപോവുക, കൃഷി ചെയ്യുക, വ്യവസായങ്ങളിൽ ഏർപ്പെടുക, അല്പമൊക്കെ കുടിച്ചാലും കുഴപ്പമില്ല, പുരോഹിതന്മാരെ നന്നായി ബഹുമാനിച്ചുകൊണ്ട് സ്തോത്രക്കാഴ്ച കൊടുത്ത് ജീവിച്ചാൽ മതി. അതല്ല ഇവിടെ ഞാനുദ്ദേശിക്കുന്നത്. പച്ചയായ ക്രിസ്തുശിഷ്യൻ ഏത് സാഹചര്യത്തിലായാലും അവൻ അനുഷ്ഠിക്കേണ്ട കാര്യമാണ്.

കർത്താവിന്റെ വിളിയുടെ മാർഗ്ഗത്തിൽ നമ്മുടെ മാനുഷികതകളൊന്നും വിലങ്ങുതടിയാകുവാൻ പാടില്ല. സ്വന്തം നിബന്ധനകളും പ്ലാനും അനുസരിച്ചല്ല ദൈവവേല, തനിക്ക് നല്ലതെന്നും തനിക്ക് ദിവ്യദർശനത്തിൽ കിട്ടിയതെന്നും പറഞ്ഞുകൊണ്ടുമല്ല ദൈവവേല. ബുദ്ധിമുട്ടുകളെയും അപകടസാധ്യതകളെയും തള്ളിക്കളഞ്ഞു കൊണ്ട് ക്രിസ്തുശിഷ്യത്വത്തെ ധീരതയോടെ ഏറ്റെടുക്കുവാൻ കഴിയുന്നതാകണം.

ലൂക്കോ.16-ൽ 1 മുതൽ നാമിങ്ങനെ വായിക്കുന്നു"പിന്നെ അവൻ ശിഷ്യന്മാരോട് പറഞ്ഞത് ധനവാനായ ഒരു മനുഷ്യന് ഒരു കാര്യവിചാരകൻ ഉണ്ടായിരുന്നു. അവൻ അവന്റെ വസ്തുവകകൾ നാനാവിധമാക്കുന്നുവെന്ന് ചിലർ അവനെ കുറ്റം പറഞ്ഞു. അവൻ അവനെ വിളിച്ച്: നിന്നെ കൊണ്ട് ഈ കേൾക്കുന്നത് എന്ത്? നിന്റെ കാര്യവിചാരത്തിന്റെ കണക്ക് ഏല്പിച്ചുതരിക; നീ ഇനി കാര്യവിചാരകൻ ആയിരിപ്പാൻ പാടില്ല എന്ന് പറഞ്ഞു. കാര്യവിചാരകൻ : ഞാൻ

# യഥാർത്ഥ ശിഷ്യത്വം

ദേവസ്യാ മുല്ലക്കരസാർ

എന്ത് ചെയ്യേണ്ടു, യജമാനൻ കാര്യവിചാരത്തിൽ നിന്ന് എന്നെ നീക്കുവാൻ പോകുന്നു; കിളപ്പാൻ എനിക്ക് പ്രാപ്തിയില്ല; ഇരപ്പാൻ ഞാൻ നാണിക്കുന്നു. എന്നെ കാര്യവിചാരത്തിൽ നിന്നും നീക്കിയാൽ അവർ എന്നെ തങ്ങളുടെ വീടുകളിൽ ചേർത്തുകൊള്ളുവാൻ തക്കവണ്ണം ഞാൻ ചെയ്യേണ്ടത് എന്ത് എന്ന് എനിക്കറിയാം എന്ന് ഉള്ളുകൊണ്ട് പറഞ്ഞു. പിന്നെ അവൻ യജമാനന്റെ കടക്കാരിൽ ഒരോരുത്തനെ വരുത്തി, ഒന്നാമത്തവനോട്; നീ യജമാനന് എത്ര കടംപെട്ടിരിക്കുന്നു എന്ന് ചോദിച്ചു. നൂറം കുടം എണ്ണ എന്ന് അവൻ പറഞ്ഞു. അവൻ അവനോട്; നിന്റെ കൈച്ചീട്ട് വാങ്ങി വേഗം ഇരുന്ന് അമ്പത് എന്നെഴുതുക എന്ന് പറഞ്ഞു. അതിന്റെ ശേഷം മറ്റൊരുത്തനോട് നീ എത്ര കടംപെട്ടിരിക്കുന്നു എന്ന് ചോദിച്ചു. നൂറ് പറ ഗോതമ്പ് എന്ന് അവൻ പറഞ്ഞു; അവനോട്: നിന്റെ കൈച്ചീട്ട് വാങ്ങി എൺപത് എന്നെഴുതുക എന്ന് പറഞ്ഞു. ഈ അനീതിയുള്ള കാര്യവിചാരകൻ ബുദ്ധിയോടെ പ്രവർത്തിച്ചതുകൊണ്ട് യജമാനൻ അവനെ പുകഴ്ത്തി: വെളിച്ച മക്കളെക്കാൾ ഈ ലോകത്തിന്റെ മക്കൾ തങ്ങളുടെ തലമുറയിൽ ബുദ്ധിയുള്ളവരല്ലോ. അനീതിയുള്ള മാമ്മോനെക്കൊണ്ട് നിങ്ങൾക്ക് സ്നേഹിതന്മാരെ ഉണ്ടാക്കിക്കൊള്ളുവിൻ എന്ന് ഞാൻ നിങ്ങളോട് പറയുന്നു. അതില്ലാതെയാകുമ്പോൾ അവർ നിത്യകൂടാരങ്ങളിൽ നിങ്ങളെ ചേർത്തുകൊൾവ്വാൻ ഇടയാകും. അത്യൽപ്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ; അത്യൽപ്പത്തിൽ നീതികെട്ടവൻ അധികത്തിലും നീതികെട്ടവൻ. നിങ്ങൾ അനീതിയുള്ള മാമ്മോനിൽ വിശ്വസ്തരായില്ലായെങ്കിൽ സത്യമായത് നിങ്ങളെ ആർ ഭരമേൽപ്പിക്കും? അന്യമായതിൽ വിശ്വസ്തമായില്ലായെങ്കിൽ നിങ്ങൾക്ക് സ്വന്തമായത് ആർ തരും? രണ്ട് യജമാനന്മാരെ സേവിപ്പാൻ ഒരു ഭൃത്യന് കഴിയുകയില്ല. അവൻ ഒരുവനെ പകച്ച് മറ്റവനെ സ്നേഹിക്കും. അല്ലെങ്കിൽ ഒരുത്തനോട് പറ്റിച്ചേർന്ന് മറ്റവനെ നിരസിക്കും. നിങ്ങൾക്ക് ദൈവത്തെയും മാമ്മോനെയും സേവിപ്പാൻ കഴിയുകയില്ല."(ലൂക്കോ 16:1-13)

ക്രിസ്തു തന്റെ ശിഷ്യന്മാരെ ഉദ്ദേശിച്ചാണ് ബുദ്ധിഹീനരായ കാര്യവിചാരകരുടെ കാര്യങ്ങൾ പറഞ്ഞത്. ലൗകികമനുഷ്യർ, ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥയിൽ ഭാവി സുസ്ഥിരമാക്കണം എന്നാണ് ആഗ്രഹിക്കുന്നത്. പക്ഷേ ക്രൈസ്തവരുടെയും ക്രിസ്തു ശിഷ്യന്മാരുടെയും ഭാവി ഈ ലോകത്തിലല്ല, സ്വർഗ്ഗത്തിലാണെന്ന കാര്യം നാം വിസ്മരിക്കരുത്. **ഇപ്പോൾ ഉള്ളതിനും ശവകുടീരത്തിനും ഇടയിലാണ് ഒരു അവിശ്വാസിയുടെ ഈ ലോകജീവിതം**. നല്ലൊരു ക്രിസ്തുശിഷ്യന്റേത് ക്രിസ്തുവുമായുള്ള നിത്യതയിലാണ്. വിവേകമതിയായ ക്രിസ്തുശിഷ്യൻ ഈ ലോകത്തിലെ സുരക്ഷിതത്വത്തിനുവേണ്ടി തന്റെ ജീവിതം പാഴാക്കികളയുകയില്ല. അവരുടെ പണം കൊണ്ട് നിത്യതയുടെ സൗന്ദര്യം വർദ്ധിപ്പിക്കും. ബൈബിൾ ഗ്രന്ഥങ്ങൾ വാങ്ങി വിതരണം ചെയ്യുക, മിഷനറി പ്രവർത്തനങ്ങൾക്കും ധ്യാനമന്ദിരങ്ങൾക്കും പ്രാർത്ഥനാലയങ്ങൾക്കും ഓർഫനേജുകൾക്കും ഓൾഡേജ് ഹോമുകൾക്കും തങ്ങളുടെ സമ്പത്തിനെ ദാനം ചെയ്യുക. ടി.വി വഴിയും റേഡിയോ വഴിയും സുവിശേഷവത്കരണം നടത്തുന്നതിന് ആവശ്യമായ കൈത്താങ്ങു നൽകുക മുതലായവയ്ക്കായി പണം വിനിയോഗിച്ചാൽ, അത് സ്വർഗ്ഗത്തിൽ നമ്മുടെ നിക്ഷേപമായിരിക്കും.

സത്യമായും ആത്മാവിനാൽ നിറയുമ്പോൾ ഭൗതീക സ്വത്തുക്കളോടുള്ള അവന്റെ മോഹം നഷ്ടപ്പെടും. സ്വന്തം ആഡംബര ജീവിതവും ഭൗതീക സുഖ സൗകര്യങ്ങളും അവന് അരോചകമായി മാറും. ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം അവൻ വേലയെടുത്തുണ്ടാക്കിയതാണെങ്കിലും നവരത്നഖചികിതങ്ങളായ ആഭരണങ്ങളും സ്വർണ്ണം, വെള്ളി, തുടങ്ങിയവയും ബാങ്ക് നിക്ഷേപവും ഇൻഷുറൻസ് പോളിസികളും വൻ മാളികകളും വാഹനങ്ങളും അനീതിയുടെ സ്വത്തുക്കൾ തന്നെയാണ്. അത്, ഉപയോഗിച്ച് ഉപയോഗിച്ച് നശിച്ചു പോവുന്നവയാണ് എന്നാൽ ക്രിസ്തുവിനുവേണ്ടി അത് ഉപയോഗിച്ചാൽ വർദ്ധിക്കുകയെയുള്ളു; നിത്യതയിൽ ഓഹരിക്കാരാവുകയും ചെയ്യാം. ഭൂമിയിലെ നിക്ഷേപം യഥാർത്ഥ ധനമേയല്ല; ആത്മീയ നിക്ഷേപമാണ് യഥാർത്ഥ ധനം. അതിന്റെ വിലയോ വളരെ കൂടുതലും.

ക്രിസ്തു ശിഷ്യന്റെ വിശ്വാസക്കുറവുകൊണ്ട് ദൈവം ആഗ്രഹിക്കുന്നിടത്തോളം സഭ വളരാതെ പോയതിന്റെ ചരിത്രവും ഉണ്ട്. ക്രിസ്തു ശിഷ്യന്മാരുടെ പരിശുദ്ധാത്മാവിൽ നിറഞ്ഞ വിശ്വാസ കൂടുതൽ കണ്ടുകൊണ്ട് ക്രിസ്തു തന്റെ സഭയെ വളർത്തുന്ന രംഗവും കുറവല്ല. സഭയുടെ വളർച്ചയെന്നത് ക്രിസ്തു ശിഷ്യനായ ശുശ്രൂഷകന്റെ ശക്തമായ വിശ്വാസം കൊണ്ട് ഉണ്ടാകുന്നതാണ്. ദൈവവചനത്തെ അനുസരിക്കാതെയും അവിശ്വസിച്ചും ക്രിസ്തുശിഷ്യൻ **"സഭയിൽ പൊളിറ്റിക്സ് ആവിഷ്കരിക്കുമ്പോൾ അയാൾ ഓരോ ദിവസവും ശിഷ്യത്വത്തിന്റെ ശവക്കല്ലറ പണിതു കൊണ്ടിരിക്കുകയാണ്".** ദൈവത്തിലും ദൈവവചനത്തിലുമുള്ള അചഞ്ചലമായ വിശ്വാസം യഥാർത്ഥ ശിഷ്യത്വമുള്ള

# യഥാർത്ഥ ശിഷ്യത്വം

## ദേവസ്യാ മുല്ലക്കരസാർ

ശുശ്രൂഷകന് അനിവാര്യമാണ്. ദൈവത്തിൽ ശക്തമായി ആശ്രയിക്കുന്നതുകൊണ്ടാണ് കൂടുതൽ വിശ്വസിക്കുവാൻ കഴിയുന്നത്. ഒരു വിശ്വാസി വചനം വായിച്ചോ കേട്ടോ ഗ്രഹിച്ചോ ശുശ്രൂഷ ചെയ്യുമ്പോൾ ദൈവാത്മാവ് വചനത്തിലൂടെ ആ വ്യക്തിയിൽ ക്രിയ ചെയ്യുന്നു. എഴുതപ്പെട്ട വചനത്തിലൂടെ ദൈവം അവനോട് സംസാരിച്ചുവെന്ന് അവന് മനസ്സിലാകുന്നു. വെള്ളത്തിൽ നടക്കുവാൻ പത്രോസിനോട് യേശു കല്പിച്ചപ്പോൾ അതിനുവേണ്ട ശക്തിയും കൃപയും പത്രോസിൽ യേശു നിക്ഷേപിച്ചു കഴിഞ്ഞിരുന്നു. മത്തായി 14:28–ൽ "ഞാൻ വെള്ളത്തിന്മേൽ നിന്റെയടുക്കൽ വരേണ്ടതിന് കല്പിക്കേണം" എന്ന് പത്രോസ് പറഞ്ഞപ്പോൾ "വരിക" എന്നു മാത്രമേ യേശു പറഞ്ഞുള്ളു. ആ മൂന്ന് അക്ഷരങ്ങളിൽ നിറഞ്ഞു നിന്ന ദിവ്യശക്തിയാണ് അവനെ നടത്തിച്ചത്. മത്തായി 28:19–ൽ ''ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചു കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ" എന്നു കല്പിച്ചപ്പോൾ ആ ജോലികളൊക്കെയും ചെയ്യുവാൻ ആവശ്യമായ കൃപയും കരുത്തും കർത്താവ് നമുക്ക് തരികയായിരുന്നു.

എനിക്ക് ദൈവം തന്ന കൃപയാൽ 2008 ഫെബ്രുവരി 8 മുതൽ 2018 മെയ് വരെ എത്തിയപ്പോൾ ഇന്ത്യയ്ക്കകത്തും പുറത്തുമായി 1,00,000–ത്തിൽപ്പരം വിശ്വാസ–മുഴുകൽ–സ്നാനം കൊടുക്കാനിടയായി എന്ന പച്ചപ്പരമാർത്ഥം വിനയത്തോടെ എഴുതിക്കൊള്ളട്ടെ. ഒരു ക്രിസ്തു ശിഷ്യന്റെ ഏറ്റവും വലിയ സാക്ഷ്യം അനേകായിരങ്ങളെ വിശ്വാസ സ്നാനം നല്കി സത്യസഭയിലെത്തിക്കുക എന്നതാണെന്നാണ് എന്റെ ഉറച്ച അഭിപ്രായം.

ബൈബിളിലെ ദൈവം ഏവരെയും അനുഗ്രഹിക്കുന്ന ദൈവമാണ്. യാതൊരു പ്രതികാരവും ചെയ്യാത്ത ദൈവമാണ്. ഒരു പക്ഷേ, ഗുണീകരണത്തിനും അച്ചടക്കത്തിനും വേണ്ടി ബാലശിക്ഷ നല്കിയാലും അവൻ എല്ലാവരെയും അനുഗ്രഹിക്കുവാനും തയ്യാറാണ്. "നസ്രായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോട് കൂടെയിരുന്നതും അവൻ നന്മ ചെയ്തും പിശാച് ബാധിച്ചവരെയൊക്കെയും സൗഖ്യമാക്കിയും കൊണ്ട് സഞ്ചരിച്ചിരുന്ന വിധവും നിങ്ങൾ അറിയുന്നുവല്ലോ''(അ.പ്ര 10:38). യേശു നന്മ മാത്രം ചെയ്തുകൊണ്ട് ജീവിച്ചു. അന്നു മാത്രമല്ല ഇന്നും ഇങ്ങനെയാണ്. നാമും വിശ്വാസത്താലുള്ള നല്ല പ്രവർത്തികളാൽ അനേകർക്ക് അനുഗ്രഹമായിത്തീരണം. "അങ്ങനെത്തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവർത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്തായി 5:16) എന്ന്. നമ്മുടെ നല്ല പ്രവർത്തികളെ വർദ്ധിപ്പിക്കണമെന്ന് യേശു ആവശ്യപ്പെടുന്നുണ്ടല്ലോ. വിശ്വാസത്തിൽ മാത്രമേ നമുക്കിത് ചെയ്യുവാൻ കഴിയൂ. ദൈവത്തിൽ ആശ വെപ്പാനും നന്മ ചെയ്യുവാനും സൽപ്രവർത്തികളിൽ സമ്പന്നരായി ദാനശീലവും ഔദാര്യവുമുള്ളവരായി സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഉദാരമതികളുമായിത്തീരണമെന്നും" 1 തിമൊ 6:17–ൽ വചനം നമ്മെ ഉദ്ബോധിപ്പിക്കുന്നു. 2 തിമൊ 3:17–ൽ തിരുവെഴുത്തുകൾ,"ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയുടെ അഭ്യാസത്തിനും പ്രയോജനമുള്ളത്" എന്ന് നാം കാണുന്നു. ഇവയെല്ലാം വേണ്ടതുപോലെ ചെയ്യുവാൻ ദൈവവചനം നമ്മോട് ആഹ്വാനം ചെയ്യുന്നു.

ഒരു ക്രിസ്ത്യാനി കടുത്ത വിശ്വാസിയായിരിക്കണം. വിശ്വാസത്തോട് കൂടിയുള്ള പ്രാർത്ഥനയാലാണ് ദൈവാനുഗ്രഹത്തെ വർദ്ധിപ്പിക്കേണ്ടത്. യേശയ്യാവിന്റെ 40–ാം അദ്ധ്യായത്തിൽ 3,4,5 വചനങ്ങളിൽ നാമിങ്ങനെ വായിക്കുന്നു "മരുഭൂമിയിൽ യഹോവയ്ക്ക് വഴിയൊരുക്കുവിൻ. നിർജ്ജന പ്രദേശത്ത് നമ്മുടെ ദൈവത്തിന് ഒരു പെരുവഴി നിരപ്പാക്കുവിൻ. എല്ലാ താഴ്വരയും നികന്നു, എല്ലാ മലയും കുന്നും താണും വരേണം. വളഞ്ഞതു ചൊവ്വായും ദുർഘടങ്ങൾ സമമായും തീരേണം. യഹോവയുടെ മഹത്വം വെളിപ്പെടും. സകല ജഡവും ഒരുപോലെ അതിനെ കാണും.'' എന്ന് നാം വായിക്കുന്നു. അതായത്, ദൈവത്തിന്റെ ശക്തിയുള്ള ആത്മാവ് പ്രവർത്തിക്കുമ്പോൾ സകല പർവ്വതങ്ങളെയും സമഭൂമിയാക്കുവാൻ സാധിക്കും."സൈന്യത്താലുമല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിലത്രെയെന്ന് സൈന്യങ്ങളുടെ യഹോവ അരുളിചെയ്യുന്നു"(സെഖര്യാവ് 4:6). സകല അസാധ്യങ്ങളായ പർവ്വതങ്ങളെയും വഴികളെയും പെരുവഴികളുമാക്കുവാൻ ദൈവത്തിന്റെ ആത്മാവിന് കഴിയുന്നു. നാം ഈ ദൈവാത്മാവിൽ ആശ്രയിച്ചാൽ മതി. ''ഞാൻ എന്റെ മലകളെയൊക്കെയും വഴിയാക്കും. എന്റെ പെരുവഴികൾ പൊങ്ങിയിരിക്കും."(യേശ 49:11)

# യഥാർത്ഥ ശിഷ്യത്വം

## ദേവസ്യാ മുല്ലക്കരസാർ

അല്ലയോ ക്രിസ്തുശിഷ്യാ, നിനക്കൊന്നും അസാധ്യമായിരിക്കുകയില്ല. "നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് ഇവിടെ നിന്ന് അങ്ങോട്ട് നീങ്ങുക എന്ന് പറഞ്ഞാൽ അത് നീങ്ങും; നിങ്ങൾക്ക് ഒന്നും അസാധ്യമാവുകയില്ല."(മത്തായി 17:21) എന്നതാണ് സത്യ വചനം. "നിങ്ങൾ സംശയിക്കാതെ വിശ്വാസമുള്ളവരായാൽ ഈ അത്തിയോട് ചെയ്തത് നിങ്ങളും ചെയ്യും; എന്ന് മാത്രമല്ല, ഈ മലയോട്: നീങ്ങി കടലിലേക്ക് ചാടിപ്പോ എന്നു പറഞ്ഞാൽ അതും സംഭവിക്കുമെന്ന് സത്യമായിട്ടും ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങൾ വിശ്വസിച്ചുകൊണ്ട് പ്രാർത്ഥനയിൽ എന്ത് യാചിച്ചാലും നിങ്ങൾക്ക് ലഭിക്കും."(മത്തായി 21-22) ഈ വചനങ്ങളിലെല്ലാം നാം വിശ്വസിച്ചുകൊണ്ട് പ്രാർത്ഥിക്കുവാൻ ഒരുങ്ങിയാൽ ദൈവത്തിന്റെ മഹാത്ഭുതങ്ങൾ ഒന്നിനുപുറകെ ഒന്നായി നടക്കുമെന്ന് നാം വായിച്ചറിയുകയാണ്. ''നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ. എന്നാൽ അത് നിങ്ങൾക്ക് ഉണ്ടാകുമെന്ന് ഞാൻ നിങ്ങളോട് പറയുന്നു."(മർക്കോ 11:24) അതായത്, യാചിക്കുന്നത് ലഭിച്ചുകഴിഞ്ഞു എന്ന് വിശ്വസിച്ചുകൊണ്ട് പ്രാർത്ഥിച്ചാൽ അത് ഉടൻ തന്നെ ലഭിച്ചിരിക്കും.

ക്രിസ്തുവിന്റെ ശിഷ്യത്വം ആർജ്ജിച്ചെടുക്കുന്ന ശുശ്രൂഷകനെ പരിശുദ്ധാത്മാവ് വന്നാണ് ശക്തീകരിക്കുന്നത്. ''പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട്, യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും, ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും നിങ്ങൾ എന്റെ സാക്ഷികളാകും" (അപ്പൊ. 1:8). ഇതേ പരിശുദ്ധാത്മാവ് വന്ന് നമ്മെ വിശുദ്ധീകരിക്കുകയും ചെയ്യും. ''ദൈവം നിങ്ങളെ ആദിമുതൽ ആത്മാവിന്റെ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും രക്ഷയ്ക്കായി തിരഞ്ഞെടുത്തതുകൊണ്ട് നിങ്ങൾ നിമിത്തം ദൈവത്തെ എപ്പോഴും സ്തുതിപ്പാൻ കടപ്പെട്ടിരിക്കുന്നു (2 തെസ്സ 2:13). മാത്രവുമല്ല, പ്രപഞ്ചത്തിലുള്ള സകല സത്യങ്ങളിലും കൂടി അവൻ നമ്മെ വഴി നടത്തും. "സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും. അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കയും വരുവാനുള്ളവ നിങ്ങൾക്ക് അറിയിച്ചു തരികയും ചെയ്യും'' (യോഹ.16:13). മാത്രവുമല്ല, പരിശുദ്ധാത്മാവ് വന്ന് ക്രിസ്തുവാണ് ഏക രക്ഷകനെന്നും ക്രിസ്തു നിനക്കുവേണ്ടി കുറേ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തിരിക്കുന്നുവെന്നും നിന്നെക്കൊണ്ട് സാക്ഷീകരിപ്പിക്കയും ചെയ്യും. ആത്മാവ് സാക്ഷ്യം പറയുന്നു; ആത്മാവ് സത്യമല്ലോ. സാക്ഷ്യം പറയുന്നവർ മൂവരുണ്ട്: ആത്മാവ്, ജലം, രക്തം; ഈ മൂന്നിന്റെയും സാക്ഷ്യം ഒന്നുതന്നെ. മാത്രമല്ല. ദൈവാത്മാവ് സദാ പ്രാർത്ഥിക്കുവാൻ നമ്മെ പ്രേരിപ്പിച്ചുകൊണ്ടേയിരിക്കും. "ആത്മാവ് നമ്മുടെ ബലഹീനതയ്ക്ക് തുണ നിൽക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടത് എങ്ങനെയെന്ന് നാമറിയുന്നില്ലല്ലോ. ആത്മാവ് തന്നെ ഉച്ചരിച്ചുകൂടാത്ത ഞെരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു" (റോമ.8:26).

പുത്രനായ യേശു സ്വർഗ്ഗത്തിൽ വസിച്ചുകൊണ്ട് നമുക്കുവേണ്ടി മദ്ധ്യസ്ഥം വഹിക്കുമ്പോൾ (എബ്രാ.7:25) പരിശുദ്ധാത്മാവായ ദൈവം നമ്മിൽ അധിവസിച്ചുകൊണ്ട് പ്രാർത്ഥനാപങ്കാളിത്തം വഹിക്കുന്നു. നമ്മുടെ പുറംകണ്ണുകൾകൊണ്ട് പിതാവായ ദൈവത്തെ കാണുവാൻ കഴിയാത്തതുപോലെ പരിശുദ്ധാത്മാവായ ദൈവവും അഗോചരനാണ്. എന്നാൽ ദൈവത്തിന്റെ പിതൃത്വവും ക്രിസ്തുവിന്റെ രക്ഷാകരസ്നേഹവും നിന്നെ അറിയിക്കുന്നത് പരിശുദ്ധാത്മാവ് തന്നെയാണ്. ഒരാൾ പരിശുദ്ധാത്മാവ് പ്രാപിച്ചു എന്നു പറഞ്ഞാൽ ആത്മാവിന്റെ മദ്ധ്യസ്ഥതയുടെ നിറവുണ്ടായി എന്നാണർത്ഥം. **അങ്ങനെ ആത്മാവിന്റെ നിറവുണ്ടാകുമ്പോൾ പ്രാർത്ഥന എന്നത് നമ്മുടെ ആത്മീയശ്വാസോച്ഛ്വാസമായി മാറും. പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായി നിന്നിലൂടെ ലോകത്തിൽ ദൈവഹിതം നടപ്പാകും. സുവിശേഷം പ്രസംഗിക്കുക, നിഷ്ക്കളങ്കമായ മന:സ്സാക്ഷിയോടുകൂടി പാവപ്പെട്ട മനുഷ്യർക്ക് കഞ്ഞിയും വസ്ത്രവും മരുന്നും കൊടുക്കുക മുതലായവയെല്ലാം ക്രിസ്തുശിഷ്യന്റെ ഹൃദയത്തിൽ ദൈവാത്മാവ് നൽകുന്ന അതിശക്തമായ ദൈവപ്രവൃത്തികളാണ്.**

വീണ്ടുംജനനത്തിലൂടെയാണ് (യോഹ.3:3, 3:5) നമ്മെ ധൈര്യപ്പെടുത്തുവാനും പ്രാർത്ഥിപ്പിക്കുവാനും സാധിക്കുന്ന വിധത്തിൽ ദൈവാത്മാവ് ഒരു വിശ്വാസിയിൽ വസിക്കുന്നത്. **ഒരാൾക്ക് സുവിശേഷത്തോട് താല്പര്യം വരുന്നില്ല നിരന്തരമായി പ്രാർത്ഥിക്കുവാനും കഴിയുന്നില്ല എങ്കിൽ അത് ആത്മീയഅനാരോഗ്യത്തിന്റെ ലക്ഷണമാണ്. പ്രമേഹവും പ്രഷറും കൊളൊസ്ട്രോളും ഒന്നിച്ചു കയറിയാൽ തലച്ചോറിന്റെ പ്രവർത്തനങ്ങളും രക്തത്തിന്റെ**

# യഥാർത്ഥ ശിഷ്യത്വം

## ദേവസ്യാ മുല്ലക്കരസാർ

**പ്രവർത്തനവും മന്ദീഭവിക്കുകയും അയാൾ കൂടുതലും ബഡ്സിൽതന്നെയാവുകയും ചെയ്യും. ഇത് അനാരോഗ്യകര മാണ് അല്ലേ? ഇതുപോലെയാണ് ആത്മീയ അനാരോഗ്യ വും.** ഒരു ജഡികന് പ്രാർത്ഥിക്കുവാൻ താല്പര്യമില്ല. ഒന്നാമത്തെ കാരണം സാത്താൻ ജഡികന്റെകൂടെ എപ്പോഴു മുണ്ട്. രണ്ടാമത്തെ കാരണം വചനം കേൾക്കുന്നതും പറയുന്നതും ജഡികനെ സംബന്ധിച്ചിടത്തോളം **ആത്മീയ മലബന്ധ**ത്തിന് കാരണമായിത്തീരും. അതുകൊണ്ട് അവൻ ദീർഘനേരം വചനം കേൾക്കുവാനൊ പ്രാർത്ഥിക്കുവാനോ മിനക്കെടാറില്ല. പിന്മാറ്റത്തിലേക്ക് ക്രിസ്തുശിഷ്യനും സംഘവും പോകാൻ തുടങ്ങും, അതോടെ. മാത്രമല്ല പണക്കൊഴുപ്പിനോട് താല്പര്യമേറിയും ജഡത്തിന്റെ വാസനകളിൽപെട്ടും പ്രാർത്ഥിക്കാതെ പോവുകയാണ്. ഒരു ക്രിസ്തുശിഷ്യനായ ശുശ്രൂഷകൻ പണ്ട് തിരുവചനങ്ങളെ പഠിച്ചതുകൊണ്ടും, പിന്നെ **വളയമില്ലാതെ ചാടി** ശീലിച്ചതു കൊണ്ടും ഇപ്പോൾ തിരുവചനങ്ങൾ ധ്യാനിക്കാതെയായി ട്ടുണ്ടാകാം. സങ്കീർത്തനങ്ങളിൽ 119–ന്റെ 11–ൽ "ഞാൻ നിന്നോട് പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു" എന്ന് ഉണ്ടെങ്കിലും, പലരും വചനത്തിൽനിന്ന് പിന്മാറുന്നു. വചനം ഉപയോഗിച്ചുകൊണ്ടു ള്ള പ്രാർത്ഥനയും ക്രിസ്തുശിഷ്യൻ മുഖമുദ്രയാക്കേണ്ട താണ്. കാരണം വചനം ദൈവത്തിന്റെ വാക്കാണല്ലോ. ദൈവത്തിന്റെ വാക്കുകളെത്തന്നെ നമ്മുടെ പ്രാർത്ഥനയിൽ ഉപയോഗിക്കുന്നതിനെക്കാൾ വലുത്, എന്താണ്?

അനേകം അറിവുള്ളവർ കാണാത്തതും അറിയാത്ത തുമായ പലതും കാണുവാനും അറിയുവാനും പരിശുദ്ധാത്മാവ് നമുക്ക് ശക്തി തരും. ക്യാൻസറും, ലിവർസിറോസിസും, തളർവാതവും വന്ന് അനേകർ നിരാശപ്പെട്ട് പരാജിതരാകുമ്പോൾ പരിശുദ്ധാത്മാവ് ക്രിസ്തുശിഷ്യനെ ഉണർവ്വുള്ളവനാക്കും. ദൈവാത്മാവ് വന്ന് ആത്മാവിന്റെ അലസതകൾ മാറ്റിത്തരും. ഉണർവ്വിന്റെ ആവശ്യകത വർദ്ധിപ്പിച്ച് തരും. പുതുപുത്തൻ ദർശനങ്ങൾ തരും. ദൈവവചനത്തെ അനുസരിക്കുവാൻ കൃപ തരും. സഭയെ വളർത്തിതരും. കൂട്ടുദാസന്മാർക്ക് പ്രാർത്ഥിക്കാൻ കൃപതരും. ലോകത്തിലെ അനേകം കാര്യങ്ങൾ നിന്റെ ശ്രദ്ധയിൽ കൊണ്ടുവരും. വളരെ ചെറുതാണെന്ന് തോന്നുന്ന അനേകം കാര്യങ്ങളെ പരിശുദ്ധാത്മാവ് ആത്മഭാരത്തോടെ ചിന്തയിൽ തരും. മറ്റുള്ളതിനെക്കുറിച്ച് കുറ്റം പറയുവാനും അവരെ വിമർശിക്കുവാനും സാത്താൻ പ്രേരണ നൽകുമ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രാർത്ഥനയിൽ നാം അവർക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്യുവാൻ ആഗ്രഹിപ്പിക്കും.

ഓരോ ക്രിസ്തുശിഷ്യന്റെയുമുള്ളിൽ സുവിശേഷ ത്തിന്റെ വ്യാപ്തിക്കും അഭിവൃദ്ധിക്കും വേണ്ടിയുള്ള ആവശ്യബോധങ്ങൾ പരിശുദ്ധാത്മാവ് നൽകും. നമ്മുടെമേൽ കൂടുതൽ കൂടുതൽ പ്രാർത്ഥനാഭാരങ്ങൾ വച്ചുപിടിപ്പിക്കും. മനവരാശിയെ ഒന്നടങ്കം ആഴമായി സ്നേഹിക്കുവാൻ, അവരിൽ ക്രൂരന്മാരെ സ്നേഹിച്ചു പോറ്റിപുലർത്തുവാനും, ദൈവാത്മാവ് മനസ്സിൽ ചിന്ത തരും.

അസാധ്യങ്ങളുടെ ലോകത്തിലാണ് പരിശുദ്ധാത്മാവിൽ നിറഞ്ഞുള്ള വിശ്വാസത്തോടുകൂടിയുള്ള പ്രാർത്ഥനയ്ക്ക് സാധ്യതയുള്ളത്. സാധ്യതയുടെ ലോകത്തിൽ വിശ്വാസത്തിന് സ്ഥാനമില്ല. ഉദാഹരണത്തിന് സൈക്കിളിൽ നിന്ന് വീണ് കയ്യൊടിഞ്ഞാൽ സമീപത്തുള്ള ആശുപത്രിയി ലേക്ക് പോകും. എക്സറേയെടുത്ത്, പിന്നെ വേണ്ടതൊക്കെ ചെയ്യും. അത് സാധ്യതയുടെ ലോകമാണ്. എന്നാൽ ക്യാൻസർ വന്ന് മൂന്നും നാലും സ്റ്റേജിലെത്തിയാൽ അത് അസാധ്യത യുടെ ലോകമാണ്. അവിടെ വിശ്വാസത്തോടുകൂടിയുള്ള പ്രാർത്ഥനയ്ക്ക് സ്ഥാനമുണ്ട്. മനുഷ്യനാൽ സാധ്യമാകു ന്നിടത്ത് ദൈവനാമം മഹത്വപ്പെടുന്നുണ്ടെങ്കിലും ദൈവനാമം മഹത്വപ്പെടാതെ മാറിനിന്നെന്നുവരും. അതായത് മാനുഷിക ശക്തി അസ്തമിക്കുമ്പോൾ വിശ്വാസിയുടെ ശക്തി വർദ്ധിക്കും. വിശ്വാസമാണ് ദൈവത്തെ പണിപ്പുരയിലേക്ക് കൊണ്ടു പോകുന്നത്. വിശ്വാസത്തിന്റെ വിലയിരുത്തൽ എല്ലാ ചോദ്യ ങ്ങൾക്കും ഉത്തരം ദൈവം എന്നുമാത്രമാണ്. എല്ലാ പ്രയാസങ്ങൾക്കും ഏകപരിഹാരം ദൈവമെന്ന് മാത്രമാണ്. അവിടെയെല്ലാം ദൈവത്തിന് വിട്ടുകൊടുക്കുന്നു. സകല ഉറവിടവും ദൈവത്തിലാണെന്ന് കരുതുന്നു. എന്നാൽ അവിശ്വാസി ചോദിക്കും, ''അതെങ്ങനെ, അതെങ്ങനെ, അതെങ്ങനെ"? എല്ലാത്തിനും ഉത്തരം ഒന്നേയുള്ളു. "ദൈവം, ദൈവം, ദൈവം."

ലൂക്ക.1:37–ൽ ദൈവത്തിന് ഒരു കാര്യവും അസാധ്യമല്ലല്ലോ എന്നെഴുതിയിരിക്കുന്നു. ഉല്പ.18:14–ൽ യഹോവയാൽ കഴിയാത്ത കാര്യമുണ്ടോ എന്ന് രേഖപ്പെടു ത്തിയിരിക്കുന്നു. ലൂക്കോ.18:27–ൽ മനഷ്യനെക്കൊണ്ട് അസാധ്യമായത് ദൈവത്താൽ സാധ്യമാണ് എന്ന് പറഞ്ഞിരിക്കുന്നു. മർക്കോ.9:23–ൽ വിശ്വസിക്കുന്നവന് ഏത് കാര്യവും സാധ്യമാണ് എന് പറഞ്ഞുവെച്ചിരിക്കുന്നു.

# യഥാർത്ഥ ശിഷ്യത്വം

## ദേവസ്യാ മുല്ലക്കരസാർ

ഫിലി.4:13-ൽ "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിലും മതിയായവൻ ആകുന്നു.'' എന്നാൽ സാത്താനും ജഡവും വചനരാഹിത്യവുംകൂടി സംശയത്തെ കൊണ്ടുവരും. ഉടനെ തടസ്സങ്ങളാകും. സംശയമായാൽ ഒരടി മുന്നോട്ട് ചലിക്കാൻ പിന്നെ കഴിയുകയില്ല. വിശ്വാസത്താൽ ഇറങ്ങിത്തിരിക്കുമ്പോൾ ആത്മീയശോധനകൾക്ക് വിധേയപ്പെട്ടേക്കാം. സാമ്പത്തികഭാരങ്ങളാൽ പ്രയാസപ്പെട്ടേക്കാം. അപ്പോൾ നമ്മൾ ലൂക്കോ.17:5-ൽ അപ്പൊസ്തലന്മാർ പ്രാർത്ഥിച്ചതുപോലെ നമ്മുടെ വിശ്വാസത്തെ വർദ്ധിപ്പിച്ചുതരേണമെ എന്ന് പ്രാർത്ഥിച്ചുകൊണ്ടേയിരിക്കുക. വിശ്വാസത്തിൽ എന്തെങ്കിലും യുക്തിക്കുറവുണ്ടെന്നു തോന്നിയാൽ ഉദാഹരണത്തിന് മരിച്ചുപോയ ഒരാളോട് എഴുന്നേൽക്കാൻ പറയണമെന്നുണ്ടെങ്കിൽ പറയുന്നതിൽ യുക്തിക്കുറവ് തോന്നിയേക്കാം. എന്നാൽ ഒരു സൃഷ്ടി തന്റെ സൃഷ്ടാവിനെ വിശ്വസിക്കുന്നതിനേക്കാൾ ന്യായയുക്തമായി ഒന്നുമില്ല. മരിച്ചയാളിന്റെ മൃതാവസ്ഥയെ അല്ല കാണേണ്ടത്, സ്രഷ്ടാവിന്റെ ശക്തിയെയാണ്.

ആദികാല വിശ്വാസികൾ അപ്പൊസ്തലന്മാരുടെ ഉപദേശങ്ങൾ കേട്ടിരുന്നു. അവരോടൊത്ത് കൂട്ടായ്മ ആചരിച്ചിരുന്നു. അപ്പം ഒന്നിച്ചു നുറുക്കിയിരുന്നു. സകലരും ഒന്നിച്ചിരുന്ന് പ്രാർത്ഥിച്ചിരുന്നു (അപ്പൊ.2:42). അപ്പൊസ്തലന്മാരാൽ, ഏറിയ അത്ഭുതങ്ങളും അടയാളങ്ങളും നടന്നത് കണ്ടും കേട്ടും അനുഭവിച്ചും എല്ലാവരും ഭയപ്പെട്ടു. വിശ്വസിച്ചവരെല്ലാവരും ഒരുമിച്ചിരുന്ന് സകലവും പൊതുവക എന്ന് എണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റ് അവനവന് ആവശ്യമുള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും ഒരുമനപ്പെട്ട് ദിവസംപ്രതി ദൈവാലയത്തിൽ കൂടി വരികയും, വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ട് ഭക്ഷണം കഴിക്കുകയും ദൈവത്തെ സ്തുതിക്കുകയും സകല ജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തു (അപ്പൊ.2 43-46). ആദികാലസഭ ദൈവത്തെ ഭയപ്പെടുന്ന സഭയായിരുന്നു. ദൈവാത്മാവ് അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുന്ന സഭയായിരുന്നു. യാതൊരുവിധ വലിപ്പച്ചെറുപ്പവും ഭാവിക്കാതെ വസ്തുവകകൾ പങ്കിട്ടിരുന്നു. ഈ വിധത്തിലായിരുന്നു ആദികാലസഭാംഗങ്ങളുടെ ജീവിതമെന്നതിനാൽ രക്ഷിക്കപ്പെടുന്നവരെ, കർത്താവ്, ദിനമ്പ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു (അപ്പൊ.2:47).

വളരെ കൂടുതൽ പ്രതിബന്ധങ്ങളുണ്ടായിട്ടും അന്ന് സഭ തഴച്ചുവളരുവാനുള്ള പ്രധാന കാരണം യേശു എന്ന ഗുരുവിന്റെ ശിഷ്യത്വത്തിൽ ആയിരുന്നു എല്ലാവരും. യെരൂശലേമിൽ ശിഷ്യന്മാരുടെ എണ്ണം വർദ്ധിച്ചുകൊണ്ടേയിരുന്നു, അക്കാലത്ത്. അപ്പൊസ്തലന്മാരുടെ കൈകളിലൂടെ അത്ഭുതങ്ങളും അടയാളങ്ങളും നടന്നതുകണ്ട്, അത് ശിഷ്യത്വത്തിലേക്ക് വന്നവരിലൂടെയും സംഭവിക്കുന്നത് കണ്ട് ഭയത്തോടും വിറയലോടുംകൂടിയാണ് സഭ വളർന്നുകൊണ്ടിരുന്നത്. അപ്പൊസ്തല പ്രവർത്തനങ്ങൾ 5-ാം അദ്ധ്യായത്തിൽ അനന്യാസ്-സഫീറാ ദമ്പതികൾക്കുണ്ടായ സംഭവം അക്കാലത്തെ ശിഷ്യന്മാരെയും, ചേർന്നുനിന്നവരെയും, ഭയചകിതരായി വളർത്തിയതോടൊപ്പം, 3-ാം അദ്ധ്യായത്തിലെ മുടന്തന്റെ സൗഖ്യം, എല്ലാവരുടെയുംമേൽ വന്ന ദൈവാത്മാവിന്റെ വീര്യപ്രവൃത്തിതന്നെ എന്ന്, പത്രൊസ് എന്ന പ്രമുഖ ശിഷ്യത്വത്തിന്റെ ഉടമയിലൂടെയാണ് അത് സംഭവിച്ചതെന്നും എല്ലാവർക്കും മനസ്സിലാക്കിക്കൊടുത്തു.

1985-നും 95-നും മദ്ധ്യേ കത്തോലിക്കാസഭയിൽ ഒരു ഉണർവ്വുണ്ടാക്കി പരിശുദ്ധാത്മാവ്. അത് കേരളത്തിൽ തൃശ്ശൂർ ജില്ലയിലെ ചാലക്കുടിക്കടുത്ത് പോട്ട-ഡിവൈൻ ധ്യാനമന്ദിരങ്ങളിലൂടെയായിരുന്നു കൂടുതലും. പോട്ടയിൽ കൊച്ചുമാത്യു അച്ചനിലൂടെയും ഡിവൈനിൽ ജോർജ്ജ് പനക്കലച്ചനിലൂടെയും ദൈവം അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുവാൻ തുടങ്ങി. അവിടെ മാത്രമല്ല കേരളം മുഴുവനിലും ലോകത്തെല്ലായിടത്തും ഫാ. മാത്യു നായ്ക്കാംപറമ്പിലിലൂടെയും ദൈവം അത്ഭുതങ്ങൾ പ്രവർത്തിച്ചു. പഴയനിയമത്തിലെ ഏലിയാവിനൊപ്പമോ പുതിയനിയമത്തിലെ പത്രൊസ് പൗലൊസുമാർക്ക് ഒപ്പമോ എന്നൊക്കെ പറയാവുന്ന വിധത്തിലായിരുന്നു അത്ഭുതങ്ങൾ. ജനലക്ഷങ്ങൾ അവിടെയെത്തി ദൈവാത്മാവിന്റെ പ്രവർത്തനങ്ങൾ നേരിട്ട് കണ്ടതാണ്, കേട്ടതാണ്, അനുഭവിച്ചതാണ്. ആ കാലഘട്ടത്തിൽ കുറച്ചുകൂടി, ജ്ഞാനസ്വഭാവത്തോടുകൂടി കോഴിക്കോട് ജില്ലയിൽ N.R.C എന്ന, സി.ജെ വർക്കിച്ചന്റെ ധ്യാനമന്ദിരത്തിലും (പെരുവണ്ണാമൂഴിക്കടുത്ത്) ദൈവാത്മാവ് പ്രവർത്തനങ്ങൾ തുടങ്ങി. അതായത് വെളിപ്പാടുകൾ (പ്രവചനവരം) ഉപയോഗിച്ചുകൊണ്ട് ചില അത്മായകൗൺസിലേഴ്സിലൂടെയും പ്രസ്തുത അച്ചനിലൂടെയും കർത്താവ് ശക്തമായി ഇടപെട്ടു. ഇത് ആരെങ്കിലും വിചാരിക്കുന്നതുപോലെ വെളിച്ചദൂതന്റെ വേഷം ധരിച്ചുകൊണ്ടുള്ള (2 കൊരി.11:14) സാത്താന്റെ തന്ത്രങ്ങളൊന്നും അല്ലായിരുന്നു.

# യഥാർത്ഥ ശിഷ്യത്വം

## ദേവസ്യാ മുല്ലക്കരസാർ

യഥാർത്ഥ ശിഷ്യത്വത്തെ ജീവിതത്തിലുടനീളം കാഴ്ചവെച്ച കുറെ മനുഷ്യരിലൂടെ ദൈവാത്മാവ് ഇടപെട്ടതായിരുന്നു. ആ നവീകരണം മറ്റൊരു ദൈവമായിരിക്കുന്ന സെൻഹെദ്രീൻ സംഘനേതാവായ പാപ്പായുടെയും വർക്കിവിതയത്തിൽ (എറണാകുളം) ക്ലീമീസ് (തിരുവനന്തപുരം) ഫ്രാൻസീസ് കല്ലറക്കൽ (എറണാകുളം) കുര്യാക്കോസ് കുന്നശ്ശേരി (കോട്ടയം) മുതലായവരുടെയും ആദ്ധ്യാത്മികനേതൃത്വത്തിൽ നിന്നും പരിശുദ്ധാത്മാവിന്റെ കീഴിലേക്ക് ജനങ്ങളെ കൊണ്ടുവന്ന് എല്ലാവർക്കും രക്ഷ കൊടുക്കുന്നതിന് വേണ്ടിതന്നെയായിരുന്നു. പക്ഷേ കത്തോലിക്കാ ബിഷപ്പ്സ് കോൺഫ്രൻസ് ഈ വമ്പിച്ച നവീകരണത്തെ കുർബ്ബാന വൽക്കരണത്തിലൂടെയും മറിയവൽക്കരണത്തിലൂടെയും പരാജയപ്പെടുത്തിക്കളഞ്ഞു. എങ്ങനെയെന്നോ? കുളത്തു വയൽ (കോഴിക്കോട്, പെരുവണ്ണാമൂഴിക്കടുത്ത്) എൻ.ആർ.സി യിൽ അത്മായരായ പ്രവാചകന്മാരെയൊക്കെ മാറ്റി, പകരം സിസ്റ്റേഴ്സിനെ വെച്ചു. ദൈവാത്മാവിന്റെ പ്രവർത്തനങ്ങൾ അതോടെ അവിടെ ഇല്ലാതെയായി. പകരം വന്ന പുരോഹിതന്മാരിലൂടെയും സിസ്റ്റർമാരിലൂടെയും ദൈവാത്മാവ് പ്രവർത്തിക്കാതെയായി. ഇപ്പോൾ ധ്യാനമന്ദിരം തീരെ പ്രവർത്തനങ്ങളില്ലാതെയായി. ഇക്കാര്യം സത്യമാണ്. ഞാനും കണ്ണൂരുള്ള ചെറുപുഴയിൽ ഞങ്ങൾ അത്മായരുടെ സമ്പാദ്യമുപയോഗിച്ച് ബത്തേരി ബിഷപ്പിന്റെ ഇടവക പ്പള്ളിയിൽ അവരുടെ ഉടമസ്ഥതയിലും, മേൽനോട്ടത്തിലും ഞങ്ങൾ ശുശ്രൂഷിച്ചുകൊണ്ടുള്ള ഒരു ധ്യാനമന്ദിരം ഉണ്ടായിരുന്നു. ഞങ്ങൾ ശുശ്രൂഷകരല്ല അഭിഷിക്തരായിരുന്നു. ഞങ്ങൾ സഭയുടെ കുർബ്ബാന-മറിയ തുടങ്ങിയ ദുരുപദേശങ്ങൾ പ്രസംഗിക്കാതെ സത്യം പറയുവാൻ തുടങ്ങിയതോടെ അസ്വസ്ഥതയായി. ഞങ്ങളോട് ധ്യാനമന്ദിരം വേണോ തന്നെ വേണൊ എന്ന് ക്രിസ്തു ചോദിച്ചു. ഞാൻ പറഞ്ഞു. അങ്ങയെ മതിയെന്ന്. ധ്യാനമന്ദിരം നിരുപാധികം ഉപേക്ഷിച്ച് ഞങ്ങൾ സത്യത്തിലേക്ക് ഇറങ്ങി. പല അച്ചന്മാരും എന്റെകൂടെ നിന്ന് പിരിഞ്ഞ പഴയകൂട്ടുകാരുമൊക്കെ എത്ര പരിശ്രമിച്ചിട്ടും കർത്താവ് പിന്നെ ആ പ്രസ്ഥാനത്തെ വളർത്തിയില്ല.

മഹാ തന്ത്രജ്ഞനായ സാത്താൻ അന്നത്തെ അത്മായശ്രേഷ്ഠരിൽ ഉദ്യോഗം ഉപേക്ഷിച്ച ഒരാളെ മരിയോളജിയിലും സഭയോളജിയിലും വളർത്തി, ശാലോം ടിവിയുടെയും പത്രത്തിന്റെയും, സഭയിലെ ഏറ്റവും ഉയർന്ന അത്മായന്റെയുമൊക്കെ സ്ഥാനത്താക്കുകയും ഒക്കെ ചെയ്തിട്ടും പാവം ജനം ഇതൊന്നും അന്നും ശ്രദ്ധിക്കുന്നില്ല ഇന്നും ശ്രദ്ധിക്കുന്നില്ല. അദ്ദേഹം നല്ല ഒരു സമുദായ പരിഷ്ക്കർത്താവായും നേതാവായും തുടരുന്നുവെങ്കിലും ദൈവാത്മാവിന്റെ കൃപയുടെ നീർച്ചാലുകൾ പഴയതുപോല ഒഴുകുന്നില്ലെന്ന് തോന്നുന്നു. അഥവാ ഉണ്ടെങ്കിൽ ദൈവനാമം മഹത്വമെടുക്കട്ടെ. വിവിധ ഭാഷകളിലായി, ശരാരശി നാല്പതിനായിരം ജനങ്ങൾ ആഴ്ചവട്ടം വന്നും പോയുമിരിക്കുകയായിരുന്നു ചാലക്കുടിയിലെ ഡിവൈനിൽ. മാനസികരോഗങ്ങളുള്ളവരെയോ, മദ്യപാനികളെയോ ശുശ്രൂഷിച്ച് മരുന്നുകൊടുക്കുന്ന ആശുപത്രികളും അക്കൂടെയുണ്ടായിരുന്നു.

പനയ്ക്കലച്ചനിലൂടെയും നായ്ക്കാംപറമ്പിലച്ചനിലൂടെയും കർത്താവ് അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കു ണ്ടെങ്കിലും സഭാപിതാക്കന്മാർ അത്തരം ധ്യാനങ്ങളെ സൂത്രത്തിൽ സഭാശുശ്രൂഷകൾകൊണ്ട് നിറച്ച് അത്ഭുതങ്ങൾ കുറഞ്ഞുകുറഞ്ഞ് ആളുകളുടെ ഒഴുക്കും കുറഞ്ഞു. ചാലക്കുടിയിൽ പിന്നീട് ഏതൊ പോലീസ് കേസൊക്കെ വന്നപ്പോൾ സഭയുടെ കുതന്ത്രം കണ്ട ദൈവാത്മാവ് വഴി മാറിക്കൊടുക്കുകയോ മനുഷ്യന് ഭയങ്കര സ്വാതന്ത്ര്യം എന്നും കൊടുക്കുന്ന ദൈവാത്മാവ് മാറിപ്പോവുകയോ ചെയ്ത് ചെയ്ത് ഇപ്പോൾ നാമമാത്രമായ പ്രവർത്തനങ്ങളേ അവിടെ കാണുവാനുള്ളു എന്നായി. ശിഷ്യത്വത്തിന്റെ കല്പടവുകളിൽ നിന്ന്, തിരുവചനത്തിന്റെ സപര്യയിൽ നിന്ന് നേതൃത്വമോ അണികളോ വഴിമാറിയതാണീ വൻവീഴ്ചകൾക്കു കാരണം. ചക്യത്ത് എന്നൊരു ബിഷപ്പാണ് ഈ തുരപ്പൻ പണികൾക്ക് നേതൃത്വം കൊടുത്തത് എന്ന് ചിലർ പറയുന്നത് ശരിയാണെങ്കിലും തെറ്റാണെങ്കിലും അദ്ദേഹത്തിലൊക്കെ യുള്ള വചനസ്നേഹത്തിനപ്പുറം മതസ്പിരിറ്റാണ് കാരണമെന്നു കരുതാം. പൗരോഹിത്യ മേധാവിത്വത്തിന്റെ കരിങ്കൽ ഭിത്തികൾക്കകത്തുള്ള കൂദാശകളെന്ന കട്ടിലുകളിലും കസേരകളിലും വിശ്രമജീവിതം നയിക്കുന്ന അൽഫോൻസാമാരും യൂദാമാരും അന്തോനിമാരും ചേർന്ന് തത്ത കളിപ്പിക്കുന്ന കേരള കത്തോലിക്കരെയും ഇന്ത്യയെയും രക്ഷിക്കാൻവേണ്ടി കർത്താവ് കൊണ്ടുവന്ന 'കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ'മെന്ന കൊടുങ്കാറ്റിനെ ചക്യത്ത് ചായക്കോപ്പയിൽ ആക്കിയെന്നത് പണ്ട് എന്നോടൊപ്പ മുണ്ടായിരുന്ന സാം എന്ന ചക്കരകുട്ടനോ, നല്ലവനിൽ നല്ലവനായ പാലക്കാട്ടെ കരിമ്പക്കാരൻ മൈക്കിൾചേട്ടനൊ,

## പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക

# ദേവസ്യാ മുല്ലക്കര സാർ

# 9495932106, 9946635111

### സമയം: രാവിലെ 6 മുതൽ 9 വരെ

### പ്രാർത്ഥനാ സഹായങ്ങൾക്കും കത്തിടപാടുകൾക്കും

**എറണാകുളം അഡ്രസ്സ്:**

ദേവസ്യാ മുല്ലക്കര, കൂടാരം വില്ല,
ഹൗസ് നമ്പർ 70, പുളിക്കില്ലം
വെസ്റ്റ് റോഡ്, ചെമ്പുമുക്ക്,
കൊച്ചി-682 030.
കേരള, സൗത്ത് ഇന്ത്യ.

**ഹെഡ്ഡ് ഓഫീസ് അഡ്രസ്സ്:**

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരളം.
പിൻകോഡ്: 670 511.

### e-mail: ekmoffice@gmail.com
### our official website: www.churchofeternity.org

## Cheque And Drafts ചെക്കുകളും ഡ്രാഫ്റ്റുകളും

**അയക്കേണ്ട വിലാസം:**

**Devasia mullakkara**
**PB. No.1**
**Cherupuzha(P.O)**
**Kannur(Dist), Kerala**
**Pin Code: 670 511**
**Ph: 04985 213999**

ദേവസ്യാ മുല്ലക്കര,
PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരള.
പിൻകോഡ്: 670 511.
Ph: 04985-213999

മണിയോർഡറുകൾ അയക്കുമ്പോൾ തുക ട്രസ്റ്റിന്, ചർച്ചിന്, ഓൾഡേജ് ഹോമിന് എന്നത് വേർതിരിച്ച് എഴുതുക. അഡ്രസ്സിൽ ഫോൺ നമ്പർ കൂടി ഉറപ്പുവരുത്തുന്നത് ഉപകാരപ്രദമായിരിക്കും.
NB: NEFT വഴി തുക അയച്ച വിവരം മുകളിൽ കൊടുത്തിരിക്കുന്ന ഇ-മെയിലിലോ, വിലാസത്തിലോ, ഫോൺ നമ്പറിലോ അറിയിക്കുക.

# യഥാർത്ഥ ശിഷ്യത്വം

## ദേവസ്യാ മുല്ലക്കരസാർ

(12-ാം പേജിൽ നിന്നും തുടർച്ച)

മാലോം ബ്രദേഴ്സ് എന്നറിയപ്പെടുന്ന കാസർകോഡുകാരൻ പഞ്ചാരക്കുട്ടനായ ജോസ് സാറിനൊ എന്റെപോലും എൽഡറായിരുന്ന മഠത്തിമാലിൽ തോമസ് ചേട്ടനൊ പാവം ബിനോയിക്കോ ഇനിയും മനസ്സിലായിട്ടില്ല. ഞങ്ങൾ 2 പേർ മാത്രമാണ്. കാത്തോലിക്കാ സഭയിൽ കരിസ്മാറ്റിക് മണ്ഡലത്തിൽ പിടിച്ചു നിന്നിട്ട് പൂർണ്ണ സത്യത്തിലേയ്ക്ക് എത്തിയത്. വളരെ ശ്രദ്ധേയനായ ജോസ് ആനത്താനവും, നിസ്സാരനായ ഞാനും. കരിസ്മാറ്റിക് നവീകരണത്തിലെ, അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുവാൻ, ദൈവകരങ്ങളിലെ ഉപകരണങ്ങളായ സകലരെയും ഒതുക്കിയ സഭാനേതൃത്വത്തിന് ഞങ്ങളെ ഒതുക്കുവാൻ കഴിയാതെയിരുന്നത് ഞങ്ങളുടെ മിടിക്കുകൊണ്ടൊന്നുമല്ല, ദൈവാത്മാവിന്റെ സത്വര ശ്രദ്ധ കൊണ്ടാണ്, കണ്ണൂർ ജില്ലയിലെ ചെറുപുഴയിൽ സ്വന്തം ധ്യാനമന്ദിരം പോലും ഉണ്ടായിരുന്ന ഞാൻ ദൈവകൃപയോട് സഹകരിച്ച് വിശ്വാസ സ്നാനം സ്വീകരിച്ച് ദൈവസഭയുടെ പ്രവർത്തനങ്ങൾ തുടരുന്നത് കൃപയാൽ മാത്രമാണ്. ശിഷ്യത്വത്തിന്റെയും സമർപ്പണത്തിന്റെയും കടുത്ത അഗ്നി ശോധനയിലൂടെ ഞാൻ കടന്നു പോകുമ്പോൾ പഴയ സമുദായക്കാർ അവർക്ക് പറ്റുന്നപോലെയും പെന്തക്കോസ്ത് അനുഭവത്തിലെ ശുശ്രൂഷകന്മാരിൽ എന്നെ പഠിക്കാത്തവർ അവർക്കു പറ്റുന്നതുപോലെയും എതിരണിയൊരുക്കുമ്പോൾ, യതാർത്ഥ ശിഷ്യത്വത്തിന്റെ കുറവിനാൽ മാത്രമാണ് അവർ അപ്രകാരം ചെയ്യുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു.

ശിഷ്യത്വം എന്ന വാക്കു തന്നെ എഴുതണമെങ്കിൽ അതിനു തന്നെ ശിഷ്യത്വം അത്യന്താപേക്ഷിതമാണ്. ശിഷ്യത്വം ക്രിസ്തു മാർഗ്ഗമാണ്. ശിഷ്യത്വം ക്രൂശിന്റെ മാർഗ്ഗമാണ്. ആദിമ സഭയിൽ അത് ശക്തമായ തോതിൽ ഉണ്ടായിരുന്നു. അന്നത്തെ പുരോഹിതവർഗ്ഗം ഏതെല്ലാം കുതന്ത്രങ്ങൾ ഉപയോഗിച്ചാണ് വ്യതിയാനം വരുത്തിയതെന്ന് എല്ലാവർക്കും അറിയാം. ഇന്നത്തെയും പുരോഹിതവർഗ്ഗമോ, എപ്പിസ്ക്കോപ്പിസത്തിന്റെ ശൈലിയെ കഴുകന്റെ കണ്ണോടുകൂടി ലക്ഷ്യം വയ്ക്കുന്നവരോ, അവർ എന്തും ചെയ്യട്ടെ, ശുശ്രൂഷയുടെ അടിസ്ഥാന വിജയം ശിഷ്യത്വപരിശീലനം കിട്ടിയ ശുശ്രൂഷകരിലൂടെ മാത്രമാണ്.

അപ്പസ്തോല പ്രവർത്തനങ്ങൾ രണ്ടാമദ്ധ്യായം പരിശുദ്ധാത്മാഭിഷേകം എന്ന വാക്കിന്റെ വിശദാംശങ്ങളെ നമ്മുടെ മുമ്പിൽ മലർക്കെ തുറന്നിടുകയാണ് (1) 1 കൊരിന്ത്യർ 12,13,14 അദ്ധ്യായങ്ങളും, പരിശുദ്ധാത്മാഭിഷേക ത്തിന്റെ വേരും കൊമ്പും ഇലയും നമ്മെ പഠിപ്പിക്കുന്നുണ്ട്. പരിശുദ്ധാത്മാഭിഷേകം ലഭിക്കുക എന്നതാണൊരു ശിഷ്യന്റെ മുഖമുദ്ര. കാരണം ഈ ശിഷ്യൻ സുവിശേഷത്തിന്റെ ശിഷ്യനാണ്, കർത്താവിന്റെ ശിഷ്യനാണ്. പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച കത്തോലിക്കാ സഭയിലെ പനയ്ക്കലച്ചനും, നായ്ക്കാംപറമ്പിലച്ചനും ഒക്കെ ചെയ്ത പ്രസംഗങ്ങൾ മൂലം ജനലക്ഷങ്ങളാണ് മാനസാന്തരപ്പെട്ടത്, മദ്യപാനം നിർത്തിയത്, തകർന്ന കുടുംബ ബന്ധങ്ങൾ ഇഴചേർത്ത് ഒന്നിപ്പിച്ചത്. പുണ്യവാന്മാരിൽനിന്നും കുമ്പസാരങ്ങൾ കുർബാനകൾ തുടങ്ങിയ സംഭവങ്ങളിൽ നിന്നുമൊക്കെ പിന്തിരിഞ്ഞ് ദൈവവചനത്തിലേക്ക് പതിനായിരങ്ങൾ കടന്നുവന്നായിരുന്നു, അവരിലൂടെ. പക്ഷേ ആ പാത പിന്തുടരുവാൻ സഭക്ക് കഴിഞ്ഞില്ല. ആ സഭയിൽ ഫോളൊ അപ്പ് ചെയ്യുവാൻ നിയോഗിക്കപ്പെട്ട കർതൃശിഷ്യന്മാർ ജപമാലചൊല്ലലിന്റെയും വിഗ്രഹം എഴുന്നള്ളിച്ചുവെച്ചുള്ള കുർബാനയാരാധനകളുടെയും മണ്ഡലത്തിൽ വട്ടം കറങ്ങാനുള്ള സംവിധാനങ്ങളാണ് ബിഷപ്പുമാരുടെ പ്രതിനിധികളായ അച്ചന്മാരും മദറുമാരും ചെയ്തുകൊടുത്തത്. പാവം അല്മായനുകിട്ടിയ വരങ്ങളൊക്കെയും കുമ്പസാരകൂടുകളിൽ വിസർജ്ജിച്ചിട്ടിട്ടതോടെ പരിശുദ്ധാത്മാവിന്റെ "കാറ്റ് അതിനിഷ്ടമുള്ളിടത്തേക്ക് വീശി'' (യോഹ.3:8). പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച പെന്തക്കോസ്ത് പാസ്റ്റർമാരുടെ പ്രാർത്ഥനയുടെയും ശ്രമത്തിന്റെയും ഫലമായി ബിംബാരാധനാ മതങ്ങൾ ഉപേക്ഷിച്ച്, ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്നവരുടെ എണ്ണം അസംഖ്യമായി. കേരളത്തിലെ എല്ലാ പെന്തക്കോസ്ത് ചർച്ചുകളിലേക്കും 1985-നും 2000-നും ഇടയിൽ നൂറുകണക്കിന് ആത്മാക്കൾ എത്തുവാനെങ്കിലും കരിസ്മാറ്റിക്നവീകരണം സഹായിച്ചു.

അങ്ങനെ വന്നവർ ചാലക്കുടിയിലെ ഡിവൈനിലൊക്കെ കണ്ട അഭിഷേകാഗ്നിയുടെ തുടർച്ചയാണോ ഇപ്പോൾ കാണുന്നതെന്ന് ചോദച്ചാൽ അവിടെനിന്നും വന്നവരും ഇവിടെ വന്നു കണ്ടവരുമായവരോട് ചോദിച്ചാലേ അറിയൂ. എവിടെനിന്നു വന്നവരായാലും അഭിഷേകാഗ്നിയുടെ സ്വഭാവത്തിന് വ്യത്യാസം വരികയില്ല, കാരണം അത് മാറ്റമില്ലാത്ത വചനത്തിന്റെ ശക്തിയായ പരിശുദ്ധാത്മ ശക്തിയാണ്. അത്, മരിച്ചുപോയ സി.ജെ വർക്കിച്ചനെയും മരിച്ചുപോയ പാ.കെ.ഇ എബ്രഹാമിനെയും ജീവിച്ചിരിക്കുന്ന

# യഥാർത്ഥ ശിഷ്യത്വം

ദേവസ്യാ മുല്ലക്കരസാർ

നായ്ക്കാംപറമ്പിലച്ചനെയും ജീവിച്ചിരിക്കുന്ന പാ.കെ.സി ജോണിനെയും ഒരേ പോലെ നിറക്കേണ്ടതാണ്, നിറച്ചതാണ്. വൈദ്യുതി വൈദ്യുതി തന്നെയാണ്. വെള്ളച്ചാട്ടത്തിൽ നിന്നെടുത്താലും ആണവനിലയത്തിൽ നിന്നെടുത്താലും വൈദ്യുതി, വൈദ്യുതി തന്നെയാണ്. ഇതുപോലെ കത്തോലിക്കന്റെമേൽ വന്നാലും ഹിന്ദുവിന്റെമേൽ വന്നാലും പെന്തക്കോസ്ത്കാരിയുടെമേൽ വന്നാലും പരിശുദ്ധാത്മാവ് പരിശുദ്ധാത്മാവ് തന്നെയാണ്. പരിശുദ്ധാത്മാഭിഷേകം ലഭിക്കുക എന്നതാണ് ശിഷ്യന്റെ പ്രധാന സവിശേഷത.

യേശുവിനെ അനവധി ആളുകൾ അനുഗമിക്കുന്നുണ്ട്, അനുദിനം. എന്നാൽ എത്രപേർ, അവന്റെ ശിഷ്യത്വം ഏറ്റെടുക്കുന്നുണ്ട്? (2) യേശുക്രിസ്തുവുമായി സമ്പൂർണ്ണമായ ഒരു ബന്ധം, പൂർണ്ണസമർപ്പണത്തിലൂടെ ലഭിക്കുക എന്നതാണ് ഒരു യഥാർത്ഥ ശിഷ്യന്റെ ദർശനം. ഉദ്യോഗമുള്ളവർ ഒഴിവുസമയത്തും അവധിക്കാലത്തും ശുശ്രൂഷയ്ക്ക് പോകുന്നപോലെയല്ല ഇത്. അതൊരു സോപാധിക സമർപ്പണമാണ്. ആഡംബരജീവിതത്തിനും ലൗകീകസുഖങ്ങൾക്കും ഇവിടെ തീരെ സാധ്യതയേയില്ല. ആഡംബരം ഒട്ടും പാടില്ല എന്നല്ല, നല്ല രുചികരമായഭക്ഷണം തീരെ കഴിക്കരുതെന്നുമല്ല. പിന്നെ എന്താണ്? യഥാർത്ഥ ക്രിസ്തുശിഷ്യനായാൽ പിന്നെ, അതിനൊന്നിനും സമയവുമില്ല, ആവശ്യബോധവുമില്ല എന്നാണ്.

ഈ നിരുപാധിക സമർപ്പണത്തിന്റെ കാരണം എന്താണെന്ന് വച്ചാൽ, രക്ഷകനായ യേശുവിന്റെ കാൽവരിയിലെ ത്യാഗത്തിന് നൽകുവാനുള്ള ഏറ്റവും ഉചിതമായ സമ്മാനം മറ്റൊന്നുമല്ല എന്നുള്ളതാണ്. പടയാളികൾ മാതൃരാജ്യത്തിനുവേണ്ടി എന്താണ് ചെയ്യുന്നത്? ശത്രുക്കളെ കാണുമ്പോൾ ഓടിയൊളിക്കുമോ? കീഴ്ക്കാം തൂക്കായ മലകൾ കാണുമ്പോൾ ഭയപ്പെട്ട് വിറക്കുമോ? യാതൊന്നുമില്ല. ശത്രുക്കളെ കീഴടക്കാൻ ശ്രമിക്കും. കഴിയുന്നില്ലെങ്കിൽ, അവിടെ മരിച്ചുവീഴും. അത്രതന്നെ. കിഴുക്കാംതൂക്കായ മലയിൽ കയ്യിലുള്ള ആയുധങ്ങളും വടവും ഉപയോഗിച്ച് വലിഞ്ഞ് കയറുവാൻ ശ്രമിക്കും. ഒറ്റത്തവണകൊണ്ട് മലയെ അങ്ങ് കീഴടക്കും അതാണ് ചെയ്യുക. ഇതുപോലെ യഥാർത്ഥ ശുശ്രൂഷകനായ ശിഷ്യൻ ക്രിസ്തുവിന്റെ വല വിരിക്കുമ്പോൾ വലതുവശത്ത് തന്നെയായിരിക്കണം. വലക്കണ്ണികൾ, അടുക്കേണ്ടതുപോല അടുത്തിരിക്കുകയും ഒക്കെ വേണം. യഥാർത്ഥമായ പാപബോധവും, പശ്ചാത്താപവും, മാനസാന്തരവും, വീണ്ടുംജനനവും ആണ് ഒരാളെ ശിഷ്യത്വത്തിന്റെ പൂർണ്ണസമർപ്പണത്തിലേക്ക് എത്തിക്കുക. ആ നാല് വാക്കുകളും ഒരേ മന്ദിരത്തിന്റെ നാല് ചുവരുകളാണ്. പാപബോധമുണ്ടായാൽ മാത്രമേ പശ്ചാത്താപം ഉണ്ടാവുകയുള്ളു. പശ്ചാത്താപത്തോടൊപ്പമാണ് മാനസാന്ത രാനുഭവം ഉണ്ടാകേണ്ടത്. അപ്പോൾതന്നെ വീണ്ടുംജനനവും സംഭവിക്കും. ഇതെല്ലാം തരേണ്ടത് പരിശുദ്ധാത്മാവാണ്. യോഹ.16:8,9-ൽ ''അവൻ വന്ന് പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും ന്യായവിധിയെ ക്കുറിച്ചും ലോകത്തിന് ബോധം വരുത്തും. അവർ എന്നിൽ വിശ്വസിക്കായ്കകൊണ്ട് പാപത്തെക്കുറിച്ചും, ഞാൻ പിതാവിന്റെ അടുക്കൽ പോകയും നിങ്ങൾ ഇനി എന്നെ കാണാതിരിക്കുകയും ചെയ്യുന്നതു കൊണ്ട് നീതിയെക്കുറിച്ചും, ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കകൊണ്ട് ന്യായവിധിയെക്കുറിച്ചും തന്നെ.''

ഒരു സാധാരണ മനുഷ്യൻ പാപിയാണെന്ന് അയാളെ ബോധ്യപ്പെടുത്തുക എന്നത് അത്ര പ്രയാസമില്ലാത്ത കാര്യമാണ്. ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതി (മത്താ.5:20) കൈവശമുള്ളവർക്ക് പാപബോധം അത്ര എളുപ്പത്തിൽ വരികയില്ല. അവർക്ക് പ്രാധാന്യം ആത്മാവിനല്ല, അക്ഷരത്തിനാണ്, ഉപദേശത്തിനാണ്. പൗരോഹിത്യസ്വഭാവം നിലനിർത്തുന്ന അക്കൂട്ടരും, അത്തരം പാപം ജനത്തോട് നിലനിർത്താൻ ശ്രമിക്കുന്ന ശുശ്രൂഷകരും-അവരെപ്പറ്റിയാണ്, പാപത്തെക്കുറിച്ച് ബോധ്യപ്പെടുത്തുക പ്രയാസമാണെന്ന് പറഞ്ഞത്. അതുപോലെതന്നെ പാപരിഹാരത്തിനായി നാം പ്രത്യേകിച്ച്, കുരിശിന്റെ വഴികൾ ചൊല്ലുകയോ തീർത്ഥാടനകേന്ദ്രങ്ങളിൽ സഞ്ചരിക്കുകയോ ചെയ്യുകയല്ല വേണ്ടത്, ക്രിസ്തുവിൽ വിശ്വസിച്ചാൽ പാപമോചനം ഉറപ്പാണെന്ന് പറഞ്ഞുകൊടുത്താലും, അത് അവന്, ബോധ്യം വരണമെങ്കിൽ പരിശുദ്ധാത്മാവ് കനിയണം.

സാത്താൻ ന്യായവിധിയിലകപ്പെടുകയേ ഉള്ളു. തീയും ഗന്ധകവും കത്തുന്നപൊയ്കയിൽ (വെളി.21:8) അവൻ തള്ളപ്പെടാൻ പോവുകയാണ് അന്തിമവിധിയിൽ. അവനും അവന്റെകൂടെ നിൽക്കുന്നവർക്കുമാണ് ന്യായവിധി. നാം

# യഥാർത്ഥ ശിഷ്യത്വം

## ദേവസ്യാ മുല്ലക്കരസാർ

കർത്താവിലാണാശ്രയിക്കേണ്ടത്. കർത്താവിൽ മാത്രം ആശ്രയിക്കുന്നവർക്ക് ന്യായവിധിയേ ഇല്ല. ഈ ലോകത്തിന്റെ ദൈവമായ സാത്താൻ (2 കൊരി.4:4) കുരിശിൽ ക്രിസ്തു മരിച്ചതോടെ പരാജയപ്പെട്ടുകഴിഞ്ഞിരിക്കുന്നു എന്നു തുടങ്ങിയ തിരിച്ചറിവുകളിലാണ് ന്യായവിധിയുടെ തെളിവുകൾ. യോഹ.16:8-10 വാക്യങ്ങളിലെ പാപം, നീതി, ന്യായവിധി എന്നീ വാക്കുകൾ നാം ശ്രദ്ധിക്കുക: ശുശ്രൂഷാമണ്ഡലത്തിൽ പേരും പെരുമയും എടുത്തവർക്ക് പോലും സംശയം വരാവുന്ന വാക്കുകളാണവ. നാം പാപം ചെയ്യാതിരിക്കുകയും, ദൈവനീതി നടപ്പിലാക്കാൻ ആവശ്യമായ ശ്രദ്ധ രൂഢമൂലമാവുകയും, അന്തിമന്യായവിധിയിൽ ക്രിസ്തുവിനോടുകൂടി സന്തോഷത്തോടെ ആയിരിക്കുകയും ചെയ്യും, എന്ന വലിയ തിരിച്ചറിവ് ഏതെങ്കിലും പ്രൊഫസർമാർക്കോ പ്രധാനമന്ത്രിമാർക്കോ എഞ്ചിനീയർമാർക്കോ അല്ല ഉണ്ടാവുക ശിഷ്യത്വപരിശീലനം ലഭിച്ച ഒരു ശുശ്രൂഷകനേ ഉണ്ടാകൂ. ഈ ഉന്നതമായ ദൈവരാജ്യസ്വഭാവം പരിശുദ്ധാത്മാവിന് മാത്രമേ നമ്മിൽ വളർത്തിയെടുക്കുവാൻ കഴിയൂ.

ഒരു ആത്മീയ ശുശ്രൂഷകൻ രാഷ്ട്രീയക്കാരനേപ്പോലെ, സഭയിൽ ചാഞ്ചാട്ടങ്ങൾ നടത്തുന്നുണ്ടെങ്കിൽ സ്തോത്രക്കാഴ്ചയുടെ കണക്ക് ചോദിക്കപ്പെടുമ്പോൾ ശാപവാക്കുകൾ പറയുന്നുണ്ടെങ്കിൽ, മറ്റുസഭകളിൽ പോയവരെ വഴക്കുകൊണ്ടും താക്കീതുകൊണ്ടും നിറക്കുന്നുണ്ടെങ്കിൽ, മറ്റു സഭകളിലെയും തന്റെതന്നെ സഭയിലെയും ശുശ്രൂഷകരുടെ ശുശ്രൂഷകളിലെ അപാകതകൾ കണ്ടുപിടിച്ച് പ്രസംഗത്തിലൂടെയും രഹസ്യമായും മറ്റുള്ളവരോട് പറയുന്നുണ്ടെങ്കിൽ അതൊക്കെയും ശിഷ്യത്വ പരിശീലനത്തിന്റെ കുറവാണ്. തന്നെ സമീപിക്കുന്ന വ്യക്തിയോട് ഇന്നയിന്ന തകർച്ചകൾ വരാൻ പോകുന്നു എന്ന് പറഞ്ഞ് ഭയപ്പെടുത്തുവാനും പാടില്ല. രോഗസൗഖ്യവരമോ ഭാഷാവരമോ ഏതെങ്കിലും കിട്ടിയില്ലെങ്കിൽ അഭിഷേകം പ്രാപിച്ചിട്ടില്ല എന്ന് മറ്റുള്ളവരോട് പറയുവാനും പാടില്ല. ശിഷ്യത്വ പരിശീലനം ലഭിക്കാത്ത ശുശ്രൂഷകനാണ് ഒരാളെങ്കിൽ അദ്ദേഹം കൈവിഷം ഉള്ളിൽ ലഭിച്ചുണ്ടെന്നും, ശത്രുക്കൾ പലതും ചെയ്തിട്ടുണ്ടെന്നും ഒക്കെ തട്ടിക്കളയും. ശിഷ്യത്വപരിശീലനം കിട്ടിയ വ്യക്തിയാണ് ആത്മീയശുശ്രൂഷകനെങ്കിൽ പ്രാർത്ഥിക്കപ്പെടുന്ന വ്യക്തിക്ക് ഭയമുണ്ടാകുന്ന വിധത്തിലൊന്നും പറയില്ല. ബന്ധനങ്ങൾ അഴിച്ചുകളയും ഒന്നുകിൽ, അല്ലെങ്കിൽ കൂടുതൽ കൂടുതലായി ക്രിസ്തുവിൽ ആശ്രയിച്ച് ബന്ധനങ്ങൾ അഴിക്കാൻ സഹായിക്കാം എന്നു പറയും.

ഗലാതൃലേഖനം നാം മുഴുവൻ പഠിക്കുമ്പോൾ പ്രത്യേകിച്ചും 3-ാം അദ്ധ്യായത്തിലൂടെ കടന്നുപോകുമ്പോൾ ക്രിസ്തുവിൽ വിശ്വസിക്കുന്ന വ്യക്തിക്ക് ആരുടെയും ശാപങ്ങൾ ഫലിക്കുകയില്ലെന്ന് കാണാം. പിന്നെ എങ്ങനെയാണ്, ഒരു ശുശ്രൂഷകൻ ഇടയ്ക്കിടക്ക് ശാപവാക്കുകൾ പറയുന്നത്? പഴയനിയമം മാത്രം പഠിച്ചും പഠിപ്പിച്ചും ശീലിച്ചതുകൊണ്ടല്ലേ ക്രിസ്തുവിലേക്ക് മുഴുവനായും വരാൻ കഴിയാത്തത്? ജനം, ദൈവത്തിന്റേതല്ലേ? ജനം ക്രിസ്തുവിലേക്കല്ലേ വരേണ്ടത്? സങ്കീർത്തനങ്ങളിലും സദൃശവാകൃങ്ങളിലും കൈകൊട്ടി പാട്ടുകളിലും ഭൂതങ്ങൾ വിട്ടുപോകേണ്ട ശുശ്രൂഷകളിലും മാത്രം ഭയപ്പെട്ട് കിടന്നാൽ മതിയോ? ക്രിസ്തുവിൽ ജനം എത്തിയാലല്ലേ അവർക്ക് മരിക്കുമ്പോൾ സ്വർഗ്ഗം കിട്ടുകയുള്ളു? അവർക്ക് ജീവിച്ചിരിക്കുമ്പോൾ സ്വസ്ഥത ലഭിക്കൂ? ഈ ജനം പണ്ട് ദൂരസ്ഥരായിരുന്നില്ലേ? ഇപ്പോൾ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായില്ലേ? (എഫേ.2:13). എത്ര സമാധാനമില്ലാത്ത കുടുംബാന്തരീക്ഷമായാലും ക്രിസ്തു നമ്മുടെ സമാധാനമല്ലേ? (എഫേ.2:14). പഴയനിയമകാലത്തും, മറ്റേത് മതവൈഭവകാലത്തും എന്തെല്ലാം ചട്ടങ്ങളും കല്പനകളും ഉണ്ടായിരുന്നുവെങ്കിലും **ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുച്ചുവർ ക്രിസ്തു ഇടിച്ചുകളഞ്ഞില്ലേ? (എഫേ.2:14). ന്യായപ്രമാണം ഒരു ജയിലധികാരിയെ പോലെയല്ലേ? ന്യായപ്രമാണം സകല മനുഷ്യരേയും ശാപഗ്രസ്തരാക്കിയിരിക്കുകയല്ലേ? ആ പഴയ പ്രമാണങ്ങളുടെ ജയിലിൽ കിടന്നിരുന്നവർക്ക് കൃപയാൽ, സൗജന്യ രക്ഷ നൽകിയ ക്രിസ്തുവിൽ ശരണം പ്രാപിക്കുകയല്ലേ വേണ്ടത്?**

ഇനി എന്നാണ് നാം പഠിക്കുക? യേശുക്രിസ്തുവിന്റെ കൃപയുടെ പ്രമാണത്തിൻ കീഴിലല്ലേ നമ്മൾ? ഒരാൾ യേശുക്രിസ്തുവിനെ പിൻപറ്റിയാൽ പിന്നെ ന്യായപ്രമാണ ത്തിനോട്ടും പ്രസക്തിയില്ല. ന്യായപ്രമാണം സീനായ് മലയിൽ ആരംഭിച്ച് കാൽവരിക്രൂശിൽ അവസാനിക്കുന്നു. അത് കാലഹരണപ്പെട്ടു എന്ന് പറയുന്നതിനേക്കാൾ ശ്രേഷ്ഠം, അത് ക്രിസ്തുവിന്റെ കൃപാപ്രവാഹത്തിന്റെ കുത്തൊഴുക്കിൽ ആയിക്കഴിഞ്ഞു എന്ന് പറയുന്നതാണ്. എന്നാൽ ന്യായപ്രമാണം എന്തിന്? വാഗ്ദത്തസന്തതി വരുവോളം അത് ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതും ദൂതന്മാർ മുഖാന്തരം

# യഥാർത്ഥ ശിഷ്യത്വം

ദേവസ്യാ മുല്ലക്കരസാർ

മദ്ധ്യസ്ഥന്റെ കയ്യിൽ ഏൽപ്പിച്ചതുമത്രേ. ഒരുത്തൻ മാത്രം എങ്കിൽ മദ്ധ്യസ്ഥൻ വേണ്ടി വരികയില്ല. ദൈവമോ ഒരുത്തൻ മാത്രം...... വിശ്വാസം വരും മുമ്പേ നമ്മിൽ വെളിപ്പെടുവാനിരുന്ന വിശ്വാസത്തിനായി നമ്മെ ന്യായപ്രമാണത്തിൻ കീഴിൽ അടച്ചുസൂക്ഷിച്ചിരുന്നു. അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് ന്യായപ്രമാണം ക്രിസ്തുവിന്റെ അടുത്തേക്ക് നടത്തുവാൻ നമുക്ക് ശിശുപാലകനായി ഭവിച്ചു. വിശ്വാസം വന്ന ശേഷമോ നാം ഇനി ശിശുപാലകന്റെ കീഴിലല്ല. ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു (ഗലാ.3:22-26). നാം ക്രിസ്തുയേശുവി ലെത്തണം. അതോടെ ശിക്ഷാവിധി തീർന്നു (റോമ.8:1) എന്നു പഠിപ്പിക്കേണ്ടവരായ ശുശ്രൂഷകർ ശാപവാക്കുകൾ പറയുകയും, സ്തോത്രക്കാഴ്ചക്കുവേണ്ടിയും മറ്റ് പലതരം സങ്കുചിത ചിന്തകൾക്കുവേണ്ടിയും പുതിയനിയമം പഠിപ്പിക്കാത്ത പ്രസ്താവനകൾ ഇറക്കുകയും ചെയ്യുന്നു ണ്ടെങ്കിൽ അതെല്ലാം നമ്മുടെ ശിഷ്യത്വത്തിന്റെ കുറവല്ലേ?

2010 മെയ് 2-ന് അമേരിക്കയിൽ നിന്നും എറണാകുളത്തേക്ക് വന്ന് അടിയന്റെ കൈക്കീഴിൽ സ്നാനം സ്വീകരിച്ച ഒരു കത്തോലിക്കാ പുരോഹിതനുണ്ട്. കുന്നംകുളം സ്വദേശിയും തൃശ്ശൂർ അതിരൂപതാംഗവുമാണെന്നാണ് അദ്ദഹം പറഞ്ഞത്. അദ്ദേഹം ചിക്കാഗോയിലെ ബാബു-എൽസിയുടെ വീട്ടിലാണിന്ന്. ഞാൻ വിളിച്ചപ്പോൾ എന്നോട് പറയുകയുണ്ടായി, ഇന്ത്യയിൽ നിന്നുള്ള ഒരു മുന്തിയ കർതൃദാസൻ വീടുകൾതോറും നടന്ന് ശാപമഴിക്കൽ ശുശ്രൂഷ നടത്തുന്നുണ്ടെന്ന്. ബാംഗ്ലൂരാണ് ആ കർതൃദാസൻ കൂടുതൽ സമയവും. യഥാർത്ഥത്തിൽ ശാപമഴിക്കൽ ശുശ്രൂഷയല്ല. സകല ശാപവും ക്രൂശിൽ കർത്താവ് അഴിച്ചു. ആ യേശുവിനെ നാം വചനം അനുസരിച്ച് പരിചയപ്പെടുത്തിയാൽ മതി. ശാപവിമുക്തി ലഭിച്ചുകൊള്ളും. ഒരു പക്ഷേ ആ കർതൃദാസൻ ഞാൻ പറഞ്ഞപോലെ വീടുകളിലെത്തി സുവിശേഷം പറയുകയായിരിക്കും. വിശ്വാസത്തോടെ പ്രാർത്ഥിക്കുക യായിരിക്കും. എന്നോട് പറഞ്ഞതിലെ അപാകതയോ ഞാൻ മനസ്സിലാക്കിയതിലെ അപാകതയോ ആകാം. ഏതായാലം ഗോൽഗോഥായിൽ മാനവപാപവും ശാപവും, പൈശാചികബന്ധനങ്ങളും എല്ലാം യേശു തീർത്തു. നാം ആ ക്രിസ്തുവിൽ ഒന്ന് വിശ്വസിച്ചാൽ മതി. നമ്മൾ ശുശ്രൂഷകർ ഇങ്ങനെ ആയാൽ അണികൾ എങ്ങനെ ഇരിക്കും? ഒരു വശത്ത് ക്രിസ്തീയ പുരോഹിതന്മാർ കുർബാനയിലും മറിയത്തിലും ജനത്തെ കെട്ടിയിടുന്നു. മറുവശത്ത്, പഴയനിയമത്തിന്റെ ശാപങ്ങൾ പറഞ്ഞ് ശുശ്രൂഷകർ ജനത്തെ കെട്ടാതെയിടുന്നു. അതുകൊണ്ട് ഇനിയൊരു ശിഷ്യത്വത്തിന്റെ പുത്തൻ സുവിശേഷം ഉണ്ടെന്നാരും ഓർക്കേണ്ടതില്ല, ഉള്ള സത്യസുവിശേഷം ഒന്നു പഠിപ്പിക്കാൻ നമ്മുടെ സെമിനാരികൾ ഒന്നൊരുങ്ങുക. ബൈബിൾ പണ്ഡിതന്മാരെന്ന് അഭിമാനിക്കു ന്നവർ അവർ അഭിമാനിക്കുന്നതുപോലെയാണ്, പക്ഷേ ശിഷ്യന്മാരെ ക്രിസ്തുവിന്റെ സ്വാതന്ത്ര്യത്തിലേക്ക് കൊണ്ടുവാ! ഗുരുക്കന്മാർ ക്രിസ്തുവിന്റെ സ്വാതന്ത്ര്യത്തി ലാണെങ്കിലല്ലേ, ശിഷ്യന്മാർക്കും ഈ സ്വാതന്ത്ര്യം ലഭിക്കുകയുള്ളു.

**സ്വയം സ്നേഹം ശിഷ്യത്വത്തിന് എതിരാണ്**

ഏറിയ പുരുഷാരം അവനോടുകൂടി പോകുമ്പോൾ അവൻ തിരിഞ്ഞ് അവരോട് പറഞ്ഞത്: "എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്തജീവനെയും കൂടെ പകയ്ക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല. തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല" (ലൂക്കോ.14:25-27). യേശുവിന്റെ ശിഷ്യന്മാർക്കുണ്ടാകേണ്ട പ്രധാന ഗുണം, മാതാപിതാക്കൾ ഉൾപ്പെടെ സകലരെക്കാളും പ്രാധാന്യം യേശുവിന് തന്നെ കൊടുക്കണമെന്നാണ്. സ്വന്തം മാതാപിതാക്കളെ സ്നേഹിക്കുന്നതും സഹോദരങ്ങളെ സ്നേഹിക്കുന്നതും ഒരു തരത്തിൽ സ്വയംസ്നേഹമാണ്. കാരണം മറ്റുള്ളവരുടെ മാതാപിതാക്കളെയും മക്കളെയും നാം അത്രയധികം സ്നേഹിക്കുന്നില്ലല്ലോ. നമ്മുടേതാണെങ്കിൽ അവരോട് കൂടുതൽ സ്നേഹം, നമ്മുടെതല്ലെങ്കിൽ കുറച്ചുസ്നേഹം എന്നാണെങ്കിൽ അത് തീർച്ചയായും സ്വയസ്നേഹമല്ലേ? സ്വയസ്നേഹമുള്ളവർക്ക് എത്രമാത്രം കർത്താവിനെ സ്നേഹിക്കാൻ കഴിയും? അതുകൊണ്ട്, ശുശ്രൂഷകരോടും (മറ്റുള്ളവരോടും) കർത്താവ് പറയുന്നു എനിക്കുവേണ്ടി സ്വന്തജീവനെകൂടെ പകയ്ക്കുക; ജീവിക്കുന്ന ദൈവമായ കർത്താവിനുവേണ്ടി, (കാണപ്പെടുന്നില്ലല്ലോ, അവനെ, കുടുംബാംഗങ്ങളെയെല്ലാം കാണാമല്ലോ) സകലതും, സകലരെയും ത്യജിക്കുക: അതാണല്ലോ ക്രൂശെടുക്കൽ, അതാണ് യഥാർത്ഥ ശിഷ്യത്വം എന്ന് പറയുന്നത്. മത്താ.16:24-ലും നമ്മുടെ കർത്താവ് ഇങ്ങനെ

# യഥാർത്ഥ ശിഷ്യത്വം
## ദേവസ്യാ മുല്ലക്കരസാർ

പറയുന്നു: ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ''. ക്രൂശ് എടുക്കുക എന്ന് പറയുമ്പോൾ എന്താണ് ഉദ്ദേശിക്കുന്നത്? അപമാനിക്കപ്പെടുന്നതിനും നിന്ദിക്കപ്പെടുന്നതിനുമുള്ള സ്വയം താഴ്ത്തലെന്നാണ്. ലോകം അന്ന് മനുഷ്യപുത്രനായ ദൈവപുത്രന്റെമേൽ അപമാനത്തിന്റെ ചിഹ്നം ചുമപ്പിച്ചു എങ്കിൽ, ആ ഗുരുവിന്റെ പിന്നാലെ പോകുന്നവർക്കും ഇതൊക്കെതന്നെയാണ് ഗതി എന്ന് യഥാർത്ഥ ശിഷ്യത്വം ഉള്ളവർ തിരിച്ചറിയട്ടെ.

മത്താ.16:25-ൽ യേശു പറഞ്ഞത് കേൾക്കണ്ടേ? ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തെം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ, അതിനെ കണ്ടെത്തും. ശിഷ്യത്വത്തിന്റെ ഉയർന്ന മാനദണ്ഡത്തിലെത്തിയാൽ മാത്രമേ, യേശുവിനുവേണ്ടി മരിക്കേണ്ടി വന്നാൽ മടിക്കാതെ മരിക്കുവാൻ കഴിയൂ. എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തുമെന്നാണല്ലോ കർത്താവ് പഠിപ്പിക്കുന്നത്. ഒരു യഥാർത്ഥശിഷ്യൻ (1) കർത്താവ് ആരാണ് എന്താണ് എന്ന് മാനസാന്തരാനുഭവത്തിലൂടെയും, പുതുജനനത്തിലൂടെയും, പരിശുദ്ധാത്മാഭിഷേകത്തിലൂടെയും അറിയണം (2) അറിഞ്ഞ കർത്താവിനെ, ആരാധിച്ച് ശത്രുവായ പിശാചിന്റെ സകല കെണികളിൽ നിന്നും വിടുതൽ പ്രാപിക്കണം. (3) പരിശുദ്ധാത്മാവിന്റ വരദാനങ്ങളാൽ നിറഞ്ഞ് ശുശ്രൂഷിക്കണം. (4) തമ്മിൽ തമ്മിൽ സ്നേഹിച്ച് ........... അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് എല്ലാവരും അറിയണം (യോഹ.13:34,35). (5) യേശുവിനെ, നൽകുന്ന ഏക കാരണത്താൽ ജീവനെ കളയേണ്ടി വന്നാൽ മടിക്കേണ്ട, മരിച്ചുകൊള്ളൂ. നിത്യത ഉറപ്പായും ലഭിക്കും. (6) സുവിശേഷീകരണത്തിന് പ്രയോജനപ്പെടുകയില്ലാത്ത, അനിവാര്യമല്ലാത്ത, സ്വത്തുക്കളെല്ലാം ഉപേക്ഷിക്കുവാൻ യഥാർത്ഥ ശിഷ്യന്മാർ ഒരുങ്ങുക തന്നെ വേണം. കാരണം ലൂക്കോ.14:33 ഇങ്ങനെയാണ് നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതൊക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല. ഏറ്റവും അപ്രീതികരമായ ഒന്നാണ് ഈ ഉപേക്ഷിക്കൽ. ഭൗതീകസമ്പത്തുകൾ ഉപേക്ഷിക്കൽ ആണിവിടെ പറയുന്ന സംഭവം. ഇതിന്റെയർത്ഥം ഒരു യഥാർത്ഥ ശിഷ്യൻ ഒരു നല്ല യാചകനാകണമെന്നാണൊ? അല്ല. സ്വന്തമായി ജോലി ചെയ്ത് കുടുംബകാര്യങ്ങളൊക്കെ ചെയ്യുകതന്നെ വേണം. പക്ഷേ ലോകത്തിലുള്ള ഒരു വലിയ ബിസിനസ്സുകാരന്റെ ചിന്തയുമായി നടക്കേണ്ട ആവശ്യമൊന്നുമില്ല. ഒത്തിരി സാമ്പത്തികമോ തലമുറകൾക്കാവശ്യമായ വൻനേട്ടങ്ങൾക്കോ വേണ്ടി യാതൊന്നും കരുതിവെയ്ക്കേണ്ട ആവശ്യമൊന്നുമില്ല.

യഥാർത്ഥത്തിൽ, സുവിശേഷത്തിന്റെ അഭാവത്തിലാണ് ആത്മാക്കൾ നശിച്ചുപോകുന്നത്. സുവിശേഷം എന്നത് ക്രിസ്തുവാണ്, ക്രിസ്തുവിന്റെ വചനമാണ്. ക്രിസ്തുവിന്റെ സ്നേഹമാണ്, ക്രിസ്തുവിന്റെ ശക്തിയാണ്. ആ സുവിശേഷം പ്രസംഗിക്കപ്പെട്ടാലേ, ആത്മാക്കൾ രക്ഷിക്കപ്പെടുകയുള്ളു. മനുഷ്യൻ ആരാധനയിലേക്ക് കടന്നുവരുന്നതും വിശ്വാസസ്നാനം സ്വീകരിക്കുന്നതുമൊക്കെ രക്ഷിക്കപ്പെടുന്നതിന്റെ ആദ്യചവിട്ടുപടികളാണ്. ആദ്യ ചവിട്ടുപടികളിൽ കയറാതെ തുടർന്നുള്ള ചവിട്ടുപടികളിൽ എത്താൻ പറ്റില്ല. എങ്കിലും നിത്യത എന്ന പൂർണ്ണതയിലെത്താൻ യേശുവിനെ, സുവിശേഷത്തെ, ശരിക്കും കേൾക്കാൻ പറ്റണം. പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? (റോമ.10:14). വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു (റോമ.10:17). ശിഷ്യത്വത്തിന്റെ പന്ഥാവിലൂടെ സഞ്ചരിക്കുന്നവർക്കും, ഭയമില്ലാത്തവർക്കും മാത്രമേ, സുവിശേഷം നൽകി ആത്മനാശം വരാതെ, ജനലക്ഷത്തെ രക്ഷാനുഭവത്തിലേക്ക് നയിക്കാൻ കഴിയൂ. ശിഷ്യത്വത്തിന്റെ സമ്പൂർണ്ണ സമർപ്പണമില്ലാത്ത പലരെയും ബൈബിളിൽ നാം കാണുന്നു. പക്ഷേ ആ ബൈബിൾസംഭവങ്ങളിലെ കഥാപാത്രങ്ങൾ ആരും അവർക്ക് ശിഷ്യത്വം ഇല്ലായെന്ന് അങ്ങോട്ട് സമ്മതിക്കുകയില്ല. വിശ്വാസസ്നാനം സ്വീകരിച്ച അൻപതോ നൂറോ ആളുകൾക്ക് ഞായറാഴ്ച തോറും പാട്ടും അന്യഭാഷയിലുള്ള ആരാധനയും കൊടുത്തിട്ട് ഞാൻ അവരുടെ ആത്മാക്കളെ നേടിയെന്നോ, ഇനിയും ആത്മാക്കളെ നേടാനുള്ള ഒരു ഉശിരൻ ശുശ്രൂഷ കർത്താവ് തരണമെന്നോ ഒക്കെ പറഞ്ഞവരുണ്ട്. ഏതെങ്കിലും വിധത്തിൽ രാജസ്ഥാനിലൊ ഒറീസ്സയിലൊ ഒന്നുപോയി ആദ്ധ്യാത്മികമായി ചില ചില കാര്യങ്ങളൊക്കെ ചെയ്യുന്നവരുണ്ട്. ഇത്തരക്കാരുടെ ''ആത്മാക്കളെക്കുറിച്ചുള്ള ഭാരവും'' ശുശ്രൂഷയിലെ പൊലിമയും ഒക്കെ യഥാർത്ഥ ശിഷ്യത്വ പരിശീലനത്തിലൂടെ ലഭിച്ചതാണോ? അണികളെ ചില ഭാഷാവരമൊക്കെ കിട്ടുന്നിടത്തോളം, നല്ലപോലെ കാണിക്ക

# യഥാർത്ഥ ശിഷ്യത്വം

ദേവസ്യാ മുല്ലക്കരസാർ

അർപ്പിക്കുന്നിടത്തും എത്തിക്കുന്നതേയുള്ളോ അവരെ ക്രിസ്തുശിഷ്യന്റെ അഗ്നിശോധനയിലൂടെ കടത്തിവിടാൻ കഴിയാറുണ്ടോ? നാം പരിശോധിക്കുക തന്നെ വേണം.

**ശിഷ്യത്വം വിശുദ്ധിയിലേക്കുള്ള വിളിയാണ്**

ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ ( പത്രൊ.1:16). ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധന്മാരായിരിക്കണം എന്ന് ലേവ്യാ.11:45-ലും കാണുന്നു. എബ്രാ.12:14-ലും എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിക്കാൻ ഉത്സാഹിപ്പീൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല എന്നും നാം പഠിക്കുന്നു. ദൈവത്തോട് പ്രാർത്ഥിക്കുവാനും ദൈവകൃപയിൽ നിറയുവാനും വിശ്വാസംപോലെ നമുക്കേറ്റവും അത്യാവശ്യമാണ് ജീവിതവിശുദ്ധി എന്നത്. ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണംതന്നെ എന്ന് 1 തെസ്സ.4:3-ലും ദൈവം നമ്മെ അശുദ്ധിക്കല്ല വിശുദ്ധീകരണ ത്തിനത്രേ വിളിച്ചത് എന്ന് 1 തെസ്സ.4:7-ലും പറയുമ്പോൾ ആത്മീകമായും ശാരീരികമായും മാനസികമായും വിശുദ്ധിപാലിക്കാൻ കഴിയാത്തവരുടെ ജീവിതം പ്രശ്നങ്ങൾ കൊണ്ടു നിറയുന്നു എന്നതും അവരുടെ മറ്റുള്ളവർക്കു വേണ്ടിയുള്ള മാദ്ധ്യസ്ഥം അമ്പേ പരാജയപ്പെടുന്നു എന്നും നാം തിരിച്ചറിയണം.

യേശു നമ്മുടെയുള്ളിൽ ആത്മാവായി വസിച്ചുകൊണ്ടാണ് നമ്മെ വിശുദ്ധിയോടെ നടത്തുന്ന തെങ്കിലും ഈ പരിശുദ്ധാത്മപ്രവർത്തനങ്ങൾക്ക് നാം നമ്മെ നന്നായി ഒരുക്കുകതന്നെ വേണം. അശുദ്ധമായ എല്ലാ സംഗതികളിൽനിന്നുമുള്ള വേർപാടാണ് വിശുദ്ധിയുടെ ആദ്യപകുതിയെങ്കിൽ, രണ്ടാംപകുതി ദൈവവചനത്തോടും ദൈവാത്മാവിനോടുമുള്ള ബന്ധമാണ്. ഒരാൾ യേശുക്രിസ്തു വിൽ സദാ ആയിരിക്കണം. അതാണ് വിശുദ്ധി. വിശുദ്ധി ദൈവസ്നേഹത്തിലും പരസ്നേഹത്തിലും നിറഞ്ഞതായിരി ക്കണം. ദൈവസ്നേഹമെന്നത് ക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ സ്നേഹമനുഭവിക്കലാണ്. അത് കൂട്ടുകാരനെ (മർക്കോ.12:31,32) സ്നേഹിച്ചുകൊണ്ടല്ല എന്ന് പിശാച് പറഞ്ഞേക്കും. അവനവന്റെ സഭയിൽ, അവരവരുടെ ഗ്രൂപ്പിലുള്ളവർക്ക് സ്നേഹം കൊടുത്താൽ മതിയെന്നും, ചില സഭക്കാർ പറഞ്ഞേക്കും. അതാണ് വിശുദ്ധിയും വേർപാടും എന്നൊക്കെ തോന്നിപ്പിച്ചേക്കും. പക്ഷേ നമ്മുടെ കർത്താവ് ഇങ്ങനെ പറയുന്നു "ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും തന്റെ സഹോദരനെ പകയ്ക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന്, കണ്ടിട്ടില്ലാത്ത, ദൈവത്തെ സ്നേഹിക്കാൻ കഴിയുന്നതല്ല. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം എന്ന കല്പന നമുക്ക് അവങ്കൽനിന്ന് ലഭിച്ചിരിക്കുന്നു" (1 യോഹ.4:20,21). ദൈവത്തെ സ്നേഹിക്കുക എന്നതും സഹോദരനെ സ്നേഹിക്കുക എന്നതും പരസ്പരപൂരകങ്ങളാണെന്ന് പലരും മറക്കാറുണ്ട്. ഓരോ വ്യക്തിയുടെയും പിതാവ് ദൈവമാണ്. എല്ലാ വ്യക്തികളുടെയും പിതാവും ദൈവമാണ്. അപ്പോൾ പരസ്പരം സ്നേഹിക്കുന്നില്ലെങ്കിൽ അതിന്റെയർത്ഥം തന്നെ ദൈവത്തെ സ്നേഹിക്കുന്നില്ല എന്നാണ്. മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കാൻ പറ്റണമെങ്കിലും അവരെ നാം സ്നേഹിച്ചിരിക്കണം. സ്നേഹിക്കുക എന്ന വാക്കിനെ ചെറുതാക്കാൻ ആര് പരിശ്രമിച്ചാലും ആ വ്യക്തി പിശാചിന്റെ ശ്രദ്ധയിലായിപ്പോകും. ''ദൈവം സ്നേഹമാണ്'' (1 യോഹ.4:8,16). ശിഷ്യത്വവും അക്കാരണത്താൽ തന്നെ സ്നേഹമാണ്.

ദൈവത്തിന്റെ വിശുദ്ധി അവന്റെ സ്നേഹത്തിലായിരി ക്കുന്നതുപോലെ നമ്മുടെ വിശുദ്ധിയും നമ്മുടെ സ്നേഹത്തിലായിരിക്കണം. ശിഷ്യത്വം സ്നേഹത്തിന്റെ പൊൻനൂലിഴകൊണ്ട് ബന്ധിപ്പിച്ചതായിരിക്കണം. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വം ആത്മാവും സ്നേഹവുമാകുന്ന വിശുദ്ധിയിലൂടെ സമന്വയിക്കപ്പെട്ടിരിക്കു ന്നതുപോലെ ക്രിസ്തു പഠിപ്പിച്ച സ്നേഹത്താൽ ഈ വിശ്വം മുഴുവൻ ഒന്നാകും വരെ യഥാർത്ഥ ശിഷ്യന്മാർ സ്നേഹിച്ചുകൊണ്ട് വചനം പറഞ്ഞുകൊണ്ടേയിരിക്കണം. ശിഷ്യത്വത്തിന്റെ പ്രധാന ആയുധം പ്രാർത്ഥനയും പ്രസംഗവിഷയം ദൈവരാജ്യവുമാകുന്നു. മത്താ.10-ന്റെ 7-ഉം 8-ഉം വചനംകൂടി ശ്രദ്ധിക്കാം. ''നിങ്ങൾ പോകുമ്പോൾ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് ഘോഷിപ്പിൻ; രോഗികളെ സൗഖ്യമാക്കുവിൻ; മരിച്ചവരെ ഉയിർപ്പിപ്പിൻ; കുഷ്ഠരോഗികളെ ശുദ്ധരാക്കുവിൻ; ഭൂതങ്ങളെ പുറത്താക്കുവിൻ. സൗജന്യമായി നിങ്ങൾക്കു ലഭിച്ചു. സൗജന്യമായി കൊടുപ്പിൻ."

യഥാർത്ഥ ക്രിസ്തുശിഷ്യൻ തന്റെ ശിഷ്യത്വ ത്തിലൂടെ, ഗുരുവിനോട് സൗജന്യമായി പലതും വാങ്ങിയി രിക്കും. അത് രോഗികളെ സൗഖ്യമാക്കുവാനും, ഭൂതങ്ങളെ ബഹിഷ്ക്കരിക്കുവാനും മരിച്ചവരെ (ആത്മീയമായും

# യഥാർത്ഥ ശിഷ്യത്വം

ദേവസ്യാ മുല്ലക്കരസാർ

യഥാർത്ഥത്തിലും) ഉയിർപ്പിക്കുവാനും, ആ സംഭവങ്ങളിലൂടെ ദൈവരാജ്യത്തെ അവതരിപ്പിക്കുവാനുമുള്ള യോഗ്യതയാണ്. ഇക്കാര്യമാണ് മത്താ.10-ൽ കർത്താവ് 7,8 വചനങ്ങളിലൂടെ കല്പിച്ചത്. ക്രൂശിൽ ക്രിസ്തു തകർന്നു. അപ്പൊസ്തലന്മാർ എല്ലാം തകർന്നു. മരണത്തിലൂടെ ശുശ്രൂഷകന്മാർ തകരാൻ സാധ്യതയുണ്ടോ? ഗ്രഹാംസ്റ്റെയിൻസ് ഒറീസ്സയിൽ തകർന്നു. തിമോത്തിയും ഫിലിപ്പും തകർന്നു. ആത്മീയമായ തകർച്ചകളല്ല ഇത്. പക്ഷേ ഒറീസ്സയിലും ഇന്ത്യയിലെ ല്ലായിടത്തും സഭ വളർന്നു. സാമ്പത്തികമായും സാംസ്ക്കാരി കമായും നിങ്ങൾ തകരുമ്പോൾ നിങ്ങൾ വളരുകയാണെന്ന പ്രത്യയശാസ്ത്രം പറയുന്നവരോട് ക്ഷമിക്കാൻ തോന്നുന്നോ? ദേഷ്യം തോന്നുന്നോ? 1989-ൽ എന്നെ കർത്താവ് തന്റെ ആത്മാവിനെ അയച്ച് മാനസാന്തരപ്പെടുത്തി. വീണ്ടുംജനിപ്പിച്ചു (മത്താ.4:17, യോഹ.3:5). പരിശുദ്ധാത്മാഭിഷേകം തന്നു. ശുശ്രൂഷാസഹായകങ്ങളായ ഇതരകൃപാവരങ്ങളും തന്നു (അപ്പൊ.1:4, 1:8, 1 കൊരി.1:8, എഫേ.5:18,19) അങ്ങനെ ഞാൻ രക്ഷിക്കപ്പെട്ടു. ജീവിതം സന്തോഷകരമായി. അത് സ്നേഹംകൊണ്ടും പ്രാർത്ഥനകൊണ്ടും അത്ഭുതങ്ങളും അടയാളങ്ങളുംകൊണ്ട് നിറഞ്ഞു. ഈ പുസ്തകത്തിൽതന്നെ അവിടവിടെയായി ഇതേക്കുറിച്ച് അനേകവിധ പരാമർശങ്ങൾ ഞാൻ തന്നെ എഴുതിയിട്ടുണ്ട്. ഭാഷാപരമായ വ്യത്യാസങ്ങളോ, ആവർത്തനങ്ങളോ ഒരുപക്ഷേ കണ്ടേക്കും. എന്നാൽ എന്റെ ഉദ്ദേശശുദ്ധി, നമ്മുടെ കർത്താവ് കാണുന്നു. ഇപ്പോൾ ഇവയിൽ ചിലത് എഴുതുന്നത് ശിഷ്യത്വത്തിന്റെ തകർച്ചകൾ ആത്മീയജീവിതത്തിന് ഉയർച്ചക്ക് കാരണമാകും എന്ന ആശയത്തെ സമർത്ഥിക്കുവാനുള്ള ശ്രമവുമായിട്ടാണ്. പരിശുദ്ധാത്മാഭിഷേകം, ആത്മമുദ്ര (എഫേ.1:13,14, 4:30, 2 കൊരി.1:22). ആത്മാവിന്റെ അച്ചാരം (2 കൊരി.1:22, എഫേ.1:14) പരിശുദ്ധാത്മസ്നാനം (1 കൊരി.12:13) ആത്മനിറവ് (എഫേ.5:18,19) എന്നിങ്ങനെ വേദപുസ്തകത്തിൽ അൽപസ്വൽപ്പ വ്യത്യാസത്തോടെ പല വാക്കുകളും നാം പറയാറുണ്ട്. കൃപാവരങ്ങൾ തന്നെ അനവധിയാണ്. 1 കൊരി.12-14 അദ്ധ്യായങ്ങളിൽ ഏറെക്കുറെ എല്ലാം ചർച്ച ചെയ്യപ്പെടുന്നുണ്ട്.

1. വിവിധ ഭാഷാവരം
2. വ്യാഖ്യാനവരം
3. ആത്മാക്കളുടെ വിവേചനവരം
4. പ്രബോധനവരം
5. ഉപദേശവരം
6. ശുശ്രൂഷാവരം
7. പരിപാലനാവരം
8. സുവിശേഷം അറിയിക്കുവാനുള്ള വരം
9. ജ്ഞാനവരം
10. കരുണ കാണിക്കുവാനും സഹായം ചെയ്യുവാനുമുള്ള പരസ്നേഹവരം
11. വിശ്വാസവരം
12. രോഗശാന്തിവരവും വീര്യപ്രവൃത്തികളുടെ വരവും
13. പ്രവചനവരം

ഈ വരദാനങ്ങളെല്ലാം സ്നേഹത്തിലധിഷ്ഠിതമായി വേണം ഉപയോഗിക്കപ്പെടുവാൻ. സഭയെ കെട്ടിപ്പടുക്കുവാനാണിവ. പക്ഷേ, സ്നേഹത്തോടെ വേണം ഇവ ഉപയോഗിക്കുവാൻ. കത്തോലിക്കാസഭയിൽ ബിംബാരാധനകൾ വിട്ട് ജനം ക്രിസ്തുവിലേക്ക് വരുവാൻ പരിശുദ്ധാത്മാവയച്ച കരിസ്മാറ്റിക് നവീകരണമെന്ന വൻ ഉണർവിന്റെ യഥാർത്ഥ അർത്ഥതലം, ആദ്യകാല ശുശ്രൂഷയിൽ എനിക്കൊന്നും മനസ്സിലായില്ലായിരുന്നു. പല ധ്യാനമന്ദിരങ്ങളിൽ നിന്നും, അവിടെ, ഞാൻ മുഖാന്തിരം കുടുതൽ രോഗികളെ കർത്താവ് സുഖപ്പെടുത്തുന്നതിന്റെ പേരിൽ ഞാനൊക്കെ വഴക്കു കേൾക്കേണ്ടി വന്നു. അവരിൽ നല്ലപോലെ സൗഖ്യം പ്രാപിക്കാത്തവരോ ഒട്ടും സൗഖ്യം പ്രാപിക്കാത്തവരോ, ഞങ്ങൾ തട്ടിപ്പുകാരാണെന്ന് പറയുവാൻ തുടങ്ങി. ഞങ്ങൾ ആരോടും സൗഖ്യത്തിന്റെ പേരിൽ നാളിതുവരെയും യാതൊരു കാശും വാങ്ങിയിട്ടില്ലെങ്കിലും രോഗശാന്തിക്കായി പണം വാങ്ങിയെന്നും ചോദിച്ചുവെന്നും കുപ്രചാരണങ്ങളായി. ഇതെല്ലാം മാനസികമായ തകർച്ചകളും മുറിവുകളുമായി. (അന്നും ഇന്നും എന്നും ടീമിന്റെ ആത്മീയ ശുശ്രൂഷകൾക്കായി അനേകർ പണം തരുന്നുണ്ട്, വാങ്ങുന്നുണ്ട്. സർക്കാരിന് കണക്കും ടാക്സും കൊടുക്കുന്നുണ്ട്. അത് ദൈവനാമത്തിലാണ്. അത് പാവങ്ങളുടെ ശുശ്രൂഷയ്ക്കായിട്ടും സുവിശേഷവത്കരണ ത്തിനായിട്ടും മാത്രമാണ് ഉപയോഗിക്കുന്നതും)എന്നുമെന്നും അങ്ങനെ മാത്രമേ ഉപയോഗിക്കുകയുമുള്ളൂ. ദൈവസഭ

# യഥാർത്ഥ ശിഷ്യത്വം

## ദേവസ്യാ മുല്ലക്കരസാർ

യിലേക്ക് കടന്നുവരുവാൻ ദൈവം ഒരുക്കിയാൽ ബഹു. വൈദികരും സിസ്റ്റേഴ്സും വരും. അവർ വളരേ ശ്രേഷ്ഠരാണ്. ആ മതം അവരേ ആത്മീയമയക്കുമരുന്ന് കൊടുത്ത് വചനവിരുദ്ധരാക്കിയെങ്കിലും അവർക്ക് സംരക്ഷണവും, സുവിശേഷം പ്രസംഗിക്കാനും ഉയർന്ന പ്രാർത്ഥനാ ജീവിതം നയിക്കുവാനും സൗകര്യം വേണം. അവരിൽ വിവാഹജീവിതം നടത്താൻ ഒരുക്കമുള്ളവർക്ക് അതിനുള്ള സാധ്യതയും വേണം. ഇക്കാര്യങ്ങൾക്കും ശ്രമം ആരംഭിച്ചിട്ടുണ്ട്. ഏത് ദൈവസഭ വചനം പങ്ക് വയ്ക്കാനോ പ്രാർത്ഥിക്കാനോ വിളിച്ചാലും ഞാൻ പോകാറുണ്ട്- സമയത്തിന്റെ ലഭ്യത അനുസരിച്ച്. അതിന് പ്രത്യേകിച്ച്, ഫീസോ കാര്യങ്ങളോ ഇന്ന് വരെ ചോദിച്ചിട്ടുമില്ല. തരുന്നത് വാങ്ങും; കുറഞ്ഞുപോയെന്ന് വിചാരിക്കാറും ഇല്ല. അവിടെ വച്ചോ, അല്ലാതെയോ ഞങ്ങളുടെ സഭയിൽ വന്ന് ചേരണമെന്ന് രഹസ്യമായോ പരസ്യമായോ, ഒരൊറ്റ ആളോടും പറയാറുമില്ല, പ്രവർത്തിക്കാറുമില്ല. അതൊക്കെ ദൈവം കാണുന്നു. "പ്രതികാരം അവനുള്ളതാണല്ലോ. പ്രതികാരം എനിക്കുള്ളത്; ഞാൻ പകരം വീട്ടും" (ആവ:32.35/എബ്രാ:10.26,29.30). ഇത്തരം തകർച്ചൾ ഏറേ ഉണ്ടായിട്ടുണ്ട്. ഇനിയും ഉണ്ടായെന്ന് ഇരിക്കും. പക്ഷെ ദൈവം തന്ന കൃപാവരങ്ങൾ ദൈവനാമ മഹത്വത്തിനുവേണ്ടി ഉപയോഗിക്കുക എന്നത് ശിഷ്യത്വത്തിന്റെ അനുപേക്ഷണീയ ഘടകമാണ്. **ക്രീസ്തീയ ശുശ്രൂഷകർ കർത്താവിന്റെ ശിഷ്യത്വത്തിലൂടെ കടന്നുപോയവരല്ലെങ്കിൽ "ഉറകെട്ടുപോയ ഉപ്പിനെങ്ങനെ വീണ്ടും ഉറകൂട്ടും ? പുറത്തേക്കെറിഞ്ഞ് മനുഷ്യരാൽ ചവിട്ടപ്പെടുവാനല്ലാതെ മറ്റൊന്നിനും അത് കൊള്ളുകയില്ല. "** (പി.ഒ.സി ബൈബിൾ,മത്താ :5.13) എന്ന വചനപ്രകാരം ഉപകാരത്തെക്കാൾ കൂടുതൽ ഉപദ്രവം ആണ്.

**ശിഷ്യനായ ശുശ്രുഷകൻ ഇനി പറയുന്നത് ശ്രദ്ധിക്കുക**

**1.** ഒരു ശുശ്രൂഷകനാകാനുള്ള നിങ്ങളുടെ വിളി ഒരിക്കൽ കൂടി പരിശോധിക്കണം.

**2.** ദൈവം തന്ന ദർശനങ്ങളിൽ നിന്നും ഏതൊക്കെ പ്രതിബന്ധങ്ങളുണ്ടായാലും അണുവിട മാറാതെ, പണത്തിനോ പ്രതാപത്തിനോ വേണ്ടി യാതൊരു കളികളും നടത്താതെ, ലോക മതങ്ങളും ആത്മീയതയുടെ മൂടുപടം അണിഞ്ഞ വ്യജപ്രവാചകന്മാരും എന്തൊക്കെ ബുദ്ധിമുട്ടുകൾ വരുത്തിയാലും., അതൊന്നും കാര്യമാക്കാതെ അചഞ്ചലമായി മുന്നേറണം. ഒരു ശുശ്രൂഷകൻ എന്ന നിലയിൽ അതാണ് നിങ്ങളുടെ നിയോഗം, ധർമ്മം.

**3.** നിങ്ങൾ ക്രിസ്തുവിൽ തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയാകയാൽ, ക്രിസ്തുവിന്റെ സ്ഥാനാപതിയാകയാൽ (2.കൊരി:5.20) ഒട്ടും, ഭയപ്പെടേണ്ട.

**4.** ഒരു ശുശ്രൂഷകൻ എന്ന നിലയിൽ നിങ്ങൾക്കുണ്ടായിരിക്കേണ്ട, ക്രിസ്തുവിന്റെ കൃപയും സ്നേഹവും വചനവും അത് കൈമുതലായുണ്ടോ , വർദ്ധിക്കുന്നുണ്ടോ, എന്നതുകൂടി പരിശോധിച്ചേക്കണം.

**5.** വ്യാജ ഉപദേഷ്ടാക്കളെയും പാഷണ്ഡതകളെയും തിരിച്ചറിഞ്ഞ് ആട്ടിൻതൊൽ ധരിച്ച ചെന്നായി അല്ലന്ന് നിങ്ങൾ സ്വയം ഉറപ്പുവരുത്തണം. (മത്താ:7.15)

**6.** മനുഷ്യരെ വിശ്വസിക്കണ്ട, സ്നേഹിക്കണം. പച്ച മനുഷ്യരൊക്കെ ഏതെങ്കിലും മത പൊളിടിക്സിനകത്താണ്. "മനുഷ്യരേ സൂക്ഷിക്കുവിൻ അവർ നിങ്ങളെ ന്യായാധിപ സംഘങ്ങൾക്ക് ഏൽപ്പിച്ചുകൊടുക്കും. തങ്ങളുടെ സിനഗോഗുകളിൽ വച്ച് അവർ നിങ്ങളെ മർദ്ദിക്കും. നിങ്ങൾ എന്നെ പ്രതി നാടുവാഴികളുടെയും രാജാക്കന്മാരുടെയും സന്നിധിയിലേക്ക് നയിക്കപ്പെടും. അവിടെ ഏവരുടെയും വിജാതീയരുടെയും മുമ്പാകെ നിങ്ങൾ സാക്ഷ്യം നൽകും. അവർ നിങ്ങളെ ഏൽപ്പിച്ചു കൊടുക്കുമ്പോൾ, എങ്ങനെ പറയണമെന്നോ എന്തു പറയണമെന്നോ നിങ്ങൾ ആകുലപ്പെടേണ്ട. നിങ്ങൾ പറയേണ്ടത് ആ സമയത്തു നിങ്ങൾക്കു നൽകപ്പെടും." എന്തെന്നാൽ നിങ്ങൾ അല്ല, നിങ്ങളിലൂടെ നിങ്ങളുടെ പിതാവിന്റെ ആത്മാവാണ് സംസാരിക്കുന്നത്(മത്താ: 10.17-20).

നിങ്ങൾ, ശിഷ്യത്വത്തിലൂടെ കടന്നുപോകുമ്പോൾ മനുഷ്യരെ ആരെയും വിശ്വസിക്കയും വേണ്ട, ഭയപ്പെടുകയും വേണ്ട. ഭരണാധിപതികളെയും ഇതര സഹോദര മതസിദ്ധാന്തങ്ങളെയും ഒക്കെ ബഹുമാനിക്കുക, പ്രശ്നങ്ങളുണ്ടാകും, ഉണ്ടാകട്ടെ-ദൈവാത്മാവ് സഹായിച്ചുകൊള്ളും തക്ക സമയത്ത്. ഗ്രഹാം സ്റ്റെയിൻസിനുണ്ടായ അനുഭവവും സ്തേഫാനോസിനുണ്ടായ അനുഭവവും ഉണ്ടാകുണ്ടെങ്കിൽ ഉണ്ടാകട്ടെ. (അപ്പ.പ്രവർത്തി :7.54-60). ഞാനാണെങ്കിൽ, ഇതെഴുതിക്കൊണ്ടിരിക്കുമ്പോൾ തന്നെ ഇത്തരം അനുഭവങ്ങൾ എനിക്കുനേരിടേണ്ടി വന്നാൽ, അങ്ങു ശക്തി തരണം, അവ സഹിക്കുവാൻ എന്ന് പ്രാർത്ഥിച്ചുകഴിഞ്ഞു.

**7.** നിങ്ങൾ ദൈവരാജ്യത്തെ പ്രഘോഷിക്കണം.

8.രോഗിക്കൾക്കായും, നിർധനർക്കായും നിരാലംബർക്കായും, പാപത്തിനടിമപ്പെട്ടവർക്കായും വിശ്വാസത്തോടെ പ്രാർത്ഥിക്കണം.

# യഥാർത്ഥ ശിഷ്യത്വം

## ദേവസ്യാ മുല്ലക്കരസാർ

**9.** ഇവയെല്ലാം പരിശുദ്ധാത്മ ശക്തിയോടെയല്ലാ ചെയ്യുന്നതെങ്കിൽ ആരും അനുഗ്രഹിക്കപ്പെടുകയില്ല. സഭയിൽ പുതിയ പുതിയ മാനസാന്തരികൾ വരുന്നതും സ്നാനത്തിന്റെ എണ്ണവും കുറയും. അപ്പോൾ നാം വർക്ക്ഷോപ്പിൽ പോകണം(ഉപവാസത്തിലേക്കും , പ്രാർത്ഥനയിലേക്കും, പുതിയ നിയമ പഠനത്തിലേക്കും മാറണം-അതാണ് വർക്ക്ഷോപ്പ് എന്ന് ഇവിടെ ഉദ്ദേശിക്കുന്നത്.)

**10.** 2 കൊരി.6:3-10 വരെയും 4:8-10 വരെയും നന്നായി വായിച്ചു ഗ്രഹിക്കണം. കഷ്ടങ്ങളിലും ബുദ്ധിമുട്ടുകളിലും, പട്ടിണിയിലും ഉറക്കിളപ്പിലും, ദുഷ്ക്കീർത്തിയിലും സൽക്കീർത്തിയിലും ഒന്നുമില്ലാത്തവരെങ്കിലും എല്ലാം കൈവശമുള്ളവരെന്ന പോലെയും ജീവിക്കണം. മനുഷ്യസാധാരണമല്ലാത്ത ഒരു പ്രലോഭനവും നിങ്ങൾക്ക് നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തനാണ്. നിങ്ങളുടെ ശക്തിക്കതീതമായ പ്രലോഭനങ്ങൾ ഉണ്ടാകാൻ അവിടുന്ന് അനുവദിക്കുകയില്ല. പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ അവയെ അതിജീവിക്കുവാൻ വേണ്ട ശക്തി അവിടുന്ന് നിങ്ങൾക്ക് നല്കും. (1 കൊരി 10:13, പി.ഒ.സി ബൈബിൾ)

**11.** നിങ്ങളുടെ വിളിയോട് വിശ്വസ്തനായിരിക്കുകയും ദൈവവചന സത്യമായ മർമ്മങ്ങളുടെ ഗൃഹവിചാരകനും പ്രഘോഷകനും സർവ്വോപരി അതിൽ ജീവിക്കുന്നവനുമായിരിക്കണം.

**12.** പൗലോസായിരിക്കണം, യേശുക്രിസ്തു കഴിഞ്ഞാൽ നമ്മുടെ മാതൃക: അദ്ദേഹം 2 തിമോത്തി 4-ൽ 6-8 വരെ പറഞ്ഞത് നമുക്കും പറയാൻ പറ്റണം: "ഞാൻ ബലിയായി അർപ്പിക്കപ്പെടേണ്ട സമയം ആസന്നമായിരിക്കുന്നു. എന്റെ വേർപാടിന്റെ സമയം സമാഗതമായി. ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി, വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതി പൂർവ്വം വിധിക്കുന്ന കർത്താവ് ആ ദിവസം അത് എനിക്ക് സമ്മാനിക്കും."

**13.** അവനവന്റെ ഓട്ടം പൂർത്തിയാക്കുവാൻ, വചനശക്തിയും, പരിശുദ്ധാത്മ ശക്തിയും, അത്യന്താപേക്ഷിതമാണ്; ശാരീരിക വിശുദ്ധിയും; മത്സരക്കളത്തിൽ എല്ലാ ഓട്ടക്കാരും ഓടുന്നുവെങ്കിലും സമ്മാനാർഹനാകുന്നത് ഒരുവൻ മാത്രമാണെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ? ആകയാൽ സമ്മാനം ലഭിക്കേണ്ടതിനായി, നിങ്ങൾ ഓടുവിൻ. കായികാഭ്യാസികൾ എല്ലാകാര്യത്തിലും ആത്മനിയന്ത്രണം പാലിക്കുന്നു. അവർ നശ്വരമായ കിരീടത്തിന് വേണ്ടിയാണ് അപ്രകാരം ചെയ്യുന്നത്; നാം അനശ്വരമായതിന് വേണ്ടിയും, ഞാൻ ഓടുന്നത് ലക്ഷ്യമില്ലാതെയല്ല. ഞാൻ മുഷ്ടിപ്രയോഗം നടത്തുന്നത് വായുവിൽ പ്രഹരിക്കുന്നത് പോലെയല്ല. മറ്റുള്ളവരോട് സുവിശേഷം പ്രസംഗിച്ച ഞാൻ തന്നെ തിരസ്കൃതനാകാതിരിക്കുന്നതിന് എന്റെ ശരീരത്തെ ഞാൻ കർശനമായി നിയന്ത്രിച്ചു കീഴടക്കുന്നു. (1 കൊരി 9: 24-27, പി.ഒ.സി ബൈബിൾ)

**14.** നിങ്ങൾ സാധാരണ ഒരു മതഭക്തനെപ്പോലെയോ ലോകക്കാരനെപ്പോലെയോ ആണ് ജീവിക്കുന്നതെങ്കിൽ ഒത്തിരി വിമർശനങ്ങൾക്കൊന്നിനും ഇടവരികയില്ല. നിങ്ങൾ ഇപ്പോൾ ക്രിസ്തുവിനെ അവന്റെ സുവിശേഷത്തിന്റെ കുമ്മായ വരകൾക്കകത്തുകൂടെ(Track)യാണ് പ്രഘോഷിക്കുന്നതും ജീവിക്കുന്നതും. ലോകം അങ്ങനെയല്ല. അവർ വലിയ സമുദായക്കാർ പറയുന്നതനുസരിച്ചും രാഷ്ട്രീയക്കാരുടെ, നിർദേശങ്ങൾക്കനുസരിച്ചും ആണ്. ടി.വി. ലോകത്തെ ന്യൂസ് ചാനൽകാരാണ് ഇപ്പോൾ ഇവിടെ സാംസ്കാരിക മണ്ഡലത്തിലും കുറ്റാന്വേഷണ മണ്ഡലത്തിലും ഗണ്യമായ സംഭാവനകൾ ചെയ്തുകൊണ്ടിരിക്കുന്നത്. അവർ അത് തുടരട്ടെ. നല്ലതാണ്. എന്നാൽ നിങ്ങൾ എന്ന സുവിശേഷ പ്രവർത്തകന്റെ ജീവിതവും പ്രാർത്ഥനയും പ്രപഞ്ചമനുഷ്യർക്കൊരു തിരുത്തലിനും ഉണർവിനും കാരണമാകണം. ഭയപ്പെടേണ്ടാ, നിശ്ശബ്ദനായിരിക്കാതെ പ്രസംഗിക്കുക. എന്തെന്നാൽ ഞാൻ നിന്നോട് കൂടെയുണ്ട്. ആരും നിന്നെ അക്രമിക്കുകയോ ഇല്ല. (അ.പ്ര 18:9-10, പി.ഒ.സി. ബൈബിൾ)

എന്റെ ഇളയ മകൾ എഞ്ചിനീയറായ ഗ്രീഷ്മയും അവളുടെ ഭർത്താവ്, കർത്തൃദാസനായ എഞ്ചിനീയർ അനീഷ്മനോസ്റ്റീഫനും, കഴിഞ്ഞ 2 മാസത്തിനുള്ളിൽ, ബാംഗ്ളൂരുള്ള സ്വന്തം ചർച്ചിലെ ശുശ്രൂഷയോടൊപ്പം, ആന്ധ്രയിലെ ഒരു ഗ്രാമത്തിലും, മൈസൂരിലെ മറ്റൊരു ഗ്രാമത്തിലും മഹാരാഷ്ട്രയിലെ ചിലയിടങ്ങളിലും ഗുജറാത്തിലും പോയി ജാതികളോട് തിരുവചനം പങ്കുവെച്ചതോടൊപ്പം അനേകർക്ക് രോഗസൗഖ്യവും ചിലർക്ക് വിശ്വാസസ്നാനവും കൊടുത്തു. കുവൈറ്റിൽ ഒരു പ്രാവശ്യവും യു.എ.ഇ യിൽ ഒരു തവണയും ആ ദമ്പതിമാർ പോയി സുവിശേഷശുശ്രൂഷ ചെയ്തു വന്നുകഴിഞ്ഞു. അദ്ധേഹത്തിന്റെ വന്ദ്യനായ പിതാവ് ഡോ. മനോമോഹൻ സാറും, അജി പാസ്റ്ററും ലോകം മുഴുവൻ പോയി 'ഹോപ് ഇൻ ജീസസ്' എന്ന മിനിസ്ട്രിയിലൂടെ പവ്വർ കോൺഫറൻസുകൾ

# യഥാർത്ഥ ശിഷ്യത്വം

## ദേവസ്യാ മുല്ലക്കരസാർ

ചെയ്തുവരുന്നു. ഒരു യതാർത്ഥ ശിഷ്യൻ ഒരു ആഗോള സാക്ഷിയായിരിക്കും എന്ന് പറയാനാണ് ഞാനിതൊക്കെ എഴുതിയത്. ഞാനീയിടെ സുരേഷ് ബാബുവിനെ വിളിച്ചപ്പോഴും സാമച്ചൻ പാസ്റ്ററെ വിളിച്ചപ്പോഴും അവർ ഇതരരാജ്യങ്ങളിലായിരുന്നു. "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോസ് 16:15, പി.ഒ.സി. ബൈബിൾ) നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ (മത്തായി 28:19, പി.ഒ.സി ബൈബിൾ) നീ കാണുകയും കേൾക്കുകയും ചെയ്തതിനെ ക്കുറിച്ച് എല്ലാ മനുഷ്യരുടെയും മുമ്പാകെ അവന് നീ സാക്ഷിയായിരിക്കും (അ.പ്ര 22:15).

**16.** 2 കൊരിന്ത്യർ 4:7 പരമമായ ശക്തി ദൈവത്തിന്റേതാണ് ഞങ്ങളുടേതല്ല എന്നു വെളിപ്പെടുത്തുന്നതിന് ഈ നിധി മൺ പാത്രങ്ങളിലാണ് ഞങ്ങൾക്ക് ലഭിച്ചിട്ടുള്ളത് (കാത്തലിക് ബൈബിൾ) മൺ പാത്രം പോലെയുള്ള ഈ ശരീരത്തിൽ ദൈവം പ്രവേശിക്കുന്നു.

**17.** 1 തിമൊത്തി 4:16, തീത്തോസ് 2:1, 2 തിമൊ 1:13 നിന്നെക്കുറിച്ചും നിന്റെ പ്രബോധനത്തെക്കുറിച്ചും ശ്രദ്ധിക്കുക; അവയിൽ ഉറച്ചു നിൽക്കുക; അങ്ങനെ ചെയ്യുന്നതുവഴി നീ നിന്നെത്തന്നെയും നിന്റെ ശ്രോതാക്കളെയും രക്ഷിക്കും ( ബൈബിൾ 1 തിമൊ 4:16) എന്ന തിരുവചന പ്രകാരവും നീ ശരിയായ വിശ്വാസസംഹിത (പഥ്യോപദേശം) അനുസരിച്ചുള്ള കാര്യങ്ങൾ പഠിപ്പിക്കുക ( തീത്തോസ് 2:1) എന്ന തിരുവചന പ്രകാരവും നീ എന്നിൽ നിന്ന് കേട്ടിട്ടുള്ള നല്ല പ്രബോധനങ്ങൾ, യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും നീ അനുസരിക്കുക; മാതൃകയാക്കുക 2 തിമോത്തി 1 : 13 യഥാർത്ഥ ശുശ്രൂഷകനെന്ന ശിഷ്യോത്തമൻ പത്ഥ്യവചനം വേണം പങ്കുവെയ്ക്കുവാൻ. ജനക്കൂട്ടത്തിന്റെ കാലികമായ ആവശ്യം കൊണ്ടോ, പ്രാദേശിക സഭയുടെ പ്രേരണ കൊണ്ടോ സാമ്പത്തികമായ പ്രയാസങ്ങൾ കൊണ്ടോ, ദൈവവചനത്തെ, ഉള്ളതുപോലെ അല്ലാതെ, പറയരുത്.

**18.** ഫോളോ അപ് ചെയ്യണം. നാം കർത്താവിന്റെ വചനം പ്രസംഗിച്ചാൽ എല്ലാ നഗരങ്ങളിലും തിരിച്ച് ചെന്ന്, സഹോദരങ്ങളെ സന്ദർശിച്ച് അവരെങ്ങിനെ കഴിയുന്നു എന്ന് അറിയണം (അ.പ്ര 15:36, പി.ഒ.സി. ബൈബിൾ) എന്നു പറഞ്ഞിരിക്കുന്നു. ഗൾഫ് മേഖലയിലെ ക്യാമ്പുകളിലും, കേരളത്തിലെ മലയോര ഗ്രാമങ്ങളിലെ അവികസിത പ്രദേശങ്ങളിലും, പലരും പോയി സുവിശേഷ ശുശ്രൂഷകൾക്ക് മടിക്കുന്നതിന്റെ പ്രധാന കാരണം സമയമില്ലായ്മയാണ്. രണ്ടാമത്തേത്, അവിടെ പോയി വരുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ അവിടെ വേണ്ടത്ര സംവിധാനങ്ങൾ ഇല്ല എന്നതാണ്. പക്ഷേ കർത്താവ് ആഗ്രഹിക്കുന്നതോ? നാം പോയി ശുശ്രൂഷ ചെയ്യണമെന്നാണ്. മത്തായി 10:9,10-ൽ "മടിശ്ശീലയിൽ പൊന്നും വെള്ളിയും ചെമ്പും വഴിക്ക് പൊക്കണവും രണ്ട് ഉടുപ്പും ചെരുപ്പും വടിയും കരുതരുത്." ഫോളോ അപ് ശുശ്രൂഷ എന്നത് അത്യാവശ്യം തന്നെ. അതിന് അവരുടെ ജീവിത പ്രാരാബ്ധങ്ങൾ അറിഞ്ഞുചെന്നു കാണുക. പ്രാർത്ഥിക്കുക അവർക്കുവേണ്ടി. പലർക്കും സാമ്പത്തിക സഹായങ്ങൾ വേണം. പ്രാർത്ഥന കേൾക്കുന്ന ദൈവം, ആരിലൂടെയെങ്കിലും വല്ലതും തന്നാൽ അവരെ സഹായിക്കാം, അങ്ങനെയില്ലെങ്കിൽ ശുശ്രൂഷകന്മാർ സ്വന്തം കൈയ്യിലുണ്ടെങ്കിൽ അതെടുത്തോ, ലഭിക്കുമെങ്കിൽ നീണ്ട വായ്പയായി വാങ്ങിയിട്ടോ അത്തരക്കാരുടെ അത്യാവശ്യങ്ങൾ സാധിച്ചു കൊടുക്കണം. ദൈവം നല്ല വാതിലുകൾ തുറക്കുമ്പോൾ കടം വീട്ടുകയും ചെയ്യാം.

**19.** സാധാരണ സഭാമക്കളെ പ്രാർത്ഥിക്കാൻ പ്രേരണ നല്കുന്ന നമ്മൾ തന്നെയും, പ്രാർത്ഥനയിൽ ഉറ്റിരിക്കണം. ഒരു പ്രത്യേക സമയത്തുള്ള പ്രഭാത പ്രാർത്ഥനയും പ്രദോഷ പ്രാർത്ഥനയും എന്ന മട്ടിലല്ല. വീട്ടിലോ സഭയിലോ ആരെങ്കിലും വരുമ്പോഴോ അത്യാവശ്യക്കാർ പ്രാർത്ഥിക്കാൻ വരുമ്പോഴോ അല്ല. സദാ സമയവും നാം ദൈവത്തെ സ്തുതിക്കുന്നവർ ആയിരിക്കണം. ''പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ ആത്മാവ് ഒരുക്കമുള്ളത് ജഡമോ ബലഹീനമത്രേ" (മത്തായി 26:41) പേഴ്സണൽ പ്രയറിനെയാണ് ഇവിടെ പ്രധാനമായും ഉദ്ധേശിക്കുന്നത്. ഇടവിടാതെ പ്രാർത്ഥിപ്പിൻ (1 തെസ്സ 5:17)

**20.** യേശുക്രിസ്തുവിലൂടെയുള്ള സൗജന്യ രക്ഷ (റോമ.3:24,25) അതായിരിക്കട്ടെ നമ്മുടെ പ്രസംഗവിഷയം ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു. (1 കൊറി 1.23) എന്ന് അപ്പസ്തൊലനൊപ്പം നമുക്കും പറയാൻ സാധിക്കണം. എന്നാൽ വ്യാജശുശ്രൂഷകന്മാർ നമുക്ക് ചുറ്റും ഉണ്ടായിരിക്കും. ആകർഷകവും വശ്യവും ആയ വിധത്തിൽ ലോകത്തിന്റെ വഴികളിലൂടെ ജനത്തെ നയിക്കത്തക്കവണ്ണം വെളിച്ചദൂതന്റെ വേഷത്തിൽ (2കൊറി.11.4)സാത്താൻ ശുശ്രൂഷകരെ ഇറക്കും.

# യഥാർത്ഥ ശിഷ്യത്വം

ദേവസ്യാ മുല്ലക്കരസാർ

സാത്താൻ ഒരിക്കലും പാപത്തെ പാപമായി അവതരിപ്പിക്കില്ല. രക്ഷയെ രക്ഷയായി അവതരിപ്പിക്കില്ല. വിശ്വാസസ്നാനം പ്രസംഗിപ്പിക്കുകയില്ല. സമുദായക്കാരുടെ അംഗീകാരവും, അത്തരം ജനക്കൂട്ടത്തെയും അത്തരക്കാരുടെ സ്തോത്ര ക്കാഴ്ച്ചയെയും ലക്ഷ്യം വെപ്പിക്കും സാത്താൻ. **2 പത്രോ. 2.1ൽ** **"കള്ളപ്രവാചകന്മാരും ജനത്തിന്റെ ഇടയിൽ ഉണ്ടായി രുന്നു. അങ്ങനെ നിങ്ങളുടെ ഇടയിലും ദുരുപദ്ദേഷ്ടാക്കന്മാർ ഉണ്ടാകും; അവർ നാശകരങ്ങളായ മതഭേതങ്ങളെ നുഴയിച്ച് തങ്ങളെ വിലയ്ക്കു വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞ് തങ്ങൾക്കു തന്നെ ശീഘ്രനാശം വരുത്തും. അവരുടെ ദുഷ്കാമ പ്രവർത്തികളെ പലരും അനുകരിക്കും; അവർ നിമിത്തം സത്യമാർഗ്ഗം ദുഷിക്കപ്പെടും. അവർ ദ്രവ്യാഗ്രഹത്തിൽ കൗശലവാക്കു പറഞ്ഞു നിങ്ങളെ വാണിഭമാക്കും. അവർക്കു പൂർവ്വകാലം മുതൽ ന്യായവിധി താമസിയാതെ വരുന്നു; അവരുടെ നാശം ഉറങ്ങുന്നതുമില്ല,"** എന്ന വചനം ഒക്കെ പഠിച്ച് യഥാർത്ഥ ശിഷ്യത്വത്തിന്റെ പാതയിലൂടെ മാത്രം സഞ്ചരിക്കാം.

**21.** യഥാർത്ഥ ശിഷ്യൻ ഏതാനും വർഷങ്ങൾക്കുള്ളിൽ ഗുരുവാകും. ഗുരുവാകുന്നതോടുകൂടി (ഗു=ഇരുട്ട്)ശിഷ്യന്മാരെ സംഘടിപ്പിക്കാനുള്ള വരമാകും. ആ വരം കിട്ടിയാൽ കൂട്ടുകാർക്ക് പാടാനും പ്രസംഗിക്കാനും പ്രാർത്ഥിക്കാനും അവസരം കൂടെ കൂടെ കൊടുക്കും. ഇതോടെ സഭ വളരാനും സഭാമക്കൾക്ക് കൃപ കൂടാനും ഇടയാകും.

**ശിഷ്യത്വം-നിത്യത**

ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്ത് തള്ളിക്കളയും എന്ന് യോഹ.12.31-ൽ പറഞ്ഞിരിക്കുന്നത്, സാത്താനെക്കുറിച്ചാണ്. ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കുന്നു എന്ന് യോഹന്നാൻ 16:11 ൽ പറഞ്ഞിരിക്കുന്നതും സാത്താനെപ്പറ്റിത്തന്നെയാണ്. പലപ്പോഴും സാത്താന്റെ വരവ്, വെളിച്ച ദൂതന്റെ വേഷം ധരിച്ചുകൊണ്ടാണ് (2 കൊരി11:14). ലോകത്തിന്റെ സ്വാധിനതകളാൽ നമ്മെ നിറയ്ക്കുവാനാണ് സാത്താൻ ശ്രമിക്കുന്നത്. വേദപുസ്തകത്തിൽ നാം പരിചയപ്പെടുന്ന ദൈവത്തിന്റെ വഴികൾക്കെതിരെ ഗൂഢമായി, പാപബന്ധനങ്ങ ളിൽ ഉൾപ്പെടുത്തി നമ്മെ ആത്മീയമായി തകർത്തുകളയുക എന്നതാണ് സാത്താന്റെ പദ്ധതി. മതാചാരങ്ങളെയും, പൗരോഹിത്യ പാരമ്പര്യസിദ്ധാന്ത ങ്ങളെയും നമ്മുടെ മേൽ തന്ത്രപരമായാണ് സാത്താൻ കൊണ്ടുവന്ന് വെക്കുന്നത്. മതാചാരങ്ങൾ എന്നു പറയുമ്പോൾ ,ക്രിസ്തീയ വിഭാഗങ്ങളിലെ വ്യത്യസ്ത പൗരോഹിത്യ സംവിധാനങ്ങ

(ശേഷം 26-ാം പേജിൽ)







# ബുദ്ധിയില്ലാത്ത കന്യകമാർ

പാ.ടോമിച്ചൻ, ചർച്ച് ഓഫ് ഇറ്റേണിറ്റി, കോട്ടയം

ആത്മലോകത്തിൽ, പ്രത്യേകിച്ച് ക്രിസ്തീയഗോളത്തിലെ, ബുദ്ധിശൂന്യതകളെ ചൂണ്ടിക്കാട്ടുവാനായി യേശുക്രിസ്തു പറഞ്ഞ ഒരു ഉപമയാണ് പത്തു കന്യകമാരെക്കുറിച്ചുള്ള ഉപമ (മത്താ.25:1-13). "ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ" എന്നു പറഞ്ഞ് അവസാനിപ്പിച്ചതുകൊണ്ട് കർത്താവിന്റെ മടങ്ങിവരവിനായി നോക്കിപ്പാർത്തുകൊണ്ട് സദാസമയവും ഉണർന്നിരിക്കുക എന്നതാണ് പ്രധാനപ്രമേയമെന്ന് വ്യക്തമാണ്.എന്നാൽ പരോക്ഷമായി തെളിഞ്ഞുനിൽക്കുന്ന മറ്റുപല സത്യങ്ങളും അതിൽ ഉണ്ട്. ക്രൈസ്തവമണ്ഡലത്തിൽ ഉണ്ടാകുവാൻ സാധ്യതയുള്ള ബുദ്ധിശൂന്യതയാണിതിൽ പ്രതിപാദിക്കപ്പെടുന്ന മറ്റൊരു വിഷയം. മണവാളനെ എതിരേൽക്കാൻ നിൽക്കുന്ന 5 കന്യകമാർ ബുദ്ധിയുള്ളവരാണ്, കാരണം അവർ വിളക്കോടുകൂടെ എണ്ണ കരുതിയിരുന്നു. എന്നാൽ മറ്റുള്ള 5 കന്യകമാർ ബുദ്ധിശൂന്യരാണ്,കാരണം വിളക്കോടുകൂടി "എണ്ണ എടുത്തില്ല"(മത്താ:25.4)

നാമെല്ലാവരും ഒരുപക്ഷെ യേശുക്രിസ്തുവിന്റെ മടങ്ങിവരവിനു വേണ്ടി നോക്കിപ്പാർത്തിരിക്കുന്നവരായിരിക്കാം. വചനസത്യങ്ങൾ അറിഞ്ഞു എന്നഭിമാനിക്കുന്ന നാം ഈ വചനങ്ങൾ കൂടെ മനനം ചെയ്യുന്നത് നല്ലതാണ്. ക്രിസ്ത്യനികളിൽ പലരും ബുദ്ധിശൂന്യരാണ് എന്ന് കർത്താവ് തന്നെയാണ് പറഞ്ഞത്. ശതമാനക്കണക്കു നോക്കിയാൽ 50 ശതമാനം ക്രിസ്ത്യാനികളും ബുദ്ധിശൂന്യതയോടെ പെരുമാറുന്നു എന്നാണല്ലോ ഈ ഉപമയിലൂടെ കർത്താവ് പറഞ്ഞുവയ്ക്കുന്ന സത്യം. ഈ ഉപമയിൽ എന്താണാ ബുദ്ധിശൂന്യതയെന്നും വ്യക്തമാക്കുന്നുണ്ട്. എണ്ണ കരുതാത്തതാണ് ആ ബുദ്ധിശൂന്യത. എണ്ണ പരിശുദ്ധാത്മാഭിഷേകം ആണെന്നും വിളക്ക് വിശ്വാസമാണെന്നും കന്യകമാർ എന്നാൽ വിഗ്രാഹാരാധകരല്ലാത്ത, അന്യദൈവങ്ങളിൽ നിന്നും വേർപെട്ടുവന്നവരെന്നും കരുതി നമുക്ക് മുമ്പോട്ട് പോകാം. ഇവിടുത്തെ പ്രധാന പ്രശ്നം എണ്ണയില്ലാത്തതാണ്. രണ്ടുകൂട്ടരിലും ശ്ലാഘനീയമായ ഒട്ടേറെ കാര്യങ്ങൾ ഉണ്ടെന്നതും വാസ്തവപരമാണ്. രണ്ടുകൂട്ടരും മണവാളനായി കാത്തുനിൽക്കുന്നവരാണ്. വിളക്കെടുത്തിട്ടുണ്ട്. മണവാളൻ വരുന്ന ഇടത്താണ് അവരുള്ളത്. പക്ഷെ എന്തുകൊണ്ടോ ഒരു കൂട്ടർ എണ്ണ എടുത്തില്ല. എണ്ണ ഉണ്ട് എന്ന തോന്നലിലാണവർ. ഇവിടെയാണ് ക്രിസ്ത്യനികൾ വഞ്ചിക്കപ്പെടുന്നത് എന്ന് വ്യക്തം. സഹോദരങ്ങളെ, നാം വഞ്ചിക്കപ്പെട്ടു പോകരുത്.

എണ്ണ പരിശുദ്ധാത്മാവോ പരിശുദ്ധാത്മാഭിഷേകമോ ആണെങ്കിൽ എത്രയോ ക്രിസ്ത്യാനികൾ യഥാർത്ഥ പരിശുദ്ധാത്മാനുഭവമൊ അഭിഷേകമൊ ഇല്ലാതെ ഭക്തിയുടെ ബാഹ്യരൂപം ധരിച്ച് അതിന്റെ ശക്തിയെ ത്യജിച്ച് നീങ്ങുന്ന പ്രവണത നാം കാണുന്നു. എത്ര ബുദ്ധിശൂന്യതയാണിത്. സുവിശേഷം കേട്ട് രക്ഷാനുഭവത്തിൽ വന്നവർ ആ രക്ഷാനുഭവത്തിൽ വളരുകകൂടെ വേണം (കൊളോ.2:6-7, ഫിലി.2:12). സാമാന്യ ബുദ്ധിയിലും (lack of commonsence) താഴെയുള്ളവർ എന്ന നിലയിലാണല്ലൊ ബുദ്ധിയില്ലാത്ത കന്യകമാർ എണ്ണയെടുക്കാതെ വന്നത്. ഇവിടെ മണവാളന്റെ വരവിനെ വിളിച്ചറിയിക്കുന്ന ആർപ്പുവിളിയുണ്ടായാതായി കാണാം (മത്താ.25:6). ഈ കാലഘട്ടത്തിൽ യേശുക്രിസ്തുവിന്റെ മടങ്ങിവരവിനെക്കുറിച്ച് വളരെ ശക്തമായ പ്രസംഗങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇനി എത്രയും താമസംകൂടാതെ മണവാളൻ വരും. ഉണർന്ന് വിളക്ക് കത്തിക്കുവാൻ സമയമായി. എണ്ണ കരുതിയാൽ നന്നായിരിക്കും എന്നാണ് എന്റെ അഭിപ്രായം. ബുദ്ധിയില്ലാത്ത കന്യകമാർ അവസാന നിമിഷത്തിൽ എണ്ണയ്ക്കായി പരക്കം പായുകയാണ്. ബുദ്ധിയുള്ള കന്യകമാരോട് എണ്ണ കടം ചോദിക്കുന്നു. എന്നാൽ അവർ കൊടുത്തില്ല. രക്ഷ വ്യക്തിപരമാണ് എന്ന് ഇതിനാൽ നമ്മെ കർത്താവ് ഒരിയ്ക്കൽ കൂടി ഓർമ്മപ്പെടുത്തുകയാണ്.

ക്രിസ്തീയ ഗോളത്തിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ പ്രവചനാത്മാവിൽ പൗലൊസപ്പൊസ്തലൻ പറയുന്നത് ശ്രദ്ധിക്കുക:-

"അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും

(ശേഷം 29-ാം പേജിൽ)

# യഥാർത്ഥ ശിഷ്യത്വം

## ദേവസ്യാ മുല്ലക്കരസാർ

(24-ാം പേജിൽ നിന്നും തുടർച്ച)

ളെക്കുറിച്ച് മാത്രമാണ് ഞാൻ പരാമർശിക്കുന്നതെന്ന് എഴുതിക്കൊള്ളട്ടെ. ഹിന്ദുമതാചാര ങ്ങൾ നല്ലതാണെന്നവർ പറയും. ഇന്ത്യൻ ഭരണഘടനയനുസരിച്ച് മതദ്വേഷം പാടില്ല താനും. അവരവരുടെ മതം അവരവർ ഇഷ്ടം പോലെ നടത്തിക്കൊള്ളട്ടെ. പക്ഷേ, ക്രിസ്തുവിന്റെ പേരിൽ വല്ലതും നടത്തുന്നെങ്കിൽ അത് ബൈബിളിലെ ഒറിജിനൽ ക്രിസ്തുവിന്റെ പേരിലായിരിക്കണം. ഒരുവൻ ക്രിസ്തുവിലാകാതിരിക്കാനാണ് സാത്താൻ എപ്പോഴും ശ്രമിക്കുക. അതിനവൻ പാപത്താൽ നാം വലയുവാൻ സഹായിക്കും. കുമ്പസാരം, കുർബ്ബാന, ജപമാലയും നൊവേനകളും, പെരുന്നാളുകളും, മലകയറ്റവും, സ്ലീവാപ്പാതയും, നേർച്ചക്കാഴ്ചകളും അതിനിടയ്ക്ക് ചില ചില ധ്യാനങ്ങൾ - ഇത്തരം ആത്മീയ പൊടിക്കൈകൾ ചെയ്യിപ്പിക്കുന്നത് പിശാചാണ്. ഇത്തരം സംവിധാനങ്ങളിലൂടെ കാണാതായ വസ്തു കണ്ടുകിട്ടിയേക്കാം. രോഗങ്ങൾ മാറിപ്പോയേക്കാം. ചാഴിയും പാമ്പും വിലങ്ങിയേക്കാം. വീടും പറമ്പും വിറ്റേച്ച് വാങ്ങിയേക്കാം, പക്ഷേ, നിത്യതയുണ്ടല്ലോ നിത്യത- അത് നഷ്ടമാകും. ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ് (2 കൊരി 5:17) ചില പൊടിക്കൈകളിലൂടെ മാത്രമേ ക്രിസ്തുവിലാകാൻ കഴിയൂ എന്നാണ് മതാചാരങ്ങൾ തോന്നിപ്പിക്കുക. ഏറ്റവും കടുത്തകൈ ഏതാണെന്നോ, മരണാനന്തര കർമ്മങ്ങൾ! ഇത്തരം ആചാരങ്ങൾക്ക് ഭക്തിയുടെ ലഹരി ഉള്ളതിനാലും ബിഷപ്പ്, വികാരി, കോൺവെന്റ് മദർ, കൈക്കാരന്മാർ തുടങ്ങിയവരുടെ മഹത്തായ സാന്നിദ്ധ്യം ഉള്ളതുകൊണ്ടും ആത്മീയമായ അന്ധത ഉണ്ടാക്കുവാൻ സാത്താന് നല്ല എളുപ്പവും ആണ്.

പാപവും നമ്മെ ആത്മീയ അന്ധത കൊണ്ട് നിറയ്ക്കും. പള്ളിക്കർമ്മങ്ങളാകുന്ന പാപങ്ങളാണ് മുകളിൽ എഴുതിയതെല്ലാം. സ്വന്തമായി അനുതപിച്ച്, മാനസാന്തരാനുഭവത്തിലേയ്ക്ക് ഉയർന്നല്ലാതെ പാപമോചനമില്ല. സ്വന്തമായി അനുതപിച്ചാൽ യേശു നേരിട്ട് പാപമോചനം തരും. ഒരു കൊച്ചു പാപി മറ്റൊരു വലിയ പാപിയോട് (കുമ്പസാരം) പാപങ്ങൾ ഏറ്റുപറയുന്നത് യേശുവിനെ കളിയാക്കൽ ആണ്. ഹവ്വാ, മനസ്സിൽ ദൈവവചനത്തെ അവിശ്വസിച്ചായിരുന്നു. ആ തെറ്റായ വിശ്വാസത്തിലാണ് പാപം സംഭവിച്ചത്. വചനത്തെ അവൾ അവിശ്വസിച്ചു. അതാണ് പാപം, ഇനി വചനത്തെ വിശ്വസിക്കണം. അങ്ങനെയേ പാപമോചനം ലഭിക്കൂ. എങ്ങനെയാണ് വചനത്തെ വിശ്വസിക്കുക? വചനം മാംസം ധരിച്ച (യോ 1:14) ക്രിസ്തുവിൽ വിശ്വസിക്കുക തന്നേ. യേശുക്രിസ്തുവിൽ വിശ്വസിച്ചുകൊണ്ടുമാത്രമേ പാപമോചനം ലഭിക്കൂ. പാപമോചനം ലഭിച്ചാൽ മാത്രമേ നിത്യജീവനും കാരണമാകൂ.

പരിശുദ്ധാത്മാവ് നല്കുന്ന നൽവരങ്ങളെ തെറ്റായ രീതിയിൽ ഉപയോഗിച്ചുകൊണ്ടും സാത്താൻ നമ്മെ വലയ്ക്കാം. സാത്താൻ സേവക്കാർ ഉണ്ട്. പിശാചുക്കൾ നല്കുന്ന വരങ്ങൾ അവർ ഉപയോഗിക്കും. തെറ്റായ ദർശനങ്ങളും തെറ്റായ അന്യഭാഷകളും, തെറ്റായ പ്രവചനങ്ങളും, ഒക്കെ സാത്താൻ സേവക്കാരും, നല്ല സേവക്കാർ എന്നു കരുതപ്പെടുന്നവരിൽ അഹങ്കാരസ്വഭാവമുള്ളവരും കാഴ്ചവെക്കും. സാത്താൻ സേവക്കാർ അങ്ങനെയുള്ളവർ ആണെന്നു നമുക്ക് കരുതാം. നല്ല സേവക്കാരോ?

ചിലർ തലയിൽ കൈവെച്ച് മറ്റുള്ളവരെ വീഴിക്കും. പൗരസ്ത്യമതങ്ങളിലെ ആചാരങ്ങളിൽ പിശാചുക്കളെ അയച്ച് ഇങ്ങനെ വീഴിക്കുന്ന ചില രീതികൾ ഉണ്ട്. പരിശുദ്ധാത്മാവ് ഒരിയ്ക്കലും നമ്മെ അബോധാവസ്ഥയിൽ ആക്കുകയില്ല. നിങ്ങൾ സമചിത്തതയോടെ ഉണർന്നിരിക്കുവാൻ 1 പത്രോ 5:7-ൽ കർത്താവ് പഠിപ്പിക്കുന്നു (കാത്തലിക് ബൈബിൾ). കർത്താവിന്റെ ഉറവിടങ്ങളിൽ നിന്നു മാത്രമേ ആത്മാക്കളെ സ്വീകരിക്കാവൂ. പ്രാകൃത മതങ്ങളിലെ വെളിച്ചപ്പാടന്മാരെപ്പോലെ, പ്രസംഗ പീഠങ്ങളിൽ ചാടുകയും മറിയുകയും ആരാധനാ സമയത്ത് ഓടിച്ചാടി നടന്ന് പലരുടെയും തലയിൽ കൈവെച്ച് അവർ പലർ കൂടിയോ ഒറ്റയ്ക്കോ വീഴാനുള്ള സാദ്ധ്യതകൾ ഒരുക്കുകയും ചെയ്യുന്ന മോഡൽ ഇന്ന് ചിലയിടങ്ങളിൽ പെന്തക്കോസ്ത് എന്ന് പറയാവുന്ന സ്റ്റൈലിൽ (ഇത് യതാർത്ഥ പെന്തക്കോസ്ത് സംഭവമല്ല) ഇറങ്ങിയിട്ടുണ്ട്. യോഗാ സ്റ്റൈലിലും, ഉന്മാദാവസ്ഥ സൃഷ്ടിക്കുന്ന വിധത്തിലും ചില ഇറക്കുമതികൾ ഇറങ്ങിയിട്ടുണ്ട്. നവയുഗ സർക്കാർ എന്ന് അവരെ വിളിക്കാം. വീഴുന്നതും വീഴിക്കുന്നതുമായ ഒരു അനാദ്ധ്യാത്മിക സംഭവം. പ്രാർത്ഥനയുടെ കല്പനകളാൽ സാത്താൻ വിട്ടുപോകും.

# യഥാർത്ഥ ശിഷ്യത്വം

ദേവസ്യാ മുല്ലക്കരസാർ

സംശയമില്ല. പക്ഷേ ഇതൊരു സ്റ്റൈലാക്കുന്നവരുണ്ട്. ഇത്തരം സന്ദർഭങ്ങൾ കാണുവാനും കേൾക്കുവാനും വരുന്ന ജനങ്ങൾ ഒന്നാം കാലത്തു തുടങ്ങുന്ന കയ്യടി, നാലാം കാലത്തിലേക്ക് ഉയർന്ന് അവരുംകൂടി ഇരിക്കുന്നേടത്ത് നിന്ന് ഉയർന്ന്, പാടി ആ സമയത്ത് അന്യഭാഷ കൂടി പറയുമ്പോൾ ഇത്തരം വിരുന്നുകൾ ആസ്വദിക്കുവാനും പിശാച് ആളുകളെ കൊണ്ടുവരും. യതാർത്ഥ ദൈവാത്മാവാണോ ഇവിടെ ശുശ്രൂഷകരെ നയിക്കുന്നതെന്ന്, ആലോചിച്ച് വേണം ഇത്തരം കാര്യങ്ങൾ ഞാൻ എഴുതാനും നിങ്ങൾ വായിക്കാനും.

വീഴ്ചയ്ക്ക് മുമ്പുള്ള ആദാമിന്റെ അവസ്ഥയെക്കുറിച്ച് നമുക്ക് ചിന്തിക്കേണ്ടതുണ്ട്. അവൻ അപ്പോൾ ആത്മലോകത്തെ അറിയാവുന്ന അവസ്ഥയിലായിരുന്നു. എന്നാൽ വീഴ്ചയോടെ അവൻ മരിച്ചു. മരിച്ചു എന്ന് പറഞ്ഞാൽ ആത്മമരണം സംഭവിച്ചു. അതായത്, തന്റെ ആത്മാവിനെ പറ്റിയുള്ള അവബോധം അവന് നഷ്ടപ്പെട്ടു. അഥവാ ദൈവവുമായുള്ള കൂട്ടായ്മ ആദത്തിന് നഷ്ടപ്പെട്ടു. പരിശുദ്ധാത്മാവിന്റെ സഹായത്താൽ നമുക്കും, ദൈവത്തോടുള്ള കൂട്ടായ്മ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ തിരിച്ചുലഭിക്കുക തന്നെ ചെയ്യും. തിരിച്ചുലഭിക്കുമ്പോൾ, പിതാവും പുത്രനും പരിശുദ്ധാത്മാവും ആയ ദൈവത്തെ, നമുക്കും, ആത്മാവിലും സത്യത്തിലും (യോഹ 4:23-24) ആരാധിക്കുവാൻ കഴിയും. 2 കൊരി 12-ൽ 11 പതിനാല് വർഷം മുമ്പ് മൂന്നാം സ്വർഗ്ഗം വരെ ഉയർത്തപ്പെട്ട ഒരു മനുഷ്യനെ ക്രിസ്തുവിൽ എനിക്കറിയാം. ശരീരത്തോട് കൂടെയോ ശരീരം കൂടാതെയോ എന്നെനിക്കറിയില്ല. അത് ദൈവത്തിനെ അറിയൂ. ഈ മനുഷ്യൻ പറുദീസായിലേക്ക് ഉയർത്തപ്പെട്ടു.

ഇവിടെ അപ്പോസ്തലനായ പൗലോസിന്റെ ആത്മ ശരീരമാണ് ഉയർത്തപ്പെട്ടത്- ഭൗതിക ജഡമല്ല. വെളിപാട് 1-ന്റെ 10-ൽ കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി എന്ന് നാം വായിക്കുന്നുണ്ട്. സാത്താൻ സേവ നടത്തുന്നവർക്കും, കടുത്ത മന്ത്രവാദ ബന്ധനത്തിൽ കഴിയുന്നവർക്കും കനത്ത കുർബ്ബാന -മറിയ -സെന്റ് ജോർജ് - കടമറ്റത്ത് കത്തനാർ സേവകെട്ടുകളിലകപ്പെട്ടവർക്കും ഇത്തരം ആത്മവിവശതയുണ്ടാകാറുണ്ട്.പൗലോസ് വിശുദ്ധനാകയാൽ ആത്മശരീരത്തോടുകൂടി എടുക്കപ്പെട്ടു വെങ്കിൽ , അത് ചെയ്യിച്ചത്, പരിശുദ്ധാത്മാവാണ്. ബാക്കിയൊക്കെ സാത്താന്റെ പ്രവർത്തനവും ആണ്.

എന്നാൽ സാത്താന്റെ കുതന്ത്രങ്ങളാൽ രോഗങ്ങൾ തുടർച്ചയായി വരുന്ന വ്യക്തികളും കുടുംബങ്ങളുമുണ്ട്. നിരന്തരമായ സാത്താന്യ ബന്ധംകുടുങ്ങിയ സ്ഥാപനങ്ങളും വീടുകളുമുണ്ട്. സാത്താൻ ആവസിച്ച വളർത്തു മൃഗങ്ങളും കെട്ടിടങ്ങളുമുണ്ട്. പുണ്യത്തിന്റെയും വീര്യ പ്രവർത്തിയുടെയും പരസഹായത്തിന്റെയും പേരും പറഞ്ഞ് നടക്കുന്ന സിദ്ധന്മാരും സിദ്ധകളും ഉണ്ട്. പച്ചകുത്തിയും, വേലത്തരങ്ങൾ കാണിച്ചും സുവിശേഷ വെബ്സൈറ്റുകളും സുവിശേഷപ്പത്രങ്ങളും ഡിവിഡികളും ഒക്കെ ഇറക്കുന്നവർ ഉണ്ട്. വയറ്റിപ്പിഴപ്പിന് വേണ്ടിയാണ് ഇവരിൽ പലരും ഇങ്ങനെ ചെയ്യുന്നത്. അവർ ആയിരുന്ന വീട്ടിൽ നിന്നോ സമുദായത്തിൽ നിന്നോ കയ്യിലിരിപ്പിന്റെ പ്രത്യേകതയാൽ പുറത്താക്കപ്പെട്ടപ്പോൾ പ്രതികാരവും ഇത്തരക്കാർക്കുണ്ടാകും. കൂടില്ലാ കൂടുമാറ്റം എന്നു വിളിക്കുന്ന വിധത്തിൽ, പുരഷവേഷത്തിൽ വന്ന് സ്ത്രീകളെയും സ്ത്രീവേഷത്തിൽ വന്ന് പുരുഷന്മാരേയും പതിവായി അവർ പോലും നേരിട്ടറിയാത്ത വിധത്തിൽ ശാരീരിക ലൈംഗികബന്ധം പുലർത്തുന്ന ഭയാനക സംഭവങ്ങളെ, പലതിനെയും ഞാൻ പ്രാർത്ഥിച്ച്, സാത്താന്മാരെ ഓടിച്ചിട്ടുണ്ട്. അത്തരം മനുഷ്യരെ രക്ഷിച്ചിട്ടുണ്ട്. ചില വീടുകളിലും സ്ഥാപനങ്ങളിലും വാഹനങ്ങളിലും വളർത്തു മൃഗങ്ങളിലും വളർത്തുപക്ഷികളിലുമൊക്കെ ഒളിച്ചിരിക്കുന്ന, വിട്ടുപോകാൻ മടിക്കുന്ന സാത്താന്മാരെ ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും അകമ്പടിയോടെ എന്നന്നേയ്ക്കുമായി ഓടിച്ച അനേകം സംഭവങ്ങൾ എന്റെ ആത്മീയ ജീവിതത്തിലുണ്ട്. പക്ഷേ ഭൂതങ്ങൾ കീഴടങ്ങുന്നതിൽ ആനന്ദിക്കാനൊന്നുമില്ല.

എങ്കിലും ഭൂതങ്ങൾ നിങ്ങൾക്ക് കീഴടങ്ങുന്നതിലല്ല, നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിൽ അത്രേ സന്തോഷിപ്പിൻ (ലൂക്കോസ് 10:20). പക്ഷേ "പാമ്പുകളുടെയും തേളുകളുടെയും ശത്രുവിന്റെ സകല ശക്തിയുടെയും മീതെ ചവിട്ടി നടക്കാൻ നിങ്ങൾക്ക് ഞാൻ അധികാരം തന്നിരിക്കുന്നു" എന്ന് ലൂക്കോസ് 10:19-ൽ കർത്താവ് കല്പിച്ചിട്ടുണ്ട്. അത് എന്നോടും ആണ്.

കള്ളപ്രവാചകന്മാർ ലോകത്തിലുണ്ട് (1 യോഹ 4:1) നിങ്ങൾ യഥാർത്ഥ പ്രവാചകനായി കർത്താവിന് വേണ്ടി

# യഥാർത്ഥ ശിഷ്യത്വം

## ദേവസ്യാ മുല്ലക്കരസാർ

പണിയെടുക്കണം. സാത്താനും അവന്റെ കിങ്കരന്മാർക്കുമായി നിങ്ങൾ പണിയെടുക്കരുത്. ആത്മീയപോരാട്ടത്തിൽ നേരാംവണ്ണം യുദ്ധം ചെയ്യണം. അതിന് സത്യം കൊണ്ട് അര മുറുക്കണം. നീതിയുടെ കവചം ധരിക്കണം. സുവിശേഷത്തിന്റെ ഒരുക്കമാകുന്ന പാദരക്ഷകൾ ധരിക്കണം. വിശ്വാസത്തിന്റെ പരിച എടുക്കണം. രക്ഷയുടെ പടത്തൊപ്പി അണിയണം. ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ കൂടി ധരിക്കണം. (എഫെസ്യർ 16:14-17).

ദുരുപദേശങ്ങളിലും, ലൈംഗിക പാപങ്ങളിലും, സാമ്പത്തിക വളർച്ചാ നേട്ടങ്ങളിലും, സൽപേരിന് വേണ്ടിയുള്ള നെട്ടോട്ടത്തിലും പെട്ടവരും ആഭിചാരകർമ്മങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും ദൈവവേല ചെയ്താൽ ആ വേലയെ സാത്താൻ മുതലാക്കുക തന്നെ ചെയ്യും. അത് കൊണ്ട്

1) യേശുക്രിസ്തുവിന്റെ ക്രൂശിലെ ബലിക്കും ഉത്ഥാനത്തിനും പരിശുദ്ധാത്മ നിവേശങ്ങൾക്കും പ്രാധാന്യമുള്ള ഒരു സഭയിലെ അംഗമാണോ, താങ്കൾ? അവിടെ, മാനസാന്തരപ്പെടുക - പുതുജനനം പ്രാപിക്കുക. സ്നാനപ്പെടുക, ദൈവവചനമനുസരിച്ച് ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുക - എന്നിങ്ങനെയുള്ള ഉപദേശങ്ങൾക്കാണോ പ്രാധാന്യം, അതോ മറ്റെന്തെങ്കിലും അലയൊലികൾക്കാണോ? രണ്ടാമത്തേതാണുത്തരമെങ്കിൽ നിങ്ങൾ ആ സഭയിൽ തുടരരുത് വേഗം മാറുക.

2) നിങ്ങൾ പരസ്പരം സ്നേഹിക്കുക - ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ, നിങ്ങൾക്ക് പരസ്പരം, സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയുമെന്ന് യോഹന്നാൻ 13:35-ാം വാക്യമനുസരിച്ച് നിങ്ങളുടെ സഭയിലെ ശുശ്രൂഷകന് നിങ്ങളോടും നിങ്ങൾക്കെല്ലാവർക്കും തമ്മിൽ തമ്മിലും, സ്നേഹമുണ്ടോ എന്ന് പരിശോധിക്കുക. സ്നേഹമുണ്ടെങ്കിൽ ആ സഭ കർത്താവിന്റേതാണ്.

3) അസ്സാരം പുളിമാവ് പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നതുപോലെ (ഗലാ 5:9)നിങ്ങൾ പുളിപ്പില്ലാത്തവർ ആകയാൽ പുതിയ പിണ്ഡം ആകേണ്ടതിന് പഴയ പുളിമാവിനെ നീക്കിക്കളവിൻ. (1 കൊരി 5:7)എന്നൊക്കെ അപ്പോസ്തലൻ പറയുന്നു. ദുരുപദേശമാണ് പുളിച്ചമാവ് എന്നറിഞ്ഞ്, ദുരാചാരത്തിന്റെയും, പഴയനിയമ പഠനങ്ങൾക്ക് അമിതമായ പ്രാധാന്യം കൊടുക്കലിന്റെയും, അസ്സാരവും ദുരുപദേശങ്ങളിൽ കുടുങ്ങാതിരിക്കാൻ ശ്രദ്ധിക്കുവിൻ. ക്രിസ്തുവിന്റെ കുരിശുമരണവും ഉത്ഥാനവും "വീണ്ടും വരവും" എനിക്ക് വേണ്ടിയാണെന്നും ആ ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ അവന്റെ രക്തത്താൽ പാപമോചനവും അവന്റെ ഉപദേശങ്ങൾ സ്വീകരിക്കുമ്പോൾ പരിശുദ്ധാത്മാവ് വഴി നടത്തുമെന്നും ഉള്ളതാണ് ശരിയായ ഉപദേശം. ബാക്കിയൊക്കെ പുളിമാവാണ്.

4) തിരുവചനം, അതായിരിക്കണം നമ്മുടെ ആത്മീയ ആഹാരം. ഈ ആഹാരം നന്നായി ഭക്ഷിക്കുമ്പോൾ ക്രൂശിത ജീവിതം പരുക്കനും വേദനാജനകവും ആണെന്ന് വരികിലും അത് കാര്യക്ഷമവും രക്ഷാകരവും നിത്യജീവൻ നൽകുന്നതുമാണെന്ന് ഗ്രഹിക്കുവാൻ കഴിയും.

5) യേശുക്രിസ്തുവിന്റെ രണ്ടാം വരവിനായി നാം കാത്തിരിക്കുക. "ഇതാ അവൻ മേഘങ്ങളുടെ അകമ്പടിയോടെ ആഗതനാകുന്നു. ഓരോ മിഴിയും അവിടുത്തെ കാണും. അവനെ കുത്തി മുറിവേൽപിച്ചവരും അവനെ പ്രതി മാറത്തടിച്ച് വിലപിക്കുന്ന ഭൂമിയിലെ സർവ്വ ഗോത്രങ്ങളും അവനെ ദർശിക്കും" (വെളി 1:7, പി.ഒ.സി. ബൈബിൾ) എന്ന വചനം ആ വലിയ സംഭവത്തെയാണ് ഓർപ്പിക്കുന്നത്. മത്തായി 24:30 ഇങ്ങനെയാണ്, ആകാശത്തിൽ മനുഷ്യപുത്രന്റെ അടയാളം പ്രത്യക്ഷപ്പെടും. ഭൂമിയിലെ സർവ്വ ഗോത്രങ്ങളും വിലപിക്കുകയും മനുഷ്യപുത്രൻ വാനമേഘങ്ങളിൽ ശക്തിയോടും മഹത്വത്തോടുകൂടെ വരുന്നത് കാണുകയും ചെയ്യും. അപ്പോൾ

6) യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്ക് അവന്റെ രണ്ടാമത്തെ ആഗമനത്തിൽ ശിക്ഷ ലഭിക്കും (2 തെസ്സ 1:8) ക്രിസ്തുവിൽ എല്ലാവരും പുനർജീവിക്കും. എന്നാൽ ഓരോരുത്തരും താന്താന്റെ ക്രമമനുസരിച്ചായിരിക്കും. ആദ്യഫലം ക്രിസ്തു, പിന്നെ ക്രിസ്തുവിന്റെ ആഗമനത്തിൽ അവനുള്ളവരും.(1 കൊരി 15:22,23) (കാത്തലിക് ബൈബിൾ)

7) പാപത്തെയും പിശാചിനെയും ലോകത്തെയും ദുരുപദേശങ്ങളെയും പരാജയപ്പെടുത്തി ക്രിസ്തു പഠിപ്പിച്ചതുപോലെ ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിച്ച് (യോഹ 4:24) തന്നെപ്പോലെതന്നെ തന്റെ അയൽക്കാരനെ സ്നേഹിച്ച് (മർക്കോ 12:31) സീസറിന് (കൈസർ) ഉള്ളത് സീസറിനും ദൈവത്തിന് ഉള്ളത് ദൈവത്തിനും (മർക്കോസ് 12:17) കൊടുത്ത് നമുക്ക് ജീവിച്ച് കടന്നുപോകാം.

8) അങ്ങനെ നിത്യതയിൽ നാം ക്രിസ്തുവിനോടുകൂടി പരിശുദ്ധാത്മാവിൽ നിറഞ്ഞ് പിതാവിനോട് ചേർന്ന് സദാ ആയിരിക്കും.

# ബുദ്ധിയില്ലാത്ത കന്യകമാർ

പാ.ടോമിച്ചൻ, ചർച്ച് ഓഫ് ഇറ്റേണിറ്റി, കോട്ടയം

(25-ാം പേജിൽ നിന്നും തുടർച്ച)

എന്നറിയുക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ (Lovers of pleasures more than lovers of God) ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക" (2 തിമൊ.3:1-5).

ക്രിസ്ത്യാനികളിൽ പലരും പുറമെയുള്ള കാര്യങ്ങൾ കൃതൃതയോടെ ചെയ്യുന്നതിൽ ജാഗ്രതയുള്ളവരാണ്. ദൈവശാസ്ത്രപരമായ അറിവുകൾ നേടുന്നതിലും സ്നാനം, തിരുമേശ ഇവയിൽ പങ്കു ചേരുന്നതിലും ഉൾപ്പടെ പലതിലും അതീവതല്പരരാണ്. പക്ഷേ യഥാർത്ഥ ക്രിസ്തീയതയുടെ കാമ്പിലേക്ക് കടന്നുപോകുന്നതിൽ പരാജയപ്പെട്ടു പോകുന്നു. പരിശുദ്ധാത്മാവ് അവരിൽ വന്നു എന്ന് മറ്റാരെങ്കിലും അവർക്ക് നൽകുന്ന സാക്ഷ്യപത്രമാണ് അവർക്ക് വലുത്. വിശ്വാസിയിൽ പരിശുദ്ധാത്മാവുണ്ടെങ്കിൽ അവരവർക്ക് അവിടുന്ന് ആ ബോധ്യം നൽകും (യോഹ.16:8, സെഖ.12:10, യോവേ.2:28,29). പിശാച് വഞ്ചകനാണ്; വ്യാജത്തിൽ രസംകൊണ്ട് വ്യാജത്തിൽ ആശ്രയിക്കുന്നവരെ വ്യാജത്തിന്റെ വ്യാപാരശക്തികൊണ്ട് അവൻ നിറയ്ക്കും (2 തെസ്സ.2:9-12). ക്രിസ്തീയ ഗോളത്തിൽ ഭക്തി എന്ന വ്യാജേന അവതരിപ്പിക്കപ്പെടുന്ന പലതും യഥാർത്ഥ ആത്മീയതയുമായി യാതൊരു ബന്ധവുമില്ലാത്തതാണെന്ന് നമുക്ക് തിരിച്ചറിയുവാനിടയാകും; അല്പമൊന്ന് താഴ്മയോടെ പഠിച്ചാൽ.

**പതിയിരിക്കുന്ന അപകടങ്ങൾ**

1. ക്രിസ്തു ഇല്ലാത്ത ക്രിസ്തീയസഭകൾ.
2. പരിശുദ്ധാത്മാവില്ലാത്ത അഭിഷിക്തഗണം
3. ക്രൂശെടുക്കാത്ത ക്രിസ്തീയജീവിതം
4. യഥാർത്ഥ ആത്മാവിലല്ലാത്ത ആരാധന
5. മാനസാന്തരപ്പെടാത്ത, വീണ്ടുംജനനം നടക്കാത്ത ക്രൈസ്തവികത
6. ആത്മീയദർശനമില്ലാത്ത വേലകളും വേലക്കാരും
7. ലക്ഷ്യബോധമില്ലാത്ത ശിഷ്യത്വമില്ലാത്ത ആത്മീയത
8. ആത്മാവബോധമില്ലാത്ത വിശ്വാസികൾ

ഈ പട്ടികയിൽ ഇനിയും നമുക്ക് ധാരാളം എഴുതിച്ചേർക്കുവാൻ കഴിയും. നമ്മുടെ ആത്മരക്ഷക്കു വേണ്ടിയല്ലെങ്കിൽ നാം ക്രിസ്തീയജീവിതം നയിച്ചാൽ ഭയാനകമായ നഷ്ടമാണ് നമ്മെ തേടിയെത്തുക. നാം കൈവിടപ്പെട്ടു പോയേക്കാം. നമ്മുടെ ആത്മരക്ഷയുടെ ഉറപ്പു നൽകുവാൻ ലോകത്തിൽ ഒരു ക്രിസ്തീയ നേതാവിനും ശുശ്രൂഷകനും കഴിഞ്ഞില്ലെന്നുവരാം. കാരണം അവരെല്ലാം മനുഷ്യരാണ്. നമ്മുടെ പാത്രങ്ങളിൽ എണ്ണയുണ്ടെന്ന് (കൃപയാകാം, പരിശുദ്ധാത്മാവാകാം) നാം ഉറപ്പു വരുത്തണം. ഇല്ലെങ്കിൽ വലിയ നഷ്ടം തന്നെ! ദശാംശം കൊടുത്തം ആരാധിച്ചും ഉപവസിച്ചും സുവിശേഷിച്ചും സഭായോഗങ്ങളിൽ പങ്കെടുത്തും ലോകത്തിൽ നിന്നും വേർപെട്ടും പാപത്തിൽ നിന്ന് വേർപെട്ടും നാം നടത്തുന്ന ഭക്താഭ്യാസങ്ങളുടെ യഥാർത്ഥ പ്രതിഫലം മണവാളന്റെകൂടെ പന്തിക്കിരിക്കുക എന്നതല്ലേ. ഓട്ടമത്സരത്തിൽ പങ്കെടുക്കുന്നവർ നന്നായി ഫിനിംഷിംഗ് പോയിന്റ് കൂടി കടന്നാലേ സമ്മാനം ലഭിക്കുകയുള്ളു (2 തിമൊ.4:7-8). നാം വഞ്ചിക്കപ്പെട്ടു പോകരുത്. ബരോവായിലെ ജനങ്ങളെപ്പോലെ ശരിയായ നിലയിൽ പരിശുദ്ധാത്മാസഹായത്തോടെ തിരുവെഴുത്തുകളെ പഠിക്കണം. "നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്കകൊണ്ടല്ലയോ തെറ്റിപ്പോകുന്നത്" (മർക്കോ.12:24).

"മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യനത്രേ" (സങ്കീ.49:20). സൃഷ്ടിയുടെ മകുടമായ മനുഷ്യൻ ചിന്തയിൽ ഉന്നതനായാൽ എത്ര നല്ലത്. വേദപുസ്തകം പലയിടത്തും മനുഷ്യനേക്കാൾ വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങളെ ഉയർത്തുന്നുണ്ട്. യെശയ്യാപ്രവാചകൻ പറയുന്നത് നോക്കുക:-

"ആകാശമേ കേൾക്ക; ഭൂമിയെ ചെവി തരിക; യഹോവ അരുളിച്ചെയ്യുന്നു: ഞാൻ മക്കളെ പോറ്റി വളർത്തി; അവരോ എന്നോടു, മത്സരിച്ചിരിക്കുന്നു. കാള തന്റെ ഉടയവനെയും കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയെയും അറിയുന്നു; യിസ്രായേലൊ അറിയുന്നില്ല; എന്റെ ജനം ഗ്രഹിക്കുന്നതുമില്ല" (യെശ.1:2-4).

കാളയ്ക്ക് അതിന്റെ ഉടയവനെ അറിയാം എന്ന്! ബുദ്ധിയിൽ ഏറ്റവും നിസ്സാരനെന്ന് കരുതപ്പെടുന്ന കഴുതയ്ക്ക്

# ബുദ്ധിയില്ലാത്ത കന്യകമാർ

പാ.ടോമിച്ചൻ, ചർച്ച് ഓഫ് ഇറ്റേണിറ്റി, കോട്ടയം

തന്റെ യജമാനന്റെ പുൽത്തൊട്ടി (തനിക്ക് ഭക്ഷണവും വെള്ളവും കരുതുന്നുവെന്ന് കഴുത അറിയുന്നു) അറിയുന്നു. എന്നാൽ തന്റെ ജനം തന്നെ ഗ്രഹിക്കുന്നില്ല. താൻ പറയുന്ന വഴികളിൽ നടക്കുന്നില്ല. അവർ സ്വന്ത വഴികളിൽ നടക്കുന്നു. യിരമ്യാ പ്രവാചകൻ പറയുന്നു "യഹോവ മനുഷ്യന് തന്റെ വഴിയും നടക്കുന്നവന് തന്റെ കാലടികളെ നേരെ ആക്കുന്നതും സ്വാധീനമല്ല എന്നു ഞാൻ അറിയുന്നു" (യിര.10:23).

**ചില ആത്മീയസത്യങ്ങളിലേക്ക്**

വാസ്തവത്തിൽ യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ തിരെഞ്ഞെടുത്ത് ലോകത്തിലേക്ക് അയച്ചത് ക്രിസ്തുശിഷ്യന്മാരെ വാർത്തെടുക്കുവാനാണ്, അല്ലാതെ വിശ്വാസികളെ സൃഷ്ടിക്കാനല്ല (മത്താ.28:18-20). ആർക്കും ആരെയും വിശ്വാസികളെന്ന് വിളിക്കാം. കാരണം അത്ഭുതങ്ങളും അടയാളങ്ങളും കാണുമ്പോൾ ആരും വിശ്വസിച്ചുപോകും. യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്കുന്ന അത്ഭുതങ്ങളിൽ തുടർന്ന് തുടർന്ന് പോകുമ്പോൾ അതിഭയങ്കരങ്ങളായ വിശ്വാസവും ജനിച്ചേക്കാം. എന്നാൽ ഈ വിശ്വാസം രക്ഷാകരമായ, രക്ഷിക്കുന്ന വിശ്വാസമല്ല. രക്ഷിക്കുന്ന വിശ്വാസം നിത്യജീവനായിക്കൊണ്ടുള്ള വിശ്വാസമാണ് (1 തിമൊ.1:16). കാൽവരിക്രൂശിലെ യേശുക്രിസ്തുവിന്റെ മരണം എന്റെ പാപങ്ങൾക്കുവേണ്ടിയാണെന്നും ഇനിമേൽ ഞാൻ പാപത്തിന് മരിച്ച് നാൾതോറും ക്രൂശെടുത്ത് യേശുക്രിസ്തുവിന്റെ പാതകളെ പിന്തുടരണം (ശിഷ്യത്വം) എന്നും വിശ്വസിച്ച് പ്രവർത്തിക്കുന്നവർക്കുള്ളതാണ് നിത്യജീവൻ (നിത്യത). "തന്നിൽ വിശ്വസിച്ച യഹൂദന്മാരോട് യേശു: എന്റെ വചനത്തിൽ നിലനിൽക്കുന്നുവെങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും എന്ന് പറഞ്ഞു" (യോഹ.8:31,32). ശിഷ്യത്വമില്ലാത്ത വെറും നാമമാത്രമായ ക്രിസ്ത്യാനികളെകൊണ്ട് (വിശ്വാസികൾ!) ആത്മലോകം നിറയപ്പെടുകയാണ്. ചരിത്രപുരുഷനായ ക്രിസ്തുവിനെ വിശ്വസിക്കുന്നതുകൊണ്ട് ആത്മരക്ഷ കിട്ടുമെന്നല്ല, ക്രൂശിക്കപ്പെട്ടവനായ, നമുക്കുവേണ്ടി പാപപരിഹാരയാഗമായ ക്രിസ്തുവിൽ വിശ്വസിച്ചാൽ ആത്മരക്ഷ കിട്ടും എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത് (റോമ.10:8-10). തന്നെയുമല്ല, "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു" (യോഹ.1:12). "അവകാശി സർവ്വത്തിനും യജമാനനെങ്കിലും ശിശുവായിരിക്കുന്നേടത്തോളം ദാസനെക്കാൾ ഒട്ടും വിശേഷതയുള്ളവനല്ല" (ഗലാ.4:1).

ഗുരുമുഖത്തുനിന്നും പഠിച്ചാൽ മാത്രമേ നമുക്ക് പൂർണ്ണതയുള്ള ക്രിസ്തീയജീവിതം നയിക്കാൻ കഴിയുകയുള്ളു. തിരുവെഴുത്തുകളെയും (logos) ഇടയശബ്ദത്തെയും (Rhema-spoken word, യോഹ.10:27) തിരിച്ചറിയുവാൻ കഴിഞ്ഞാൽ മാത്രമേ നമുക്ക്

**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

**വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട് (ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)**

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

**ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.**

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |

# ബുദ്ധിയില്ലാത്ത കന്യകമാർ

പാ.ടോമിച്ചൻ

ക്രിസ്തുവിനുവേണ്ടി എണ്ണയുള്ള ജീവിതം നയിക്കുവാൻ കഴിയുകയുള്ളു. യേശുക്രിസ്തു പറയുന്നു: "ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെയടുക്കൽ എത്തുന്നില്ല" (യോഹ.14:6). അനുദിന ആഹാരമായി ദൈവവചനത്തെയും പഥികന്റെ പാഥേയമായി Rhema എന്ന പരിശുദ്ധാത്മശബ്ദത്തെയും പ്രാപിക്കുവാൻ നമുക്ക് കഴിയണം.

**ദൈവത്തിന്റെ സ്വന്തജനം**

ദൈവം, അത്ഭുതങ്ങളും വീര്യപ്രവൃത്തികളും അടയാളങ്ങളും ചെയ്ത് മിസ്രയീമ്യ അടിമത്ത്വത്തിൽ നിന്ന് തന്റെ ജനത്തെ വിടുവിച്ച് കൊണ്ടുവരുമ്പോൾ തനിക്കുവേണ്ടി വേർതിരിക്കപ്പെട്ട ഒരു അനുഗൃഹീതജനമാകണം അവർ എന്ന് ആഗ്രഹിച്ചു. ബഹുദൈവവിശ്വാസത്തിലും ആത്മീയ അനാചാരങ്ങളിലും കുടുങ്ങിക്കിടന്നിരുന്ന ഈ ജനം (നാം ഓരോരുത്തരെയും പോലെ) ഇനിമേൽ തന്റെ കല്പനകൾക്കൊത്ത് ഒരു നവജനത ആകണമെന്നും അവരിലൂടെ തന്റെ മഹത്വം വെളിപ്പെടുത്തണമെന്നുമായിരുന്നു ദൈവഹിതം.

ആദാം-ഹവ്വാമാരെ സൃഷ്ടിച്ചതിന്റെ ഉദ്ദേശവും തനിക്ക് അവരിലൂടെ ഭൂമിയിൽ വാഴുവാനായിട്ടായിരുന്നു. എന്നാൽ പാപം എല്ലാ ദൈവീകപദ്ധതികളെയും തകിടം മറിച്ചു. ഇന്നും പാപത്തിന്റെ ശക്തിയാൽ പിടിക്കപ്പെടുന്നവരുടെ അപചയം അവർക്ക് ദൈവീകപദ്ധതിയിൽ വിജയകിരീട മണിയുവാൻ കഴിയുകയില്ല എന്നതു മാത്രമല്ല, അവരുടെ മാനുഷിക പദ്ധതികൾക്കകത്ത് ഒതുങ്ങിപ്പോകുന്നു എന്നുള്ളതുമാണ്. ഇവിടെ നാം നല്ലൊരു മാനസാന്തര-വീണ്ടുംജനനാനുഭവത്തിലൂടെയും നമ്മുടെ മനസ്സിന്റെ രൂപാന്തരത്തിലൂടെയും ദൈവേഷ്ടമന്വേഷിക്കണം (റോമ.12:1,2). ആദിമാതാപിതാക്കളുടെ പാപം മൂലം മാനവ രാശിയെ മുഴുവനായി നാശത്തിലേക്ക് തള്ളിവിടാമായിരുന്നു എങ്കിലും മനസ്സലിവുള്ള മഹാദൈവം, അവരെ രക്ഷിക്കുവാൻ ഒരു രക്ഷകനെ വാഗ്ദത്തം ചെയ്തു (ഉല്പ.3:15). ഇന്ന് നാം ആത്മീയഗോളത്തിൽ കാണുന്നതുപോലെ തത്വശാസ്ത്ര ങ്ങളിൽ അടിത്തറയിട്ട മതസംവിധാനങ്ങളെയല്ല ദൈവം വിഭാവനം ചെയ്തത്. മറിച്ച് പാപത്തിന്റെ അടിമത്ത്വത്തിൽ നിന്ന് നമ്മെ രക്ഷിച്ച് തന്റെ നിത്യരാജ്യത്തിലാക്കുവാൻ കഴിയുന്ന ഒരു രക്ഷകനെത്തന്നെയാണ്, കർത്താവായ യേശുക്രിസ്തുവിനെ!

വിഗ്രഹാരാധികളുടെ നടുവിൽ കഴിഞ്ഞ അബ്രഹാമിനെ വിളിച്ച് വേർതിരിച്ച് വാഗ്ദത്ത കനാൻ നൽകി തന്റെ തലമുറയിലൂടെ രക്ഷകനായ മശിഹായ്ക്കു പിറക്കുവാൻ ദൈവം സാഹചര്യമൊരുക്കി. ഒരു രാജ്യം ഒരു ജനത, അതിലൂടെ പരിശുദ്ധനായ ദൈവപുത്രൻ വന്നു പിറന്നു. അവിടുന്ന് മനവരാശിയുടെ വീണ്ടെടുപ്പിനായി കാൽവരിയിൽ യാഗമായി. മരിച്ചുയിർത്തെഴുന്നേറ്റ ക്രിസ്തു കാൽവരിയുടെ യാഗത്തിന്റെ ഫലങ്ങളായ ക്രിസ്ത്യാനികളെ വീണ്ടുംജനന-മാനസാന്തരാനുഭവത്തിലൂടെ സൃഷ്ടിക്കുവാൻ ആത്മാനുഭവ ത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്നു. ഒരു രണ്ടാം ജന്മം അഥവാ ആത്മാവിൽനിന്നുള്ള ജനനം നൽകി ഒരു നവജനത യെ തനിക്കായി വാർത്തെടുത്തുകൊണ്ടിരിക്കുന്നു (ഗലാ.3:7-9, യെശ.49:6) ഇവ വായിക്കുക.

രക്ഷിക്കപ്പെടുന്നവരെ (റോമ.10:9-10) ദൈവസഭയോട് ചേർത്ത് ''യേശുക്രിസ്തു മുഖാന്തരം ദൈവത്തിന് പ്രസാദമുള്ള ആത്മീകയാഗം കഴിപ്പാൻ തക്ക വിശുദ്ധ പുരോഹിതവർഗ്ഗമാകേണ്ടതിന് പണിയപ്പെടുന്നു'' (1 പത്രൊ.2:6). ശലൊമൊൻ ആലയം പണിതപ്പോൾ വെട്ടുകുഴിയിൽ കേട് തീർത്ത കല്ലുകളാണ് ഉപയോഗിച്ചത്. കാരണം ആലയത്തിൽ ചുറ്റിക, മറു മുതലായ യാതൊരു ഇരുമ്പായുധത്തിന്റെയും ഒച്ച കേൾപ്പിക്കാതിരിക്കണമായിരുന്നു (1 രാജാ.6:7). കേട് തീർക്കാത്ത കല്ലുകൾ പുതിയനിയമാ ലയത്തിൽ (1 തിമൊ.3:15) വന്നാൽ അവിടെവെച്ച് കേട് തീർക്കേണ്ടി വരും. ഇത് ദൈവീകപദ്ധതിയല്ല. അർത്ഥാൽ, വെട്ടുകുഴിയിൽ വെച്ച് കേട് തീർക്കണം. യേശുക്രിസ്തു വിനോട് ചേരുവാൻ സ്നാനമേൽക്കുന്നവർ പൂർണ്ണഹൃദയ ത്തോടെ വിശ്വസിക്കുന്നവരും മാനസാന്തരപ്പെട്ട് സുവിശേഷ ത്തിൽ വിശ്വസിക്കുന്നവരുമായിരിക്കണം (അപ്പൊ.2:38,39, മർക്കോ.1:15). രക്ഷയുടെ ശരിയായ മാർഗ്ഗത്തെ അവലംബി ക്കാത്തവർക്ക് ദൈവം ആവിഷ്ക്കരിച്ചിരിക്കുന്ന യഥാർത്ഥ രക്ഷ (ശാരീരിക-സാമ്പത്തിക-മാനസിക- ആത്മീയരക്ഷ) കരഗതമാകുകയില്ല.

ക്രിസ്തീയജീവിതാരംഭം യഥാർത്ഥ മനംമാറ്റത്തി ലൂടെയാണ് ആരംഭിക്കേണ്ടത് (മർക്കോ.1:15). യിസ്രായേൽ ജനതയെ യഹോവ വിടുവിച്ചെങ്കിലും അവരുടെ മനസ്സിന് മാറ്റമുണ്ടായില്ല. ആരാധനാരീതിയിലും ഭക്ഷണത്തിലും സ്വാതന്ത്ര്യ ത്തിലുമൊക്കെ പുതിയ മാറ്റങ്ങളുണ്ടായി എങ്കിലും യഥാർത്ഥത്തിൽ മിസ്രേമിലെ കാളക്കുട്ടിയെ അവർ മനസ്സുകൊണ്ട് സേവിച്ചുപോന്നു. ആധുനിക ക്രൈസ്തവ ഗോളത്തിന്റെയും പ്രശ്നം ഇവിടെയാണ് തുടരുന്നത്. മാനസാന്തരപ്പെടാതെ ഒരുവന് ദൈവരാജ്യത്തിൽ കടക്കുവാൻ

# ബുദ്ധിയില്ലാത്ത കന്യകമാർ

പാ.ടോമിച്ചൻ, ചർച്ച് ഓഫ് ഇറ്റേണിറ്റി, കോട്ടയം

കഴിയുകയില്ല. മത്സരവും പിറുപിറുപ്പും വിഗ്രഹാരാധനയും അവരുടെ ജീവിതശൈലി യായിരുന്നതുകൊണ്ട് അവർക്ക് വിശുദ്ധകനാനിൽ കടപ്പാൻ കഴിഞ്ഞില്ല (യോശുവാ, കാലെബ് ഒഴികെ) ഇത് നമുക്ക് ദൃഷ്ടാന്തമാണ്.

**യഥാർത്ഥ മാനസാന്തരം**

ആദാം-ഹവ്വാമാർ ഏദെനിൽ സ്വന്തവഴികളിൽ നടന്നുവെന്നതാണ് അവരുടെ പാപം. ദൈവത്തോടുള്ള ബന്ധത്തിൽ തന്നെ പലരും പലതും ചെയ്യുന്നതെങ്കിലും സ്വന്ത വഴികളാണ് അതെന്ന് തിരിച്ചറിയുവാൻ കഴിയുന്നില്ല. സമ്പൂർണ്ണ ദൈവഹിതം എന്തെന്ന് തിരിച്ചറിയണമെങ്കിൽ നാം മനസ്സു പുതുക്കി രൂപാന്തരപ്പെടണം (റോമ.12:1,2, അപ്പൊ.20:27,28). യേശുക്രിസ്തു വന്നത് നീതിമാന്മാരെത്തേടിയല്ല, പാപികളെ മാനസാന്തരത്തിനു വിളിപ്പാൻ തന്നെയാണ് (ലൂക്കോ.5:32). ''കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ" (മർക്കോ.1:15). മനുഷ്യന്റെ ഏറ്റവും വലിയ ശാപം സ്വന്തം പാപങ്ങളെക്കുറിച്ച് ബോധ്യം ഇല്ലാത്തതും മാനസാന്തരപ്പെടേണ്ടതുണ്ട് തനിക്ക് എന്നറിവില്ലാത്തതുമാകുന്നു. പാപം എന്നത് വിഗ്രഹാരാധന മാത്രമല്ല എല്ലാ ലംഘനങ്ങളും പാപമാണ്, എല്ലാ അകൃത്യങ്ങളും പാപമാണ് (സങ്കീ.32:5). ചുരുക്കത്തിൽ സ്വഭാവം നന്നല്ലെങ്കിൽ സ്വർഗ്ഗരാജ്യം കാണുകയില്ല. ദൈവശാസ്ത്രത്തിന്റെ പേരു പറഞ്ഞ് (പാപം ചെയ്താൽ നാം കൃപയിലേക്കാണ് വീഴുന്നത് എന്നതുപോലത്തെ ദുരുപദേശങ്ങൾ പറഞ്ഞ്) പാപത്തിനു മറ പിടിച്ചാൽ അല്ലെങ്കിൽ രക്ഷിക്കപ്പെട്ടു കഴിഞ്ഞാൽ രക്ഷ ഒരിക്കലും നഷ്ടപ്പെടില്ല, എന്നൊക്കെയുള്ള ന്യായവാദങ്ങൾ പറഞ്ഞാലും രക്ഷപെടില്ല.

മാനസാന്തരപ്പെടുവാൻ തയ്യാറുള്ളവരോട് കരുണ കാണിക്കുന്നവനാണ് നമ്മുടെ ദൈവം. "തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന് ശുഭം വരികയില്ല; അവയെ ഏറ്റുപറഞ്ഞു പേക്ഷിക്കുന്നവന് കരുണ ലഭിക്കും" (സദൃ.28:13), "എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്ന് കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും" (2 ദിന.7:14). ഈ വചനത്തിൽ യഥാർത്ഥ മാനസാന്തരം എന്താണെന്ന് പരിശുദ്ധാത്മാവ് വരച്ചുകാട്ടിയിട്ടുണ്ട്.

മനുഷ്യന്റെ ശരീരത്തിലൊ മനസ്സിലൊ എന്തെങ്കിലും മാറ്റങ്ങളുണ്ടായാൽ രോഗങ്ങളുണ്ടായാൽ എത്രയും വേഗം അവർ വിദഗ്ധ ഡോക്ടർമാരെ ക്കൊണ്ട് പരിശോധിപ്പിച്ച് കാര്യങ്ങൾ കണ്ടുപിടിച്ച് അതിന്റെ പ്രതിവിധി നോക്കും. എന്നാൽ ആത്മാവിന്റെ കുഷ്ഠം (രോഗം) നിർണ്ണയിക്കുവാനും പോകില്ല, പരിഹാരമെന്തെന്നും നോക്കില്ല. പാപം എന്ന കുഷ്ഠം ബാധിച്ചവർക്ക് പതിയെ പതിയെ സ്പർശനശക്തി നഷ്ടപ്പെടും, അവയവങ്ങൾ പതിയെ മരണത്തിലേക്ക് കടന്നു പോകും. വലിയ ഒരു അപകടമാണിവിടെ പതിയിരിക്കുന്നത്. ''പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ" (റോമ.6:23). പരിശുദ്ധാത്മാവിന്റെ ശരിയായ പ്രവർത്തനമില്ലാതെ വരുന്നിടത്താണ് പാപത്തെക്കുറിച്ച് മനുഷ്യർക്ക് ബോധ്യമില്ലാതെ വരിക. ഏറ്റവും വലിയ ദുരന്തവും ശാപവും ഇതു തന്നെ!

ഓരോരുത്തരുടെ ജീവിതത്തിലും സംഭവിക്കുന്ന ഓരോ കാര്യങ്ങളും ഓരോ പ്രതികൂലങ്ങളും ദൈവം നമ്മെ പാപത്തെക്കുറിച്ച് ബോധം വരുത്തുവാൻ ഒരുക്കുന്നതാകാം. പ്രകൃതിക്ഷോഭവും അപകടങ്ങളും അക്രമങ്ങളും സാമ്പത്തികതകർച്ചയും രോഗങ്ങളും ഒക്കെ ദൈവം നമ്മോട് സംസാരിക്കുന്ന വശങ്ങളാകാം. ഉദാഹരണത്തിന്, ലൂക്കോ.13:1,5 വാക്യങ്ങളിൽ യേശുക്രിസ്തുവിന്റെയടുക്കൽ, പീലാത്തോസ് ഗലീലിക്കാരായ ചിലരുടെ രക്തം യാഗരക്തത്തോട് ചേർത്ത സംഭവം അറിയിച്ചപ്പോൾ യേശുക്രിസ്തു പറയുന്നത് ''ആ ഗലീലക്കാർ ഇത് അനുഭവിക്കയാൽ എല്ലാ ഗലീലക്കാരിലും പാപികളായിരുന്നുവെന്ന് നിങ്ങൾക്കു തോന്നുന്നുവോ? അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങളെല്ലാവരും അങ്ങനെതന്നെ നശിച്ചുപോകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു. അല്ല ശീലോഹാമിലെ ഗോപുരം വീണ് മരിച്ചുപോയ ആ പതിനെട്ട്പേർ യെരുശലേമിൽ പാർക്കുന്ന സകല മനുഷ്യരിലും കുറ്റക്കാർ ആയിരുന്നുവെന്ന് തോന്നുന്നുവോ? അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങളെല്ലാവരും അങ്ങനെതന്നെ നശിച്ചുപോകും എന്ന് ഞാൻ നിങ്ങളോട്

# ബുദ്ധിയില്ലാത്ത കന്യകമാർ

പാ.ടോമിച്ചൻ, ചർച്ച് ഓഫ് ഇറ്റേണിറ്റി, കോട്ടയം

പറയുന്നു."

വിശ്വാസികൾ അവഗണിക്കുന്ന, നിസ്സാരമായി കരുതുന്ന ചില പാപങ്ങൾ താഴെ ചേർക്കാം. നമുക്ക് ഇതിൽ നിന്ന് മാനസാന്തരപ്പെടാം.

(ഈ ലിസ്റ്റ് അപൂർണ്ണമാണ്, ദയവായി ക്ഷമിക്കുക)

1. മത്താ.5:22- സഹോദരനോട് കോപിക്കരുത്, നിസ്സാരാ എന്ന് വിളിക്കരുത്, മൂഢാ എന്നും
2. സദൃശ.17:14, തീത്തോ.3:9, 2 തിമൊ. 2:23 - മൗഢ്യതർക്കം, കലഹം പാടില്ല
3. 1 തിമൊ.6:20, 2 തിമൊ.2:16 - വ്യർഥാലാപങ്ങൾ (vain babblings)
4. ഫിലി.4:6 - ഒന്നിനെക്കുറിച്ചും ഉത്ക്കണ്ഠപ്പെടരുത്
5. അപ്പൊ.8:23, റോമ.3:14 - കൈപ്പായിരിക്കരുത്
6. മർക്കോ.7:22 - മൂഢത, ദുഷ്ടത, ചതി, വിടക്കുകണ്ണ്, ദൂഷണം-പാടില്ല
7. യൂദാ.6:28 - ശപിക്കുന്നവരെ അനുഗ്രഹിക്കാത്തത്
8.റോമ.12:14 - പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കാത്തത്
9. മത്താ.23:16 - കുരുടന്മാരായ വഴികാട്ടികൾ
10. മത്താ.18:3 - തിരിഞ്ഞ് ശിശുക്കളെപ്പോലെ ആകാത്തത്
11. മത്താ.9:4 - ഹൃദയത്തിൽ ദോഷം നിരൂപിക്കരുത്
12. സദൃ.6:19 - സഹോദരന്മാരുടെ ഇടയിൽ വഴക്കുണ്ടാക്കരുത്
13. അപ്പൊ.22:3,22 - ദൈവമക്കളെ വെറുക്കുന്നത്
14. മത്താ.19:6 - ദൈവം യോജിപ്പിച്ചതിനെ വേർപിരിക്കരുത്
15. യേശ.13:11 - അഹങ്കരിക്കരുത്
16. മർക്കോ.3:29- പരിശുദ്ധാത്മാവിനെതിരായ ദൂഷണം
17.കൊളോ.2:12 - സ്നാനത്തിൽ നാം ക്രിസ്തുവിൽ മരിക്കാത്തത്
18.അപ്പൊ.8:36,37 - യേശുക്രിസ്തുവിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കാതെ സ്നാനമേൽക്കുന്നത്
19.അപ്പൊ.2:38,39- മാനസാന്തരപ്പെടാതെ സ്നാനമേൽക്കുന്നത്
20. മത്താ.5:14-16 - യേശുവിന്റെ വെളിച്ചം മറച്ചുവെയ്ക്കുക
21.മർക്കോ.8:38 - യേശുവനെയും തന്റെ വചനങ്ങളെയുംകുറിച്ച് നാണിക്കുക
22. യോഹ.12:42- വിശ്വസിച്ചിട്ടും പള്ളിഭ്രഷ്ടരാവാതിരിപ്പാൻ ഏറ്റുപറയാത്തത്
23.1 തിമൊ. 5:13- പര കാര്യങ്ങളിൽ അനാവശ്യമായി ഇടപെടുക
24. റോമ.12:20- ശത്രുവിന് വിശക്കുന്നുവെങ്കിൽ തിന്മാൻ കൊടുപ്പാതിരിക്കുക, ദാഹിക്കുന്നുവെങ്കിൽ കുടിപ്പാൻ കൊടുക്കാതിരിക്കുക
25. മർക്കോ.4:19- ഇഹലോകചിന്തകൾ പ്രാർത്ഥനയിൽ
26. ലൂക്കോ.8:14- സംസാരഭോഗത്തിലേർപ്പെടുക
27.1 കൊരി.3:1-3, റോമ.8:6-8 - ജഡികരായിരിക്കുക
28. ഹെബ്രാ.12:7-8 - ബാലശിക്ഷ അംഗീകരിക്കാതിരിക്കുക
29.എഫേ.6:4 - മക്കളെ പഥ്യോപദേശത്തിലും ബാലശിക്ഷയിലും പോറ്റി വളർത്താതിരിക്കുക
30.ഉല്പ.3:17 - ദൈവത്തിന്റെ വചനത്തേക്കാൾ ഭാര്യയുടെ വാക്കു കേട്ട് അനുസരിക്കുക
31. കൊളൊ.2:18-ദൈവദൂതന്മാരെ ആരാധിക്കുക
32. 2 കൊരി.12:20 - ശാഠ്യം, ഏഷണി, കുശുകുശുപ്പ്, ഈർഷ്യ
33. എഫേ.4:19 - അത്യാഗ്രഹം
34. റോമ. 1:30 - ദൈവദ്വേഷം
35. സദൃ.15:10 - ശാസനയെ വെറുക്കുക
36. സദൃ.8:33 - പ്രബോധനം ത്യജിച്ചു കളയുക
37. സങ്കീ.12:2 - ഇരുമനസ്സുണ്ടാക്കുക
38. മർക്കോ.8:17-ഹൃദയം കടുപ്പമാക്കുക
39. അപ്പൊ.28:27 - ദൈവത്തിന് നേരെ ഹൃദയം അടച്ചിരിക്കുക, ചെവി അടയ്ക്കുക, കണ്ണടയ്ക്കുക
40. സങ്കീ.28:3 - ഹൃദയത്തിൽ ദുഷ്ടത സൂക്ഷിക്കുക
41. ഫിലി.2:21 - യേശുക്രിസ്തുവിന്റെ അല്ല, സ്വന്ത കാര്യങ്ങൾ നോക്കുക
42.കൊളൊ.3:2 - ഉയരത്തിലെ കാര്യങ്ങൾ അന്വേഷിക്കാതിരിക്കുക
43.ലൂക്കോ.24:25 - വിശ്വസിക്കുന്നതിൽ മന്ദബുദ്ധികളായിരിക്കുക

ഇനിയും അനേകം പാപങ്ങളുണ്ട്. ഇവ നമ്മുടെ ബുദ്ധിയുപദേശത്തിനായി തന്നിരിക്കുന്നവയാണ്.

എല്ലാ പാപങ്ങളും നമുക്കുപേക്ഷിക്കാം. മണവാളന്റെ വരവിനായി എണ്ണയോടുകൂടെ ഒരുങ്ങാം; ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!







# വാർത്തകൾ

## ക്യൂബൻ മണ്ണിലേക്കു എൻ.ഐ. വി. ബൈബിൾ വീണ്ടും എത്തുന്നു

മിയാമി: മൂന്നു വർഷത്തെ ഇടവേളയ്ക്കു ശേഷം ക്യൂബൻ മണ്ണിലേക്കു എൻ. ഐ. വി. ബൈബിൾ വീണ്ടും എത്തുന്നു. 2018-ൽ ക്യൂബയിൽ ന്യൂ ഇൻഡിപെൻഡന്റ് പേർസൺ (എൻ. ഐ. വി.) ബൈബിളുകൾക്ക് നിരോധനം ഏർപ്പെടുത്തിയിരുന്നു. ക്യൂബൻ റിലിജിയേഴ്സ് അഫയേഴ്സ് ഡിപ്പാർട്ടുമെന്റാണ് ഇപ്പോൾ അംഗീകാരം നൽകിയിരിക്കുന്നത്. 17,000 ബൈബിളുകളാണ് ഇപ്പോൾ ക്യൂബൻ വിപ്ലവമണ്ണിൽ എത്തുന്നത്. എൻ. ഐ. വി. പ്രസാധകരുടെ പരാതിയിന്മേലാണ് ബൈബിളുകൾ എത്തിക്കുവാൻ അംഗീകാരം നൽകിയിരിക്കുന്നത്. എൻ. ഐ. വി. ബൈബിൾ ലഘുഭാഷാ പ്രയോഗമാണ് ഉപയോഗിച്ചിരിക്കുന്നത്. അതിനാൽ ജനങ്ങൾക്ക് ദൈവവചനം കൂടുതൽ സുപരിചിതമായി ഉപയോഗിക്കുവാൻ കഴിയും. എന്നാൽ കെ. ജെ. വി. ബൈബിളായിരുന്നു ഇതുവരെ ക്യൂബയിൽ പ്രസിദ്ധീകരിക്കാൻ അനുമതി നൽകിയിരുന്നത്. ജനഹൃദയങ്ങളിൽ ദൈവവചനം ശക്തമായി മുന്നേറ്റം നടത്തുവാനുള്ള അവസരം ഇപ്പോൾ തിരിച്ചുവന്നിരി ക്കുന്നുവെന്ന് ലാറ്റിൻ അമേരിക്ക ഓഫ് ബിബ്ലിക്ക എക്സിക്യൂട്ടീവ് ഡയറക്ടർ എസ്തബാൻ ഫെർണാണ്ടസ് പറയുന്നു. കമ്മ്യൂണിസ്റ്റ് രാഷ്ട്രമായ ക്യൂബയിൽ ഇപ്പോൾ 6 പേരുടെ ഇടയിൽ ഒരു ബൈബിൾ എന്ന കണക്കിൽ വിതരണം നടക്കുന്നതായും ഫെർണാണ്ടസ് പറഞ്ഞു. അനേകം ദൈവമക്കളുടെയും മിഷണറിമാരുടെയും പ്രാർത്ഥനയുടെ ഫലമാണ് പുതിയ മാറ്റത്തിനിട യാക്കിയതെന്നും അദ്ദേഹം പറയുന്നു.




കടപ്പാട്: Disciles news

### STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLY MAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara

# VBS 2018



PULINGOME



TRIVANDRUM



MUNDAKKAYAM



KOTTAYAM

ATHMABHISHEKAM MONTHLY
2018 MAY
RNI NO. KER - MAL/2003/12060

Rs.20.00

Registration No.KL/KNR/41/2016-18
Licence to post without pre payment
LICENCE NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th MAY 2018



He heals the brokenhearted
And binds up their wounds.
Psalm 147:3



ദേവസ്യാ മുല്ലക്കരസാർ
നേതൃത്വം നൽകുന്ന

# ആന്തരിക സൗഖ്യാനുഭവധ്യാനം

**കണ്ണൂർ ജില്ലയിലെ പുളിങ്ങോം**
**ആത്മാഭിഷേകം വചനാശ്രമത്തിൽ വച്ച്**

**2018 മെയ് 21 മുതൽ 25 വരെ**

**(തിങ്കൾ മുതൽ വെള്ളി വരെ)**

**9947267701**
**9446988562**
**04985213999**

**21 ന് (തിങ്കൾ ) രാവിലെ**
**10 മണി മുതൽ ആരംഭിച്ച്**
**26 (വെള്ളി ) ന് വൈകിട്ട്**
**6 മണിക്ക്**
**അവസാനിക്കുന്നു**

പൊതുവായ താമസസൗകര്യം ലഭ്യമാണ്.
പ്രത്യേക താമസസൗകര്യം ആവശ്യമുള്ളവർ മുൻകൂട്ടി അറിയിക്കുക

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod(Dt).